# അസ്സീസ്സിയിലെ
# സ്നേഹഗായകൻ



ഫൗസ്റ്റിൻ സി.

അസ്സീസി പ്രസിദ്ധീകരണങ്ങൾ M. 13

# അസ്സീസിയിലെ സ്നേഹഗായകൻ

(ചരിത്രസംഗീതനാടകം)

ST. ANTHONY'S FRIARY
ASSISI NAGAR
QUILON.

അസ്സീസി പ്രസ്, കൊല്ലം.

# ASSISIYILE SNEHAGAYAKAN

(MALAYALAM PLAY)

BY

FAUSTIN CAPUCHIN

First Impression January 1959
Copies 1000

Printed & Published at

ASSISI PRESS, QUILON.

PRICE RE. 1.00

# അസ്സീസിയിലെ സ്നേഹഗായകൻ

ഫൗസ്റ്റിൻ കപ്പൂച്ചിൻ

അസ്സീസി പ്രസ്, കൊല്ലം.

വില രൂ. 1.00

ഗ്രന്ഥകർത്താവിന്റെ കൃതികൾ:

കപ്പൂച്ചിൻ മുന്തിരിത്തോട്ടം
ചെന്നായ്ക്കളുടെ നാട്ടിലെ ഇടയപ്പെണ്ണ്
അസ്സീസിയിലെ സ്നേഹഗായകൻ

മററു് അസ്സീസി പ്രസിദ്ധീകരണങ്ങൾ:

കൊച്ചുപൂക്കൾ
ഒരമ്മ മകൾക്കയച്ച കത്തുകൾ
ഏഴകളുടെ തോഴർ
കണ്ണുനീർ
ജനനനിരോധനം
ശനിയാഴ്ചക്കുഞ്ഞേലി
ക്രിസ്തുഗീത
സൈന്യത്തെ നയിച്ച സന്യാസി
ഇതോ പാഴ്ജീവിതം?
etc.

---

*Nihil Obstat:*

FR. ANTONY DOMINIC,
ST. RAPHAEL'S SEMINARY.

*Imprimatur:*

Quilon, ✠ **Jerome,**
6—6—1958. Bishop of Quilon.

# എന്തിനു് ?

അസ്സീസിയിലെ ഫ്രാൻസീസിൻെറ ജീവിതം കലയുടേയും കവിതയുടേയും ഒരു കലവറയാണു്. വിശ്വമഹാകവിയായ ഡാൻേറ തുടങ്ങി നൂറു നൂറു കലാകാരന്മാർ അദ്ദേഹത്തിൻെറ ജീവിതത്തെ ആലേഖനം ചെയ്തിട്ടുണ്ടു്. ഇക്കഴിഞ്ഞ പത്തു വഷത്തിനകം ഒരു ഡസനോളം കൃതികൾ നമ്മുടെ മാതൃഭാഷയിൽത്തന്നെ അദ്ദേഹത്തിൻെറ ജീവിതത്തെ ആസ്പദമാക്കി വിരചിതമായിരിക്കുന്നു. അങ്ങനെ കവിതയുടെ വററാത്ത ഉറവായ ആ മഹാത്മാവിൻെറ ജീവിതദൗത്യം നാടകകലയിലൂടെ പ്രവഹിച്ചു്, ദാഹാത്തരായ നിരവധി മനുഷ്യഹൃദയങ്ങൾക്കു ശാന്തിയും സംതൃപ്തിയും നൽകുമെന്ന വിശ്വാസമാണു് ഈ സംരംഭത്തിനു് എന്നെ പ്രേരിപ്പിച്ചതു്. ഇതിനു് സരസമായ ഒരു അവതാരിക എഴുതിത്തന്ന എൻെറ ഗുരുനാഥനോടും, ഗാനങ്ങൾ രചിച്ചുതന്ന സുഹൃത്തിനോടും 'സ്നേഹഗായകനു' രൂപംകൊടുക്കുന്നതിൽ എന്നെ സഹായിച്ചിട്ടുള്ള സകലരോടും ഞാൻ കൃതജ്ഞനാണു്.

ഗ്രന്ഥകത്താവു്.

# അവതാരിക.

"നാടകാന്തം കവിത്വം" എന്ന ചൊല്ല് വളരെ പ്രസിദ്ധമാണല്ലോ. കവിയുടെ അവസാനക്കൈയാണ് നാടകനിൎമ്മാണം. നാടകരചന അത്ര ദുഷ്കരമെന്നാണ വച്ചിരിക്കുന്നതു്; ഭരതമുനിയുടെ നാട്യശാസ്ത്രമനുസരിച്ചു് അതു് ദുഷ്കരവുമാണ്. അപ്പോൾ സാഹിത്യവുമായി സാമാന്യമായ ഒരു ബന്ധം മാത്രം പുലൎത്തിപ്പോരുന്ന ഒരുവൻ എങ്ങനെയാണ് സഫലമായ ഒരു നാടകം രചിക്കുക? എങ്ങനെയാണെന്നു പറയാം.

പ്രഖ്യാതം, കല്പിതം, മിശ്രം ഇങ്ങനെ മൂന്നുതരം ഇതിവൃത്തങ്ങളെയാണ് (Themes) ഭരതമുനി നിൎദ്ദേശിക്കുന്നതു്. അവയിൽ കല്പിതമിശ്രങ്ങളിൽ കവികൎമ്മത്തിനാണ പ്രാധാന്യം. ഇതിവൃത്തം പ്രഖ്യാതമെങ്കിൽ കവികൎമ്മം പകുതിമുക്കാലും സാധിച്ചു കഴിഞ്ഞു. റവ: ഫാദർ ഫൌസ്റ്റിൻ O.F.M. Cap., "അസ്സീസിയിലെ സ്നേഹഗായകൻ" എന്ന നാടകത്തിനു സ്വീകരിച്ചിരിക്കുന്ന ഇതിവൃത്തം പ്രഖ്യാതമാണ്. ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രം ഒരു പുരാണമല്ല, ചരിത്ര വസ്തുതയാണ്—ലോകപ്രസിദ്ധമായ ചരിത്രവസ്തുതയാണ്. ആ ചരിത്രസത്യം സ്വയം കലാപരം കൂടിയാണെങ്കിൽ — സഹൃദയഹൃദയാഹ്ളാദപ്രദം കൂടിയാണെങ്കിൽ — നാടകരചനയുടെ പ്രാരംഭത്തിൽതന്നെ കവി വിജയം വരിച്ചിരിക്കയാണ്. ക്രമീകരണം, സംഭാഷണൗചിത്യം, ഭാഷ മുതലായവയിൽ കവിദത്തശ്രദ്ധനായിരുന്നു കൊണ്ടാൽമതി.

അത്ഭുതപ്രവൎത്തകനായ ഒരസാധാരണ കലാകാരനാണ് കഥാനായകനായ ഫ്രാൻസീസ്. ധരിച്ചിരുന്ന പട്ടവ

സ്ത്രങ്ങളും മററുമെല്ലാമുപേക്ഷിച്ച് "ലോകമേ തറവാട്ട തനി ക്കീച്ചെടികളും പുൽകളും പുഴക്കളും കൂടിത്തൻ കുടുംബക്കാർ" എന്ന മട്ടിൽ കുഷ്ഠരോഗിയെ കെട്ടിപ്പിടിച്ചാലിംഗനംചെയ്യും, "സ്ഥിരം ചട്ടമ്പിക"ളെങ്കിലും പട്ടിണി കിടക്കുന്ന കള്ളന്മാ ക്ക് ആഹാരം കൊണ്ടുചെന്നുകൊടുത്തും സഹോദരൻ ചെ ന്നായും സഹോദരൻ പുലിയും സഹോദരി കാക്കത്തമ്പുരാട്ടി യും മററുമായി ഉററസമ്പക്കം പുലത്തിയും സഹോദരൻ സൂ ര്യനേയും സഹോദരി ചന്ദ്രനേയും പാടിപ്പുകഴ്ത്തിയും സഹോദ രി മരണത്തെ കാത്തിരുന്നും കഴിയുന്ന ഒരു സ്നേഹഭ്രാന്തനെ ക്കാൾ വിശിഷ്ടനായ ഒരു കലാകാരൻ മററാരുണ്ട്? അലോ കസാധാരണമായ ഒരു സ്നേഹഭ്രാന്ത്! അതിൽ ജന്മിമുതലാ ളി മൂരാച്ചികളും ലക്കംലഗാനുമില്ലാത്ത തൊഴിലാളികളും പ ട്ടിണിപ്പാവങ്ങളും എന്നുവേണ്ടാ വങ്കല്യങ്കകൊങ്കന്മാരാദിയായ സ്ഥിരം ചട്ടമ്പികളും മററുമെല്ലാം മുഴുകിപ്പോകുന്നു. അഭൗ മികമായ ഒരു സ്നേഹം! ക്രിസ്തുവിൻെറ അജയ്യമായ സ്നേഹം. അത്തരം സ്നേഹസമ്പന്നനായ ഒരു വിശിഷ്ട കലാകാരൻെറ ആത്മാർത്ഥമായ ജീവിതം ഒരു നാടകത്തിൻെറ ഇതിവൃത്ത മാകുമ്പോൾ അതു് സ്വയം നാടകകലയായിപ്പരിണമിച്ചു ക ഴിഞ്ഞു. അങ്ങനെ നാടകകത്താവിനെ വിജയിപ്പിച്ചും ക ഴിഞ്ഞു.

അനുവാചകരെ അമ്പരപ്പിക്കുന്ന കഥാഘടന, കഥാ ഗാത്രത്തെ വളച്ചൊടിച്ച് അത്ഭുതകരവും വിഭ്രമജനകവുമാ യ ആനുകാലിക സംഭവങ്ങളെ കൂട്ടിയിണക്കുക, ഫലിതത്തി നുവേണ്ടി ഫലിതമെന്ന മട്ടിൽ "നേരംപോക്കും തീററിക്കൊ രുവകയുമാ"യെന്നു നടക്കുന്ന ഒന്നോ രണ്ടോ ഏമാളികളെ കെട്ടിക്കേററുക മുതലായ പരാക്രമങ്ങൾക്കൊന്നും നമ്മുടെ നാ ടകകത്താവു് മിനക്കെട്ടിട്ടില്ല. അങ്ങനെ ഇതിവൃത്തത്തിൻെറ ഗൗരവം അഭംഗുരം പാലിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞി രിക്കുന്നു. അതേസമയം അസ്വാഭാവികതകളൊന്നും കൂടാതെ

തന്നെ നാടകത്തിൽ ഫലിതം സാർവ്വത്രികമായുണ്ടുതാനും. കല്ലിൻെറ വില കൂട്ടിവാങ്ങിയ സിൽവസ്റ്റർ മുതലാളിയുടെയും വങ്കലുങ്കകൊങ്കന്മാരായ സ്ഥിരം ചട്ടമ്പികളുടെയും ജീവിതപരിവത്തനം, മനുഷ്യത്വത്തിൽ ഒട്ടുംതന്നെ അധഃപതിക്കാതെ എല്ലാത്തരക്കാരോടും ചാർളി ഒത്തിണങ്ങി നില്ക്കുന്ന വിധം, ലൂഷ്യൻെറ പന്നിയിറച്ചി ഭ്രമം, കോപിഷ്ഠനായ മാക്കോസ് ഒടുവിൽ മുക്കാലൻ പന്നിയെ ദാനം ചെയ്തും മാനസാന്തരപ്പെടുന്നതു് മുതലായ പല അംശങ്ങളും ഈ നാടകത്തിൽ ഫലിതത്തിനു വകയിരുത്തിയിട്ടുണ്ട്.

നാടകത്തിൽ പാത്രൗചിത്യം ഏററിയകൂറും സാധിക്കുന്നതു് ഭാഷകൊണ്ടാണല്ലോ. അക്കാര്യത്തിലും ഗ്രന്ഥകാരൻ അഭിനന്ദനം അർഹിക്കുന്നുണ്ട്. മനുഷ്യക്കു മനസ്സിലാകുന്ന ഭാഷതന്നെയാണു് ഇതിൽ പ്രയുക്തമായിട്ടുള്ളതു്.

ഇന്നത്തെ മിക്ക പു. സ. കവികളും നാടക രചനയിൽ വളരെ വിഷമിക്കുന്നുണ്ട്. റഷ്യയിലെ ജീവിതമാണു് അവരുടെ കൺമുന്നിലിരിക്കുന്നതു്. റഷ്യയിലാകട്ടെ പട്ടിണിയില്ല! രോഗമില്ല! ഭാര്യാഭത്തൃകലഹമില്ല! കൊള്ളക്കാരും കവച്ച്ക്കാരുമില്ല! കോഴയും കോഴിമോഷണവുമില്ല! ഒരസ്വാസ്ഥതയുമില്ല. എല്ലാം മധുരമനോഹരമനോജ്ഞ ചൈനാപോലെ സുഭിക്ഷം തന്നെ. "മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ" എന്നു പറഞ്ഞവിധമിരിക്കയാണു് റഷ്യക്കാരും ചൈനാക്കാരുമെല്ലാം. പിന്നെ അവരെപ്പററി എന്തു കവിതയെഴുതാനാണു്? എന്തു നാടകമെഴുതാനാണു്? ചുരുക്കത്തിൽ അവിടെ "ജീവിത"മേയില്ല. കാവ്യമാകട്ടെ ജീവിത നിരൂപണവുമാണു് (Poetry is the criticism of life). അങ്ങനെ ഇതിവൃത്തം കിട്ടാതെ വിഷമിക്കുന്ന കവികൾ അമ്പിളിയമ്മാവാ എനിക്കൊരു കമ്പിയയക്കാമോ? എന്നു ചോദിച്ചും പച്ചപ്പനന്തത്തയെ പിച്ചിക്കീറിയും ആരാൻെറ കണ്ണിൽ ഒരു ഞെക്കുവിളക്കുണ്ടെ

ന്നു വിളിച്ചു കൂവിയും മഹാനാടകങ്ങൾ നിർമ്മിച്ചു കൂട്ടുന്നു. ഒന്നുകൂടി വലിയ പു. സാ. കവികളാണെങ്കിൽ കത്തോലിക്കാപ്രസ്ഥാനങ്ങളുടേയും കത്തോലിക്കാപ്പൗരോഹിത്യത്തിൻേറയും നേക്കുള്ള ഒരാക്രമണത്തിനായി നാടകങ്ങൾ രചിക്കുന്നു. ഈ ഘട്ടത്തിൽ കലാസുന്ദരങ്ങളും ജീവിതപ്രതിച്ഛായകളുമായി ഉത്തമ നാടകങ്ങൾ ഏറെ ഉണ്ടാകേണ്ടതിൻെറ ആവശ്യകതയെപ്പററി പറയേണ്ടതില്ലല്ലൊ.

ലോകരക്ഷയെന്നും പറഞ്ഞു് മാർക്സിസവും ചുമന്നുകൊണ്ടു നടക്കുന്ന ഒരു കൂട്ടം ആളുകൾ നമ്മുടെയിടയിലുമുണ്ടു്. തങ്ങൾ അക്രമവും ബലപ്രയോഗവും ഉപേക്ഷിച്ചിരിക്കുന്നു എന്നു് അവർ ചിലപ്പോൾ പറയും. അപ്പോൾ അക്രമവും ബലപ്രയോഗവും അവരുടെ കൈമുതലുകളാണെണു് അവർ അറിയാതെതന്നെ സമ്മതിക്കുകയാണെന്നു് അവർ അറിയുന്നില്ല. ഈ തത്വസംഹിതയുടെ നിരത്ഥകതയേയും അപഥ്യാപ്തതയേയും ചൂണ്ടിക്കാണിക്കുകയത്രേ "ജൗളിക്കടക്കാരൻബെണ്ണദോൻ മുതലാളിയുടെ മകൻെറ" ചരിത്രം ചെയ്യുന്നതു്. മാർക്സിസ്ററുകളായ നാടക പ്രേക്ഷകക്കു പോലും അതു് പരമാവധി ബോധ്യമാകുന്നതാണു്. ഇങ്ങനെ എല്ലാപ്രകാരത്തിലും കാലത്തിൻെറ ഒരാവശ്യമായ "അസ്സീസിയിലെ സ്നേഹഗായകനു്" ഈശ്വരവിശ്വാസികളായ കേരളീയരുടെയിടയിൽ പ്രചുരമായ പ്രചാരമുണ്ടാകട്ടെ എന്നാശംസിക്കയും നാടകകത്താവിൻെറ സമുചിത പരിശ്രമത്തെ അത്യന്തം "ചരിതാത്ഥനായി" അഭിനന്ദിക്കയും ചെയ്തുകൊള്ളുന്നു.

"യജമാനനെ സേവിക്കുന്നതാണു് നല്ലതു്."

Kundara
19–5–'58

വിദ്വാൻ പീററർ ജോൺ കല്ലട

# കഥാപാത്രങ്ങൾ.

1. ഫ്രാൻസീസ് — ഉയരുവാനും വളരുവാനും ആഗ്രഹിക്കുന്ന മഹാമനസ്കനായ ഒരു യുവാവ് – ഒരു ചരിത്രപുരുഷൻ. (1192—1226)

2. പീററർ ബെർണ്ണഡോൻ—ഫ്രാൻസീസിൻെറ പിതാവും ധനികനുമായ ഒരു ജൗളിവ്യാപാരി. മകൻെറ ലൗകികാഭ്യുന്നതിക്കുവേണ്ടി പണം ചെലവിടാൻ തയാറാണ്; അതിനപ്പുറത്തേക്കു് വലിയ ശ്രദ്ധയില്ല.

3. പീക്കാമ്മ — ഫ്രാൻസീസിൻെറ മാതാവ്. പ്രഭുകുലജാതയെങ്കിലും ദൈവഭയമുള്ള ഒരു സ്ത്രീരത്നം.

4. ചാർളി—വീട്ടിലേയും വ്യാപാരശാലയിലേയും ഭൃത്യൻ, പരമശുദ്ധൻ.

5, 6. റോബട്ട്, ജൈത്സ്—ഫ്രാൻസീസിൻെറ ചങ്ങാതികൾ.

7. ബെർണ്ണാഡ് ക്വിൻറവാളി — ഫ്രാൻസീസിൻെറ മറെറാരു മിത്രം. പില്ക്കാലത്തു് അദ്ദേഹത്തിൻെറ ശിഷ്യൻ.

8. ബ്രദർ ജൂണിപ്പർ—വീരസാഹസികനായ ഒരു സന്യാസസഹോദരൻ.

9, 10, 11. വങ്കൻ, ലങ്കൻ, കൊങ്കൻ—വനചരരായ മൂന്നു കള്ളന്മാർ.

12, 13. ബ്രദർ സിൽവെസ്റ്റർ, ബ്രദർ ലീയോ—ഫ്രാൻസീസിൻെറ ശിഷ്യന്മാർ.

കൂടാതെ മെത്രാൻ, വൃദ്ധനായ വികാരിയച്ചൻ, കഷ്കനായ മാക്കോസ്, കുഷ്ഠരോഗി, യാചകൻ, രണ്ടു വഴിപോക്കർ, ഒരു വിക്കൻ എന്നീ കഥാപാത്രങ്ങളും ഉണ്ടു്.

N. B. ഗ്രന്ഥകൎത്താവിൻെറ അനുമതിയോടും ടിയാൻെറ നിർദ്ദേശങ്ങളും വ്യവസ്ഥ കളും അനുസരിച്ചും അല്ലാതെ ഈ നാടകം മുഴുവനായോ ഭാഗികമായോ പേരു മാററിയോ ആരും അഭിനയി ക്കാൻ പാടില്ല.

കഥയുടെ ദൈർഘ്യവും പാത്രങ്ങളുടെ സംഖ്യയും മൂലം ഈ നാടകം അഭിന യിക്കുന്നതിനു വിഷമം തോന്നുന്നവ ക്കു് അതു തരണംചെയ്യുന്നതിനുവേണ്ട മാൎഗ്ഗനിർദ്ദേശവും ലഭിക്കുന്നതാണു്.

മേൽവിലാസം:

**Faustin Capuchin,**
St. Anthony's Friary,
Quilon.

## രംഗം ഒന്നു്

(സ്ഥലം:—പീററർ ബർണ്ണഡോൻെറ ഭവനം. സമയം സായാഹ്നം. ഫ്രാൻസീസ് സവാരിവടി ചുഴററി ആനന്ദഭരിതനായി പാടിക്കൊണ്ടു പ്രവേശിക്കുന്നു.)

ഗാനം 1.

ഫ്രാൻസിസ്:—ഹാ! ഈ സായാഹ്നത്തിൽ അസ്സീസിനഗരവും പരിസരങ്ങളും എത്ര മനോഹരമായിരിക്കുന്നു. ഇത്ര കണ്ടഴകേറുന്ന അസ്സീസിയുടെ അരുമസന്താനമാകുന്നതിനു ഭാഗ്യമുണ്ടായതിൽ എത്ര കണ്ടു് ഞാൻ അഭിമാനം കൊള്ളണം. മാത്രമോ? (ദൂരത്തേയ്ക്കു കൈചൂണ്ടിക്കൊണ്ടു്) അക്കാണുന്ന അംബ്രിയൻ മാമലകൾ സദാ എന്നെ ഉന്നതമായ ഒരു ജീവിത ലക്ഷ്യത്തിലേക്കു് ആഹ്വാനം ചെയ്യുന്നു. അതേ, പണം സമ്പാദിക്കുക, പട്ടുവസ്ത്രങ്ങൾ അണിയുക, കുബേരനായി വിലസുക, ഇതുകൊണ്ടൊന്നും എൻെറ ഹൃദയാഭിലാഷങ്ങൾ അടങ്ങുവാൻ പോകുന്നില്ല. (നെഞ്ചിൽ കൈവച്ചുകൊണ്ടു്) ഓ! ഫ്രാൻസീസേ, ഇവയെല്ലാന്നും നിൻെറ വിശാലഹൃദയത്തെ നിറയ്ക്കുവാനോ, നിറുത്തുവാനോ സാദ്ധ്യമല്ല തന്നെ. പ്രശസ്തി —പ്രസിദ്ധി—അതാണു് നിൻെറ അഭിലാഷങ്ങളുടെ കൊട്ടമുടി. നീ വളരണം, നീ വലിയവനാകണം, നീ ഒരു നേ

താവാകണം, നീ ഒരു ജേതാവാകണം; സമുദായാന്തരീക്ഷ ത്തിൽ നീ ഒരുജ്ജ്വലതാരമായി പ്രശോഭിക്കണം.

പണം ചെലവിടണമെങ്കിൽ നിർല്ലോഭം ചെലവിടാം. സേവനത്തിൻെറ പൂവനികയിൽ രാവെന്നോ, പകലെന്നോ നിനയ്ക്കാതെ പണിയെടുക്കാം; ജീവിതം അപ്പ്ണം ചെയ്യാം. അങ്ങനെ ചാണയിലുരച്ചെട്ടുത്ത മാണിക്കംപോലെ നീ നിൻെറ നാട്ടിനും, നാട്ടാക്കും ഒരഭിമാനസ്തംഭമായി ഉയരണം. അപ്പോൾ നിൻെറ ജീവിതം സഫലമാകും.

(ഫ്രാൻസീസ് ഗാനം തുടൻുകൊണ്ടു സ്റ്റേജിൻെറ ഒരു മൂലയിലേക്കു നീങ്ങുന്നു. മറുവശത്തുനിന്നും അദ്ദേഹത്തിൻെറ സ്നേഹിതന്മാരും "അസ്സീസി ജോളി ക്ലബ്ബി"ൻെറ അംഗങ്ങളുമായ റോബട്ട്, ബണ്ണാഡ് ജെത്സ് മുതലായവർ ആവേശഭരിതരായി സംസാരിച്ചുകൊണ്ടു പ്രവേശിക്കുന്നു.)

റോബട്ട്:—(സദസ്സിലേയ്ക്കു കൈ ചൂണ്ടിക്കൊണ്ട്) എടാ! നല്ല ശേലായി. ഇവന്മാരെയൊക്കെ അടിച്ചു തല്ലി തവിട്ടുപൊടിയാക്കുകയില്ലെന്നാണോ കരുതുന്നതു്. അസ്സീസി നഗരത്തിൽ ആൺപിള്ളേരില്ലെന്നാണോ ഇവന്മാരുടെ ഭാവം!

(ഫ്രാൻസീസ് അടുത്തു വരുന്നു.)

ഫ്രാൻ:—ഇതെന്താ പൂകേ! ഇന്നീ പുകിലെല്ലാം.

റോബ:—അല്ല ഫ്രാൻസീസോ?

എല്ലാവരും:—ഗുഡ് ഈവനിംഗ് ഫ്രാൻസീസ്.

ഫ്രാൻ:—ഗുഡ് ഈവനിംഗ്.

റോബ:—അപ്പോൾ ഫ്രാൻസീസ് വിശേഷങ്ങളൊന്നും അറിഞ്ഞില്ലെന്നാണല്ലോ തോന്നുന്നതു്.

ഫ്രാൻ:—എന്താണു സംഗതി?

റോബ:—കാര്യങ്ങളൊക്കെ അല്പമൊന്നു വഷളാകുന്ന മട്ടാണു കാണുന്നതു്. പെറൂജിയാക്കാർ നമ്മോടു യുദ്ധത്തിനു വരുന്നത്രെ. നാം നേരത്തെ അടിയറപറഞ്ഞു് അവൎക്കടിമകളാകാൻ സമ്മതിക്കുന്നില്ലെങ്കിൽ, അവർ നമ്മുടെ പട്ടണം ചുട്ടെരിക്കുമെന്നു വീമ്പടിക്കുന്നു.

ബൎണ്ണാർഡ്:— എന്തിനു നാം അവരെ അധികം കുററപ്പെടുത്തുന്നു. അസ്സീസിയിലെ ചില മൂരാച്ചി പ്രഭുക്കളാണു് ഇതിൻെറയെല്ലാം ശിങ്കിടിക്കാർ. ഇവിടത്തെ പൗരുഷം നിറഞ്ഞ പൗരാവലി വളരുന്നതും, ഉയരുന്നതും കാണുന്നതിൽ അവൎക്കു കണ്ണുകടി. ഈ മൂട്ടപ്രഭുക്കന്മാരാണു് പെറൂജിയൻ സൈന്യത്തെ വിളിച്ചു വരുത്തുന്നതു്—നമ്മെ അടിച്ചമൎത്തി വച്ചുകൊണ്ടു നമ്മുടെ ചോര കുടിക്കുവാൻ.

ഫ്രാൻ:—ഇല്ല. അതു് ഒരു നാളും സാദ്ധ്യമല്ല. അസ്സീസിയിലെ ഒരു യുവാവിൻെറ എങ്കിലും സിരകളിൽ ഒരു തുള്ളി രക്തം ശേഷിക്കുന്നിടത്തോളം കാലം പെറൂജിയായുടെ ഒരു പട്ടാളക്കാരനും ഈ നഗരത്തിൻെറ കവാടത്തിനിപ്പുറത്തേയ്ക്കു കാലു വയ്ക്കുകയില്ല.

റോബ:—കാലു വയ്ക്കുകയില്ല; കാലു വച്ചാൽ പിന്നെ തല പുറത്തേക്കെടുക്കുകയില്ല.

ബൎണ്ണാ:—നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന ഈ പ്രശ്നത്തെപ്പററി നമുക്കല്പമൊന്നു ഗാഢമായി ആലോചിക്കാം. വരുവിൻ സ്നേഹിതന്മാരെ ഇരിക്കാം.

(എല്ലാവരും ഇരിക്കുന്നു.)

ജൈത്സ്:—നമ്മുടെ നേതാവായിരുന്ന സീഞ്ഞോർ പിക്കാർഡോ ശരീരാസുഖംമൂലം അസ്സീസി ജോളി ക്ലബ്ബിൻെറ പ്രസിഡൻറു സ്ഥാനം രാജി വച്ചിരിക്കുകയാണല്ലോ. അതുകൊണ്ടു് ആദ്യമായി നമുക്കൊരു പുതിയ നേതാവിനെ

തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. ഈ പ്രതിസന്ധി ഘട്ടത്തിൽ അതിനിനി താമസിക്കുവാൻ നിവൃത്തിയില്ല. നേതൃസ്ഥാനത്തേയ്ക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പേരു് ഫ്രാൻസീസ് ബെർണ്ണദോൻേറതു മാത്രമാണു്.

(എല്ലാവരും: ഹീയർ! ഹീയർ!)

അദ്ദേഹത്തെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തുകയെന്ന പ്രശ്നമേ ഉദിക്കുന്നില്ല. ഫ്രാൻസീസ് ഈ ക്ലബ്ബിൻെറ നിലനില്പിനും, അഭിവൃദ്ധിക്കുമായി ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തുലങ്ങളാണു്. കൂടാതെ അദ്ദേഹത്തെപ്പോലെ വ്യക്തിപ്രഭാവവും, മഹാമനസ്കതയും, ജനസ്വാധീനതയുമുള്ള ഒരു നേതാവിനെ കണ്ടു പിടിക്കുവാൻ നമുക്കു സാദ്ധ്യവുമല്ല. ആകയാൽ ഫ്രാൻസീസ് ബെർണ്ണദോൻ അസ്സീസി ജോളി ക്ലബ്ബിൻെറ പ്രസിഡണ്ടായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സംഗതി ഞാൻ ഔദ്യോഗികമായി പ്രഖ്യാപിച്ചു കൊള്ളുന്നു.

(എല്ലാവരും കൈയടിക്കുന്നു.)

ബെർണ്ണ:— ഫ്രാൻസീസിനെ അദ്ദേഹത്തിൻെറ ഈ സ്ഥാനലബ്ധിയിൽ ഞാൻ ഈ ക്ലബ്ബിൻെറ പേരിൽ ആത്മാർത്ഥമായി അനുമോദിക്കുന്നു. നമ്മുടെ ഈ സ്ഥാപനത്തിൻെറ ചരിത്രത്തിൽ ഇങ്ങനെ ഐകകണ്ഠ്യേനയുള്ള ഒരു തെരഞ്ഞെടുപ്പു് ഇന്നാദ്യമായാണു നടക്കുന്നതു്. അതിൻെറ കാരണം എല്ലാവർക്കുമറിയാം. ഫ്രാൻസീസ് ഈ സമാജത്തിനുവേണ്ടി ചെയ്തിട്ടുള്ള നിർവ്യാജവും, നിസ്വാർത്ഥവുമായ സേവനങ്ങളാണു് നമ്മെ ഇന്നീനിലയിലെത്തിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ വിദഗ്ദ്ധ നേതൃത്വത്തിൽ ഈ യുവജനസംഘടന ഉത്തരോത്തരം ഉൽക്കർഷത്തിലേയ്ക്കു കുതിച്ചു പായുമെന്നും, രക്തലിപികളിലും, സ്വർണ്ണലിപികളിലും ആലേഖനം ചെയ്യപ്പെടേണ്ട സേവനങ്ങൾ ഈ സംഘടന നമ്മു

ടെ മാതൃരാജ്യത്തിനു ചെയ്യുമെന്നും നമുക്കു ദൃഢനിശ്ചയമുണ്ടു്. ഇത്തരുണത്തിൽ (ഫ്രാൻസീസിൻെറ നേരേ തിരിഞ്ഞു്) അങ്ങേയ്ക്കു ഞങ്ങളോരോരുത്തരും ഞങ്ങളുടെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊള്ളുന്നു.

ഫ്രാൻ:—പ്രിയ സ്നേഹിതന്മാരെ! എന്നെ ഈ ഉന്നത പദവിയിലേക്കു് തെരഞ്ഞെടുത്തതിൽ എനിയ്ക്കുള്ള അകൈതവമായ കൃതജ്ഞത ഞാൻ സവിനയം പ്രകാശിപ്പിക്കുന്നു. ഈ ക്ലബ്ബിനും അതു വഴിയായി നമ്മുടെ മാതൃദേശത്തിനും അല്പമൊരു സേവനം ചെയ്യുവാൻ ഒരവസരം ലഭിച്ചതിൽ എനിക്കു അതിയായ ചാരിതാർത്ഥ്യമുണ്ടു്. സേവനമാണു് നമ്മുടെ ആദർശം. സേവനം വഴിയായി സമുദായത്തെ സമുദ്ധരിക്കുക—അഭിവൃദ്ധിയിൽനിന്നും അഭിവൃദ്ധിയിലേയ്ക്കാനയിക്കുക—അങ്ങനെയാണു് നാം നമ്മുടെ ജീവിതത്തെ സഫലമാക്കേണ്ടതു്. സമുദായം ഉയരുന്നതോടുകൂടി അതിൻെറ ഘടകങ്ങളായ വ്യക്തികളും അതായതു്, നമ്മളോരോരുത്തരും ഉയരും. വ്യക്തികളെ ഉദ്ധരിക്കാതെ സമുദായത്തെ ഉയത്തുകയെന്നു പറയുന്നതു് നിരത്ഥകമാണു്. ഈ ലക്ഷ്യത്തെ ലാക്കാക്കി നമുക്കു പ്രവത്തിക്കാം; പോരാടാം. നിങ്ങളുടെ സഹകരണത്തിൽ ഞാൻ വിശ്വാസം അപ്പിക്കുന്നു. നിങ്ങൾക്കുവേണ്ടി എൻെറ ജീവിതത്തേയും കഴിവുകളേയും ഞാൻ ഉഴിഞ്ഞു വയ്ക്കുകയും ചെയ്യുന്നു, നമസ്കാരം സ്നേഹിതന്മാരെ! നമസ്കാരം മാതൃനഗരമേ!

(എല്ലാവരും കൈ അടിക്കുന്നു,)

ഫ്റാൻ:—സ്നേഹിതന്മാരെ! ഈ സുദിനത്തിൻെറ സ്മരണയ്ക്കായി നമുക്കല്പമൊന്നു പാനം ചെയ്യാം.

(Calling bell അടിക്കുന്നു. പരിചാരകൻ പ്രവേശിക്കുന്നു.)

ഫ്രാൻ:—ചാർളി, രണ്ടുകുപ്പി വൈനും, കേക്കും കൊണ്ടു വരിക.

(പരിചാരകൻ ഗ്ലാസ്സുകൾ, കുപ്പികൾ മുതലായവ മേശപ്പുറത്തു നിരത്തുന്നു.)

ചാർളി:—(സ്വഗതം) ബർണ്ണദോൻ മുതലാളിയുടെ മകൻ ഫ്റാൻസ്സീസിനെയല്ലാതെ വേറെ വല്ല തെരുവു തെണ്ടികളേയും പിടിച്ചു പ്രസിഡണ്ടാക്കിയാൽ വീഞ്ഞും കേക്കും കിട്ടുകയില്ലെന്നു ഈ കൊച്ചു മിടുക്കന്മാക്കറിയാം.

ബർണ്ണ:—ചാർളി, നിൻെറ കൊച്ചെജമാനൻ പ്രസിഡണ്ടായ ദിവസമല്ലേ. നീ എന്തെങ്കിലുമൊരു പരിപാടി നടത്തണം.

ഫ്രാൻ:—ആട്ടെ ചാർളി, ഒരു അരക്കൈ കാണട്ടെ. നന്നായിരുന്നാൽ ഈ കുപ്പി (കുപ്പി ഉയത്തുന്നു) നിനക്കാണ്.

ചാർളി:—അതേയതേ, കുപ്പിയും കോപ്പയുമെല്ലാം എനിക്കു തന്നെയാ. അതിൻെറ മൂട്ടിൽ വല്ല മട്ടുമുണ്ടോയെന്നു ഭൂതക്കണ്ണാടി വച്ചു നോക്കണം. ഏതായാലും ഞാനൊന്നൊരുങ്ങി വരട്ടെ.

(ചാർളി പോകുന്നു. ഫ്രാൻസീസ് സ്നേഹിതന്മാക്കു വീഞ്ഞു പകന്നു കൊടുത്തു് കുടിക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്നു. ചാർളി പലനിറത്തിലുള്ള വിദൂഷക വേഷമണിഞ്ഞു് ഒരു ഫിഡിലുമായി വന്നു്, പാടി നൃത്തം വയ്ക്കുന്നു. ഫ്രാൻസീസും കൂട്ടുകാരും പാട്ടുകയും താളമടിച്ചു് രസിക്കുകയും ചെയ്യുന്നു.)

ഗാനം 2

റോബ:— (ലഹരിപിടിച്ചസ്വരത്തിൽ) മരിയറെററ! പ്രിയേ! പ്രേമസവ്വസ്വമേ! നിൻെറ പവിഴാധരങ്ങളെ പ്രാത്ഥിച്ചുകൊണ്ടു ഞാൻ ഈ പാനപാത്രം ചും,........

ഫ്രാൻ:— (പെട്ടെന്നു ഗൌരവത്തോടെ എഴുന്നേററു്) സ്നേഹിതാ ദയവുചെയ്തു അതു നിറുത്തണം. ഈ ക്ലബ്ബിൻെറ അംഗങ്ങൾക്കു് ഉന്നതമായ ഒരു സാംസ്കാരികനിലവാരം

ഉണ്ടായിരിക്കേണ്ടതു ക്ലബ്ബിന്റെ സല്പേരിനും നമ്മുടെ ലക്ഷ്യപ്രാപ്തിക്കും അവശ്യം ആവശ്യമാണ്. വീഞ്ഞിന്റെ വീര്യത്തേയും, വികാരങ്ങളുടെ വിജൃംഭണത്തേയും നിയന്ത്രിക്കാനാവാത്ത ഒരു കൂട്ടം ചെറുപ്പക്കാരാണു നാമെങ്കിൽ നമ്മുടെ സംഘടന നാടിനു ഗുണത്തേക്കാൾ നാശമായിരിക്കും ചെയ്യുന്നതു്. ധാർമ്മികമൂല്യങ്ങളിൽ അടിയുറച്ച ഒരു പ്രവർത്തനപഥത്തിലൂടെ മുന്നേറുന്നതിനു ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

ബർ:— (എഴുന്നേറ്റു്) ഫ്രാൻസീസിന്റെ അഭിപ്രായത്തോടു ഞങ്ങൾ യോജിക്കുന്നു. അനുഗമ്യയോഗ്യമായ ഈ ആഹ്വാനത്തെ ഞങ്ങളാദരിക്കുന്നു.

ഫ്റാൻ:—സ്നേഹിതന്മാരേ, സമയം അതിക്രമിച്ചിരിക്കുന്നു. നമുക്കിനിപ്പോയി പെറൂജിയൻ സൈന്യത്തെ നേരിടുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്യാം.

(എല്ലാവരും എഴുന്നേൽക്കുന്നു.)

ബർ:—നമ്മുടെ അഭിനവനേതാവായ ഫ്രാൻസീസ് ബർണ്ണദോൻ കീ.........

എല്ലാവരും:—ജയ്

ബർ:—അസ്സീസി നഗരം

എല്ലാവരും:—സിന്ദാബാദ്!

ബർ:—പെറൂജിയാ.

എല്ലാവരും:—തുലയട്ടെ!

(മുദ്രാവാക്യങ്ങൾ ആവർത്തിച്ചുകൊണ്ടു് എല്ലാവരും പോകുന്നു.)

കർട്ടൻ.

## രംഗം രണ്ട്

(ജയിൽ—ഫ്രാൻസീസ് ഒരു മൂലയിൽ ചിന്താമഗ്നനായി ഉലാത്തുന്നു. റോബർട്ടും, ജെയിംസും ഒരു ബഞ്ചിലിരുന്നു ശണ്ഠകൂട്ടുന്നു.)

ജെയിംസ്:—അമ്പടാ! തടിമാടാ! തനിക്കു ലജ്ജയില്ലേ? വലിയ വീരവാദവും മുഴക്കി അയാൾ സമരത്തിനിറങ്ങി. ഇപ്പോൾ കണ്ടില്ലേ, മൂട്ടകടിയുംകൊണ്ട് മുതുമൂങ്ങാ പോലെ ചൊറിയുംകുത്തി ജയിലിലിരിക്കുന്നു.

റോബർട്ട്:—എടോ അധികം ചവയ്ക്കാതെ. അവിടെ അടങ്ങിയിരുന്നില്ലെങ്കിൽ ഒരു മൂട്ടയെപ്പോലെ, തന്നെ ഞാൻ തിരുമ്മിപ്പൊടിക്കും.

ജെയിംസ്:—ചുമ്മാതെയല്ല പണ്ടാരോ പാടിയിരിക്കുന്നത്. "പൊണ്ണത്തടിയനെ എന്തിനു കൊള്ളാം. വലിയ പുരയ്ക്കൊരു തൂണിനു കൊള്ളാം." പോരെങ്കിൽ മൂട്ടയെ കൊല്ലാനും കൊള്ളാം.

റോബ:—(എഴുന്നേററു മുഷ്ടിചുരുട്ടിക്കൊണ്ട്) ഇയാളെൻെറ തടിയുടെ ചൂട്ട് ഒന്നറിഞ്ഞിട്ടേ അടങ്ങുകയുള്ളു.

(ഫ്രാൻസീസ് പാടിക്കൊണ്ട് അവരുടെ ഇടയ്ക്കു വന്നുനില്ക്കുന്നു.)

ഗാനം 3.

ഫ്രാൻ:—(പല്ലവി മാത്രം പാടി നിറുത്തുന്നു). കുട്ടുകാരെ, നിങ്ങൾ ശണ്ടകൂടാതെ സമാധാനമായിരുന്നാൽ ഞാനൊരു നല്ല പാട്ടുപാടാം.

റോബ:—(ഫ്റാൻസീസിനോട്ട്) എടോ, തൻെറ പിരി ഇളകിപ്പോയോ? ഭ്രാന്തന്മാരല്ലാതെ മററു വല്ലവരും ജയിലിൽ കിടന്നു പാട്ടുമോ?

ഫ്രാൻ:—അതു നമുക്കിപ്പോൾ അറിയാം. എന്നാൽ ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. ജയിലിൽ ഈ ദുരിതങ്ങൾ അനുഭവിക്കുന്നതിനു പുറമേ, തമ്മിൽ തലതല്ലിക്കീറുന്നതു് സുബുദ്ധിയാണെന്നു് എൻെറ സ്നേഹിതന്മാർ വാദിക്കുമോ?

റോബ:—അതു ശരിയാണു്. എങ്കിലും ഇയാളുടെ ഈ കുത്തുവാക്കുകൾ കേട്ടുകൊണ്ടു് എത്രനേരം കുത്തിയിരിക്കും.

ഫ്റാൻ.—പൊന്നു ജൈത്സു്, ദയവുചെയ്തു അതെല്ലാം ഒന്നു നിത്തണം.

ജൈത്സു്:—(റോബർട്ടിനെ ചൂണ്ടിക്കൊണ്ടു്) ഇയാളല്ലേ നാം യുദ്ധത്തിൽ തോല്ക്കുന്നതിനും ജയിൽവാസമനുഭവിക്കുന്നതിനും കാരണം? വലിയ സൈന്യവും മററും വരുമ്പോൾ കുറെ കരുതലോടെ നേരിടണം. അല്ലാതെ റോബെട്ട് ചെയ്തതുപോലെ കുറച്ചു തടിയുണ്ടെന്നു കരുതി ഇടം വലം നോക്കാതെ ഓടിച്ചെന്നു ശത്രുവിൻെറ വായിൽ ചാട്ടുകയാണോ വേണ്ടതു്?

ഫ്രാൻ:—പക്ഷെ നാം യുദ്ധത്തിനിറങ്ങിയതു് ആദ്യമായിട്ടല്ലെ? ജന്മനാടിനോട്ടുള്ള കൂറുകൊണ്ടെന്നല്ലാതെ, പെറൂജിയരെപ്പോലെ സമരതന്ത്രങ്ങൾ പഠിച്ചിട്ടാണോ നാം

പടക്കളത്തിലിറങ്ങിയതു്? അതുകൊണ്ടു് ഈ അമിളി പററി പ്പോയി. ഇന്നത്തെ പരാജയം നാളത്തെ വിജയത്തിൻെറ നാന്ദിയാണു്.

റോബ:—ആ ചെകുത്താന്മാർ കുണ്ടിലും, കുഴിയിലും ഒളിച്ചിരുന്നു് ഓൿാപ്പുറത്തു് നമ്മുടെമേൽ അലച്ചു വീഴമെന്നു് ഞാൻ കരുതിയോ? ആണത്തത്തോടെ അവർ നേരേ നേരേ നിന്നു പൊരുതട്ടെ. അപ്പോൾ കാണാം ഈ റോബട്ടിൻെറ കരബലം! (മുഷ്ടിചുരുട്ടുന്നു) ഇതു് ഇരുമ്പാണോ ഉരുക്കാണോ എന്നു് അപ്പോഴറിയാം.

ജൈത്സ്:—ജയിലിൻെറ ഭിത്തിയിൽ മാന്തിനോക്കുക, അപ്പോഴറിയാം; ഇരുമ്പാണോ തുരുമ്പാണോ എന്നു്. അറിയാൻ മേലെങ്കിൽ അറിവുള്ളവർ പറയുന്നതു കേട്ടു് ആലോചനാപൂർവ്വം നടന്നിരുന്നെങ്കിൽ നമ്മുടെ സമരം വിജകരമായി പര്യവസാനിക്കുമായിരുന്നു.

ഫ്രാൻ:—സമരമൊരിക്കലും അവസാനിക്കാൻ പോകുന്നില്ല. ജയിലിലായാലും, തെരുവിലായാലും, കുടിലിലായാലും, കൊട്ടാരത്തിലായാലും നാം സമരം നേരിടണം. ഇതാ കാണുന്നില്ലേ ഇവിടെ നടക്കുന്നതും. ഒരു വിധത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ, സമരം മനുഷ്യജീവിതത്തിൽ നിന്നു വേർതിരിപ്പാനാകാത്ത ഒന്നാണു്. അതു ധൈര്യപൂർവം നേരിടുന്നവനു്—പരാജയത്തെത്തന്നെയും ധൈര്യപൂർവം നേരിടുന്നവനു് എല്ലാം വിജയമാണു്. അതാണു് വിജയത്തിൻെറ രഹസ്യം. ഇന്നീ ദുരവസ്ഥയെ ധൈര്യപൂർവം നേരിടുന്നതു് നാളത്തെ സന്തോഷത്തെ നേരിടുന്നതിനുള്ള ഒരുക്കമായിരിക്കും. അതുകൊണ്ടു്. ... ... ...

(ഗാനം 3 തുടരുന്നു. എല്ലാവരും ചേൎന്ന് പാടിയവസാനിപ്പി ക്കുന്നു. അണിയറയിൽ രാജദൂതന്റെ പെരുമ്പറമുഴങ്ങുന്നു. അതിനു ശേഷം വിളംബരം കേൾക്കുന്നു "അസ്സീസി നഗരം പെറൂജിയായുമായി സന്ധിക്കു് ഒപ്പുവച്ചുകഴിഞ്ഞു. ഇരുപക്ഷത്തേയും തടവുകാർ ഉടൻ തന്നെ വിമുക്തരാകുന്നതാണു്." തടവുകാർ ആഹ്ലാദിക്കുന്നു.)

കർട്ടൻ.

## രംഗം മൂന്ന്

(പീററർ ബണ്ണദോൻെറ ജൗളിക്കട. ക്ലാക്ക് കണക്കെഴതിക്കൊണ്ടിരിക്കുന്നു. ഭൃത്യൻ അലമാരകൾ തുടച്ചുകൊണ്ട നില്ലന്നു. മാനേജരുടെ മേശയും, കസേരയും ഒരു ഭാഗത്തു കാണാം.)

ക്ലാക്ക്:—എടോ! തന്നെ ഏല്പിച്ചിരുന്ന ആ എഴുത്തു് കൊണ്ടുചെന്നു കൊട്ടത്തോ? (ഭൃത്യൻ ശ്രദ്ധിക്കുന്നില്ല) നീ എന്താടാ മിണ്ടാത്തതു്? വായിൽ വല്ല അമിട്ടുകുററിയും തിരുകിയിരിക്കുകയാണോ? എടാ! ശവമേ! തൻെറ മുഖവാരം ഇങ്ങോട്ടൊന്നു തിരിക്കെടാ.

ഭൃത്യൻ:—ഓ! എന്നോടായിരുന്നോ ഈ കഥനാവെടികളെല്ലാം. അതിനിടക്കു ചില പുതിയ ബിരുദങ്ങളെല്ലാം കേട്ടല്ലോ. അമിട്ടുകായെന്നോ, "ശഭ"മെന്നോ ഒക്കെ. ഇതൊക്കെ പുതിയ ഇറക്കുമതി ചരക്കാണോ? അതോ നമ്മുടെ പോക്കറെറഡിഷൻ 'പട്ട്ണിക്കു' വല്ലതുമാണോ!

ക്ലാർ:—എടാ! നിൻെറ സാഹിത്യമൊന്നും ഇങ്ങോട്ടു വിളമ്പെണ്ടാ. ചോദിച്ചതിനുത്തരം പറയുന്നുണ്ടോ?

ഭൃത്യ:—ഏമാനിന്നെന്താ ഇത്ര കാലത്തെ ഈ പന്തി കേടു്?

ക്ലാർ:—(ഉച്ചത്തിൽ) എഴുത്തിൻെറ കാര്യമാ ചോദിച്ചതു്.

ഭൃത്യ:—ഹോ ഹോ! ഹാ ഹാ! അതാണോ! അത്രേയുള്ളോ സംഗതി. അതിവിടെ എവിടെയോ കിടക്കുന്നതു് കണ്ടല്ലോ. ഈ പിള്ളേരു (സദസ്സിലേക്കു നോക്കികൊണ്ടു്) വല്ലവരും പട്ടമുണ്ടാക്കാനോ, മിഠായി പൊതിയാനോ എടുത്തുകൊണ്ടു പോയിട്ടില്ലെങ്കിൽ അതിവിടെത്തന്നെ കാണും. അതേപ്പററി ഏമാൻ കാലത്തെ ഇത്ര അരിശപ്പെടുന്നതിനും, വ്യാകുലപ്പെടുന്നതിനും തക്ക കാരണമൊന്നുമില്ല.

ക്ലാർ:—എടാ ധിക്കാരി, (മുഷ്ടിചുരുട്ടിക്കൊണ്ടു് അടുത്തുവരുന്നു.) ഉടനെതന്നെ കൊണ്ടുചെന്നു കൊടുക്കാൻ പറഞ്ഞ എഴുത്തു നീ—നിൻെറ എല്ലു ഞാൻ സൂപ്പാക്കുന്നുണ്ടു്.

ഭൃത്യ:—(ധൈര്യമായി നിന്നുകൊണ്ടു്) ഈ എല്ലു കുറച്ചു മൂത്തതാ. ഈ ശരീരം തുമ്പാകൊണ്ടും, കുന്താലികൊണ്ടും വേലചെയ്തു തഴമ്പിച്ചതും മസിലുവെച്ചതുമാ. ആ പേനാ പിടിക്കുന്ന കൈ ഇതിലൊന്നുരച്ചു നോക്കിയാൽ പിന്നെ നൊമ്പരം കൊണ്ടു കരയേണ്ടി വരും.

ക്ലാർ:—(പല്ലു കടിച്ചുകൊണ്ടു്) അത്രയ്ക്കായോ വേലക്കാർ (പോയിരിക്കുന്നു.) നിന്നെ ഞാൻ പഠിപ്പിച്ചേക്കാം.

ഭൃത്യ:—(ചിരിച്ചുകൊണ്ടു് അടുത്തു ചെല്ലുന്നു.) അല്ലാ! സാറു പിണങ്ങിക്കളഞ്ഞോ. രാവിലത്തെ കുളിരു മാററാൻ ഞാൻ ഒരു കളി പറഞ്ഞതല്ലേ. നമ്മുടെ പെണ്ടാട്ടിയ്ക്കുള്ള കത്തല്ലായിരുന്നോ അതു്. അതു ഞാനപ്പഴെ കൊണ്ടുചെന്നു കൊടുത്തു. അവരതു കണ്ടയുടനെ എന്നോടു പിടിച്ചു പറിച്ചു പഞ്ചാരപോലെ വായിച്ചു.

ക്ലാർ:—ഹാ! ആശ്വാസമായി. ഞാൻ വിചാരിച്ചു പോയി, താനതു എവിടെയോ കളഞ്ഞെന്നു്; വല്ലവരും എടുത്തു വായിച്ചാൽ.........

ഭൃത്യ:—സാറിന്നു സാറിൻെറ പെണ്ടാട്ടിയുടെ എഴുത്തിനെക്കുറിച്ചുള്ള വെപ്രാളം. എനിക്കു ഇന്നെൻെറ കൊച്ചെജമാനൻ കടയിലേക്കു വരുമെന്നുള്ള ആഹ്ലാദം.

ക്ലാർ:—എന്തു്? ഫ്രാൻസീസ് ഇന്നു കടയിലേക്കു വരുമോ? ഫ്രാൻസീസിൻെറ സുഖക്കേടെല്ലാം ഭേദമായോ?

ഭൃത്യ:—ഏറെക്കുറെ സുഖമായി. പുറത്തിറങ്ങി നടക്കാൻ തുടങ്ങി, എങ്കിലും ഞാനോത്തുപോകയാ. ആ കണ്ണിച്ചോരയില്ലാത്ത പെറൂജ്യാക്കാരു കാണിച്ച അക്രമമേ! എങ്ങനെയിരുന്ന തങ്കക്കുടമായിരുന്നു എൻെറ കൊച്ചെജമാനൻ. അവന്മാരു രണ്ടു മാസം തടവിലിട്ടിരുന്നതിൻെറ കെട്ടതി പൊറുക്കാൻ മൂന്നുമാസം വീട്ടിൽ കട്ടിലിൽ കിടക്കേണ്ടി വന്നു. അയ്യോ!! അവരെ എൻെറ കയ്യിൽ കിട്ടിയാൽ അരകല്ലിൽ വച്ചരച്ചു് കലക്കി കൊച്ചേമാനനു് മരുന്നിനു മേമ്പടിചേത്തു കൊട്ടത്തേനേ.

(ഫ്രാൻസീസ് പ്രവേശിക്കുന്നു,)

ഫ്രാൻ:—എന്താ ചാർളി, മരുന്നിനെപ്പററി പ്രസംഗിക്കുന്നതു്. ചാർളിക്കു് ചികിത്സയുമറിയാമോ?

ഭൃത്യ:—എന്തു പറയാനാ കൊച്ചേമാനനേ, ചാർളിക്കറിയാൻ മേലാത്ത പണി വല്ലതുമുണ്ടോ? നല്ല കാര്യമായി! കൊച്ചമ്മയെ അട്ടക്കളയിൽ സഹായിക്കാനറിയാം, വല്യേമാൻെറയും, കൊച്ചേമാൻെറയും കടയിൽ തുണി മുറിച്ചു കൊട്ടക്കാനറിയാം. പിന്നെ ഈ സാറിനോട്ട ചോദിച്ചു നോക്കു, വേറെ എത്രയെത്ര പൊടിക്കൈകൾ ചാർളി ഇവിടെ കാണിക്കുന്നുണ്ടെന്നു്.

ഫ്രാൻ:—(ക്ലാക്കിനോട്ട്) എന്താ സുഖം തന്നെയാണോ? എങ്ങനെയിരിക്കുന്നു നമ്മുടെ വ്യാപാരവും മററും.

ക്ലാർ:—ഒരു തരത്തിൽ.........

ഭൃത്യ:—അതെങ്ങനയാ! കൊച്ചേമാനൻ ഇവിടെയില്ലെങ്കിൽ ചെറുപ്പക്കാരു വല്ലവരും ഇങ്ങോട്ടു തിരിഞ്ഞു നോക്കുമോ. കിഴവന്മാരു വന്നാൽ വല്ല കരിമ്പടവും കമ്പിളിയുമല്ലാതെ വേറെ വിലയുള്ള വല്ലതും വാങ്ങുമോ?

ഫ്രാൻ:—നാളതുവരെയുള്ള കണക്കെല്ലാം തയ്യാറായിട്ടിരിക്കയാണോ?

ക്ലാർ:—അതെ.

(ഫ്രാൻസീസ് വ്യാപാരശാല പരിശോധിക്കുന്നമട്ടിൽ ചുററുമൊന്നു കണ്ണോടിക്കുന്നു, അതിനുശേഷം ഇരുന്നു കണക്കുകൾ പരിശോധിക്കുന്നു. ഒരു വിക്കനായ മനുഷ്യൻ തുണിവാങ്ങാൻ വരുന്നു.)

വിക്കൻ:—(വിക്കിവിക്കിപ്പറയുന്നു) എൻെറ മകളുടെ കല്യാണം അടുത്ത തിങ്കളാഴ്ചയാണ്. എനിക്കു കുറെ നല്ല തുണികൾ വേണം.

ക്ലാർ:—അതിനെന്താ ഇന്നു റോമാനഗരത്തിൽ പോലും കാണാനില്ലാത്ത പാരീസ് സിൽക്കു തരങ്ങൾ ഇവിടെ ഉണ്ടല്ലോ.

വിക്ക:—നിരക്കെന്താണ്?

ക്ലാർ:—(തുണികൾ കാട്ടികൊണ്ടു്) ഇതിനു "100"-ം ഇതിനു "120"-ം, ഇതിനു "200"-ം ലീറായാണ് വാരക്കു വില.

വിക്ക:—അതു കുറച്ചു കൂടുതലല്ലേ?

ക്ലാർ:—രണ്ടു ദിവസംകൂടിക്കഴിഞ്ഞാൽ വില കൂടാൻ ഇടയുണ്ടു്. ചരക്കിനു പ്രചാരം കിട്ടാൻ വേണ്ടിയാണ് വില

കുറച്ചിരിക്കുന്നതു്. പരമാൎത്ഥം പറഞ്ഞാൽ വാങ്ങിയ വിലക്കു തന്നെയാണു ഞങ്ങൾ വില്ക്കുന്നതു്:

വിക്ക:—(പേഴ്സ് നോക്കി) ഈ ഇനത്തിൽ തന്നെ രണ്ടാം തരമുണ്ടോ?

ക്ലാർ:—ഉണ്ടു്. അതിനു "80"–ം, "100"–ം ലീറായാണു് നിരക്കു്.

വിക്ക:—എന്നാൽ കാണട്ടെ. (ക്ലാക്കു് തുണിത്തരങ്ങൾ കാണിച്ചു കൊടുക്കുന്നു.)

വിക്ക:—ഇതിൽ അഞ്ചും, മറേറതിൽ നിന്നു പത്തും വാര അളന്നേക്കണം.

ഫ്രാൻ:—(വിക്കനോടു്) നിങ്ങളുടെ ജോലിയെന്താണു്?

വിക്ക:—ജോലി വീട്ടിൽ കുത്തിയിരുപ്പാണു്. നാലു കൊല്ലമായി വാതം പിടിച്ചു കിടപ്പിലായിരുന്നു. മൂത്ത പുത്രൻ വേലചെയ്തുകൊണ്ടു വരുന്നതുകൊണ്ടു വേണം പത്തു വയറു കഴിഞ്ഞു പോകാൻ. അതിനിടക്കു മകളുടെ കല്യാണവും വന്നു മുതുകിൽ കേറി.

ഫ്രാൻ:—അപ്പോൾ അതു പ്രമാണിച്ചാണീ തുണികൾ? (ആലോചിച്ചിട്ടു്) പാവം! ശരി നിങ്ങൾ മേൽത്തരം തുണികൾ തന്നെ വാങ്ങിക്കൊൾക. രണ്ടാം തരത്തിൻെറ വില കൊടുത്താൽ മതി.

വിക്ക:—വളരെ ഉപകാരം. ദൈവം കുഞ്ഞിനെ അനുഗ്രഹിക്കും.

(ക്ലാക്കു് തുണികെട്ടിക്കൊടുക്കുന്നു. വിക്കൻ മടിശ്ശീലയിൽനിന്നും പണം സാവധാനം എടുത്തു ഫ്രാൻസീസിൻെറ മേശപ്പുറത്തു എണ്ണിവയ്ക്കുന്നു. ഫ്രാൻസീസിൻെറ ശ്രദ്ധ മുഴവൻ പണത്തിലായിരിക്കെ ഒരു യാചകൻ പ്രവേശിക്കുന്നു.)

യാച:—തമ്പുരാനെ! ദൈവത്തെ ഓർത്തു വല്ലതും തരണേ. (റൊട്ടിക്കഷണം കടിച്ചുകൊണ്ടു) നാലുദിവസമായി വല്ലതും കഴിച്ചിട്ട്.

ഫ്രാൻ:—(രസിക്കാത്ത മട്ടിൽ) ഉം. പോകണം. ഇപ്പോൾ ഇവിടെ ചില്ലറയൊന്നുമില്ല. അടുത്ത ദിവസമാകട്ടെ.

യാച:—കർത്താവീശോമിശിഹായുടെ നാമത്തിൽ പൊന്നുതമ്പുരാനെ വയറു വിശക്കുന്നു. വല്ലതും ഈ പിച്ചച്ചട്ടിയിൽ വീഴിക്കണമേ.

ഫ്റാൻ:—(കുപിതനായി യാചകനെ തുറിച്ചു നോക്കുന്നു.) തന്നോടു പറഞ്ഞതു് കേട്ടില്ലേ. (ചാർളിയെ നോക്കി) ചാർളീ.........

ചാർ:—(യാചകനോടു്) ഇതെന്തൊരു ശല്യമെടാ. നേരം വെളുക്കുന്നതിനു മുൻപു ഇവന്മാക്കു വിശപ്പായി. വാക്കു വിശ്രമമില്ല. എന്നിട്ടും പറയുകയാ, നാലു ദിവസമായി വല്ലതും കഴിച്ചിട്ടെന്നു്. വല്ലതും പോയി പണിയെടുത്തു ജീവിക്കെടാ, ശവമേ. ഉം കടക്കു പടിക്കു പുറത്തു് (പിച്ചക്കാരനെതള്ളിപ്പുറത്താക്കുന്നു.)

വിക്ക:—ഫ്റാൻസീസിനോടു) കുഞ്ഞേ! ഇതാ മടിശ്ശീല ഞെക്കിപ്പിഴിഞ്ഞരിച്ചെടുത്തതാ. ആകെ 625 ലീറായേയുള്ളു.

ക്ലാർ:—ഈ സൂത്രമൊന്നും പററത്തില്ല. ബില്ലെഴുതിപ്പോയി. 650 ലീറായും കൊടുക്കണം.

വിക്ക:—അയ്യോ! വീട്ടുകാരത്തിയുടെ താലികൂടെ പണയം വച്ചിട്ടാ ഇത്രയും ഒപ്പിച്ചതു്.

ഫ്റാൻ:—ആകട്ടെ, സാരമില്ല: പാവമല്ലെ; അയാൾ തുണികൊണ്ടു പോകട്ടെ.

ക്ലാർ:—ഉം. പാവം! വല്യ മുതലാളി വന്നു കണക്കുനോക്കുമ്പോൾ എൻെറ കൊങ്ങാറ്റു പിടിയ്ക്കും. പാവങ്ങൾ! ഇവന്മാരെല്ലാം മഹാ സൂത്രശാലികൾ! വാസ്തവത്തിൽ കാരുണ്യം അർഹിക്കുന്ന ഒരു പിച്ചക്കാരനെ ഇപ്പോൾ ആട്ടിപ്പായിച്ചതേയുള്ളു.

(ഫ്രാൻസീസ് കൈയിലെടുത്തിരുന്ന പണം മേശപ്പുറത്തിട്ടിട്ട് ഞെട്ടി എഴുന്നേൽക്കുന്നു.)

ഫ്രാൻ:—അയ്യോ! ഞാനെന്താണു ചെയ്തതു്? ക്രിസ്തുവിൻെറ നാമത്തിൽ എന്നോടു ഭിക്ഷയാചിച്ച ഒരു പാവത്തെ ഞാൻ നിഷ്ഠൂരുണം ആട്ടിപ്പായിച്ചു. ദൈവമേ! എന്നോടു ക്ഷമിക്കേണമെ. എൻെറ സ്നേഹിതന്മാരിലൊരുവൻ ഒരഭ്യർത്ഥനയുമായി അയാളുടെ ഭൃത്യനെ എൻെറ പക്കലയച്ചാൽ എത്ര ആദരവോടെ ഞാനയാളെ സ്വീകരിക്കുമായിരുന്നു. എന്നാലിതാ ക്രിസ്തുവിൻെറ നാമത്തിൽ വന്ന അദ്ദേഹത്തിൻെറ പ്രതിനിധിയെ ഞാൻ തള്ളിപ്പുറത്തിറക്കുന്നതിനു ആജ്ഞാപിച്ചു. നാഥാ! എനിക്കു മാപ്പുതരിക. ഞാൻ ഈ അപരാധത്തിനു പരിഹാരം ചെയ്യുന്നുണ്ടു് (മേശവലിപ്പിൽനിന്നു പണസഞ്ചി എടുത്തുകൊണ്ടോടുന്നു. മുൻ കട്ടൻ വീഴുന്നു. യാചകൻ പ്രവേശിക്കുന്നു.)

യാച:—അമ്മ പെങ്ങന്മാരെ, പൊന്നു തമ്പുരാക്കന്മാരെ, വേലചെയ്തതിന്നുന്നതിനു ശേഷിയില്ലാത്ത ഈ പാവത്തിനു വല്ലതും തരേണമേ. വയറു വിശപ്പുള്ള പൊന്നമ്മച്ചിമാരേ, നാലു രാപകലായി നാഴിക്കഞ്ഞിവെള്ളം കഴിച്ചിട്ടു്. ഹാ! എന്തൊരു ദയയില്ലാത്ത ലോകം. കണ്ടില്ലേ ഒരു കൊച്ചു മുതലാളിയുടെ കോപം. ഒന്നും തന്നില്ലെങ്കിലും വേണ്ടില്ലായിരുന്നു. ആരും ചോദിക്കാനില്ലാത്ത പാവമായ

തുകൊണ്ടു് അവൻ പിടലിക്കു പിടിച്ചു തള്ളി. (അണിയറയിൽ ഫ്രാൻസ്സീസിന്റെ സ്വരം "വല്യപ്പാ, വല്യപ്പാ അവിടെ നിൽക്കണേ. വല്യപ്പാ, അല്പനേരം അവിടെ ഒന്നു നില്ക്കണേ")

യാച:—(അണിയറയിൽ നോക്കിയിട്ടു്) അയ്യോ ഇതെന്താണു്! ആ മൂർഖൻ മുതലാളിയാണല്ലോ ഓടി വരുന്നതു്. എന്നെത്തല്ലിക്കൊല്ലാൻ വരികയാണേ. അയ്യോ രക്ഷിക്കണേ (ഓടുന്നു. കല്ലിൽ തട്ടി വീഴുന്നു. പിച്ചച്ചട്ടിയിലെ നാണയങ്ങൾ നാലുപാടും ചിതറുന്നു. ഫ്രാൻസ്സീസ് ഓടി പ്രവേശിക്കുന്നു.)

ഫ്രാൻ:—അയ്യോ കഷ്ടം! വല്യപ്പൻ വീണു പോയോ! പേടിക്കേണ്ടാ. ഞാനൊന്നും ചെയ്യാൻ വന്നതല്ല. (യാചകനെ പിടിച്ചെഴുന്നേൽപ്പിക്കുന്നു.) വല്യപ്പാ! എന്നോടു ക്ഷമിക്കണം. ഞാനറിവില്ലാതെ മുൻകോപം കൊണ്ടു നിങ്ങളോടു ക്രൂരമായി പെരുമാറി. അതിനു പരിഹാരമായി ഈ പണസഞ്ചി സ്വീകരിക്കണം. (പണസഞ്ചി കൊടുക്കുന്നു. അതിനുശേഷം പിച്ചച്ചട്ടിയെടുത്തു ചിതറിപ്പോയ നാണയങ്ങൾ പെറുക്കി അതിനകത്തിട്ടു വൃദ്ധ യാചകനു കൊടുക്കുന്നു.)

യാച:—ഇതെന്തു കിനാവാണോ? ഞാൻ വിചാരിച്ചു ഒരു പിശാചെന്നെ കടിച്ചു കീറാൻ വരികയാണെന്നു്. ഇപ്പോഴിതാ ഒരു മാലാകയെയാണു ഞാൻ കാണുന്നതു്. കുഞ്ഞിനെ ദൈവം അനുഗ്രഹിക്കട്ടെ,

ഫ്രാൻ:—വല്യപ്പൻ ഇതെല്ലാം കൊണ്ടുപോയി സമാധാനമായി ജീവിക്കുക. ഇനിയും വല്ല സഹായവും വേണ്ടിവരുമ്പോളെന്നെ വന്നു കാണണം.

കർട്ടൻ.

## രംഗം നാല്

(പീററർ ബണ്ണഡോൻെറ വസതി. ചാർളി കസേരകൾ തുട
ച്ചു കൊണ്ടു നില്ക്കുന്നു.)

ചാർളി:—എടാ നാശമേ! ഇവന്മാൎക്ക തിന്നും കൊണ്ടു വല്ലയിടത്തും കുത്തിയിരിക്കാൻ മേലെ. ഇനിയും യുദ്ധത്തിന്നിറങ്ങുകയാ. അതും ഇവിടെ അടുത്തെങ്ങാനുമുള്ള പെരുജിയാക്കാരോടും മററുമല്ല. ജൎമ്മൻകാരോടാണ് യുദ്ധത്തിനിറങ്ങുന്നതു്. ഇവരെന്തു ജാതിക്കാരെടാ. വാട്ടർ പ്രഭു വാണപോലും പടത്തലവൻ. അയാളുടെ തലയിൽ "വാട്ടർ" തന്നെയായിരിക്കണം. ചുമ്മാതെങ്ങാനും കിടക്കാൻ മേലാഞ്ഞിട്ടൊരു പണി. എന്നെ ഇവരൊന്നു യുദ്ധത്തിനെടുത്തിരുന്നെങ്കിൽ ഞാൻ കാണിച്ചു കൊടുത്തേനെ. ഈ പഹയന്മാരെ ഒക്കെ ഞാൻ പത്തുമിനിട്ടുകൊണ്ടു പറപ്പിച്ചു കളയുമായിരുന്നു. കണ്ടില്ലേ എൻെറ കരുത്തു്. (കൈയുടെ മസിൽ പ്രദശിപ്പിച്ചു് ചില വേലകൾ കാണിക്കുന്നു.)

(ഒരു വശത്തുനിന്നു പീററർ ബണ്ണദോൻ പ്രവേശിക്കുന്നു. അതു കാണാതെ ചാർളി തൻെറ കൈയുടെ മസിൽനോക്കി ഗംഭീര ഭാവത്തിൽ നില്ക്കുന്നു.)

ബെർണ്ണദോൻ:—എന്താടാ, ഇവിടെ തൂണുപോലെ നില്ക്കുന്നതു്. കാലത്തെ നിനക്കു വേറെ ജോലിയൊന്നുമില്ലേ.

(ചാർളി ഇളിഭ്യനാകുന്നു)

ചാർ:—ഞാനിവിടെ ഈ കസേരയെല്ലാം തുടച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അപ്പോഴൊരെണ്ണൊരു മൂട്ട എൻെറ ഉടുപ്പിൻെറ കൈയ്ക്കകത്തോട്ടോടിക്കേറി. അതിനെ ഞാൻ പിടിക്കാൻ നോക്കുകയായിരുന്നു.

ബർ:—നീയും നിൻെറ മൂട്ടവേട്ടയും. ആട്ടെ, ഫ്രാൻസ്സീസ് നടക്കാൻ പോയിട്ടു തിരിച്ചു വന്നില്ലേ. യുദ്ധം രണ്ടാമതും തുടങ്ങാൻ പോകുന്ന കാര്യം അവനറിഞ്ഞോ? അവനെന്താണു ചെയ്യാൻ പോകുന്നതു് എന്നോ മറേറാ പറഞ്ഞോ?

ചാർ:—കൊച്ചേമാൻ ഇനിയും യുദ്ധത്തിനു പോകാനോ. എൻെറ ഉടയ തമ്പുരാനേ എനിക്കൊന്നും കേൾക്കേണ്ടാ. ഇനിയും യുദ്ധത്തിനു പോയാൽ പിന്നെ തടിപോലും തിരിച്ചു വരുമെന്നു തോന്നുന്നില്ല. വന്നാൽ തന്നെയും ഈ പ്രദേശത്തെങ്ങും ഇനി ഒരു പച്ചമരുന്നും ശേഷിച്ചിട്ടില്ല. ഉണ്ടെങ്കിൽ തന്നെയും അതു പറിക്കാൻ എനിക്കിനി ശേഷിയുമില്ല. എന്നെക്കൊണ്ടു മട്ടത്തു. ഞാൻ വേണമെങ്കിൽ കൊച്ചേമാനു പകരമായിട്ടു പോയേക്കാം.

ബർ:—നീയും പോകേണ്ടി വരുമെന്നാ തോന്നുന്നതു്. 20 വയസ്സിനു മുകളിലുള്ളവരൊക്കെ സൈന്യത്തിൽ ചേരണമെന്നാ കേട്ടതു്.

ചാർ:—(നെഞ്ചത്തടിച്ചുകൊണ്ടു്) അയ്യോ ചതിച്ചോ! ഗീവർഗ്ഗീസ് പുണ്യാളച്ചാ രക്ഷിക്കണേ! പൊന്നേമാനേ എൻെറ കത്രീനാ തനിച്ചാകയില്ലേ. അവളെന്നെ പോകാൻ സമ്മതിക്കയില്ല.

(ചാർളി മ്ലാനവദനനായി നിൽക്കുന്നു. ഫ്രാൻസീസ് പ്രവേശിക്കുന്നു)

ബർ:—ഫ്രാൻസീസ്, നിൻെറ ശരീരസ്ഥിതി എങ്ങനെയിരിക്കുന്നു? പുറത്തൊക്കെ ഇറങ്ങി നടക്കാൻ തുടങ്ങിയതിൽ പിന്നെ മുഖത്തു കുറച്ചു ചോരമയം കാണുന്നുണ്ട്. നിനക്കെന്തു തോന്നുന്നു?

ഫ്രാൻ:—അപ്പച്ചാ! എനിക്കു വളരെ ഉന്മേഷം തോന്നുന്നുണ്ട്.

ബർ:—ബ്രിയന്നായിലെ വാൾട്ടർ പ്രഭു ജർമ്മൻകാക്കെതിരായി യുദ്ധത്തിനു പുറപ്പെടാൻ പോകുന്ന വാൎത്ത നീ കേട്ടോ.

ഫ്രാൻ:—അതു കേട്ടതുകൊണ്ടാണ് ഞാൻ സവാരി മതിയാക്കി വേഗം തിരിച്ചു വന്നതു്. തിരുസഭയുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ഈ യുദ്ധത്തിൽ പങ്കെടുക്കേണ്ടതു്, ആത്മാഭിമാനമുള്ള ഏതൊരു പൌരൻെറയും കടമയാണ്. ഇതിൽനിന്നും പിന്മാറിനില്ക്കാൻ ഞാനുദ്ദേശിക്കുന്നില്ല.

ബർ:—നിനക്കിനിയും പൂൎണ്ണാരോഗ്യം വന്നിട്ടില്ല. അക്കാരണം കാണിച്ചു ഒരു ഡോക്ടരുടെ സർട്ടിഫിക്കററയച്ചാൽ നിനക്കു സൈന്യത്തിൽ ചേരാതെ കഴിഞ്ഞു കൂടാം.

ഫ്രാൻ:—ഇല്ല. എനിക്കിപ്പോൾ പൂൎണ്ണസുഖം തോന്നുന്നുണ്ട്. മാത്രമല്ല നീതിക്കു വേണ്ടിയുള്ള ഈ സമരത്തിൽ ഞാൻ ചേരാൻ നിശ്ചയിച്ചു കഴിഞ്ഞു. എൻെറ അഭിലാഷങ്ങൾ സാധിക്കുന്നതിനു്—പ്രശസ്തിയും മാടമ്പിസ്ഥാനവും കരസ്ഥമാക്കുന്നതിനു്—ഇതുതന്നെയാണ് സുവൎണ്ണാവസരം. അപ്പച്ചനെനിക്കു് അനുമതി തന്നാലും.

ചാർ:—പൊന്നേമാനേ, എന്നാൽ ആ തട്ടിഫിക്കററു എനിക്കു വാങ്ങിത്തന്നേരു്. ഞാനിവിടെങ്ങാനും നിന്നു

കൊള്ളാം. ഇവിടുത്തെ കാര്യങ്ങൾ നോക്കുന്നതിനും ആരെങ്കിലും വേണ്ടേ?

ബർ:—പോടാ പേടിക്കുടുക്കേ! നീ പോയി അടുപ്പിൻ മൂട്ടിലിരിക്കു. എന്നിട്ടു കൊച്ചമ്മയോടു ഇങ്ങോട്ടൊന്നു വരാൻ പറയൂ.

ചാർ:—ഹാവൂ! (പോകുന്നു.)

ബർ:—(ഫ്രാൻസീസിനോട്) നിനക്ക് ആത്മധൈര്യം ഉണ്ടെങ്കിൽ പോകാം. എനിക്കതിൽ സമ്മതം മാത്രമല്ല, സന്തോഷവുമാണ്. നിന്നിലൊരുവനിലാണെൻെറ പ്രതീക്ഷകൾ മൊട്ടിട്ടു നില്ക്കുന്നതു്. നീ ഒരു പ്രശസ്ത സേനാനിയായിത്തീരുമ്പോൾ മാത്രമേ എൻെറ ജീവിതം ചാരിതാർത്ഥ്യമടയുകയുള്ളു. പക്ഷെ നിൻെറ അമ്മയെ എങ്ങനെ സമ്മതിപ്പിക്കും.

ഫ്രാൻ:—അതാണൊരു പ്രശ്നം. എങ്ങനെയെങ്കിലും അമ്മയെ സമ്മതിപ്പിക്കണം.

(പീക്കാ പ്രവേശിക്കുന്നു)

പീക്കാ:—മകനെ, നീ നടക്കാൻ പോയിട്ടു തിരിച്ചു വന്നു കഴിഞ്ഞുവോ? എന്താ വല്ല അസുഖവും തോന്നിയോ?

ബർ:—അവനു യാതൊരസുഖവുമില്ല. ഒന്നുകൂടി യുദ്ധത്തിനു പോകാൻ ഉന്മേഷം തോന്നുന്നുണ്ടെന്നാണ് അവൻ പറയുന്നതു്.

പീക്കാ:—എനിക്കിനി യുദ്ധത്തിനു വിടാൻ മക്കളില്ല. എൻെറ പൊന്നുമകൻ ഇനി യുദ്ധത്തിനു പോയാൽ തിരിച്ചു വരുമ്പോൾ ഈ അമ്മയെ ജീവനോടെ കണ്ടെത്തുമെന്നാശിക്കേണ്ടാ.

ബർ:—നീ പ്രശസ്തമായ ഒരു പ്രഭുവംശത്തിൽ പിറന്നവളല്ലേ. എന്നിട്ടിത്ര ഭീരുത്വം കാണിക്കാൻ നിനക്കു ലജ്ജയില്ലേ.

ഫ്രാൻ:—അമ്മ ഭയപ്പെടേണ്ടാ. അനീതിക്കെതിരായും തിരുസഭയുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുമാണു് ഞാനിത്തവണ യുദ്ധത്തിനു പുറപ്പെടുന്നതു്. അതിൽ അമ്മയും അഭിമാനം കൊള്ളുമെന്നു് എനിക്കുറപ്പുണ്ടു്.

പീക്കാ:—മകനെ, ഒരു യുദ്ധയാത്ര വരുത്തിവച്ച രോഗത്തിൽനിന്നു് ഇനിയും നീ പരിപൂർണ്ണസുഖം പ്രാപിച്ചിട്ടില്ല. പിന്നെ എങ്ങനെയാണു് നീ വീണ്ടും യുദ്ധത്തിൽ പങ്കെടുക്കുന്നതു്.

ബർ:—അവനു സുഖമുണ്ടോ, സുഖക്കേടുണ്ടോ എന്നു നിനക്കാണോ നല്ല നിശ്ചയം, അതോ അവനാണോ? അവൻ ഈ യുദ്ധത്തിൽ പങ്കുകൊള്ളുന്നതു് നമ്മുടെ കുടുംബത്തിനൊരഭിമാനമായിരിക്കും. അതിൽ കുലീനയായ ഏതൊരു മാതാവും ആഹ്ളാദിക്കണം.

പീക്കാ:—നിങ്ങൾക്കു നിങ്ങളുടെ കീർത്തി, എനിക്കെന്റെ മകൻ.

ബർ:—ഫ്രാൻസീസേ, എനിക്കു കടയിലേക്കു പോകണം. നിനക്കു യുദ്ധത്തിൽ ചേരുന്നതിനു് എന്റെ അനുമതിയും അനുഗ്രഹവും ഞാൻ നല്കുന്നു. യാത്രയ്ക്കു വേണ്ട സജ്ജീകരണങ്ങൾ ചെയ്യുന്നതിനാവശ്യമായ പണം കടയിൽനിന്നും വാങ്ങിക്കൊൾക. നിന്റെ അമ്മയുടെ സമ്മതവും, അനുഗ്രഹവും വാങ്ങുന്ന കാര്യം നിന്റേതു്.

(ബർണ്ണദോൻ പോകുന്നു)

ഫ്രാൻ:—അമ്മേ ഈ യുദ്ധത്തിൽ ചേരുന്നതിനു് അമ്മയെനിക്കു് അനുമതി തരികയില്ലേ. കൂട്ടിലിട്ട പക്ഷിയെപ്പോലെ വീട്ടിലും കടയിലുമായി കഴിഞ്ഞു കൂടിയാൽ എൻെറ അഭിലാഷങ്ങൾ—എൻെറ ഹൃദയത്തിൽ മുററി നില്ക്കുന്ന പ്രതീക്ഷകൾ എങ്ങനെയാണു് നിവർത്തിയാകുന്നതു്. ഞാനിവിടെ നിന്നു മുരടിച്ചു പോകട്ടെന്നാണോ അമ്മ പറയുന്നതു്? ഞാനൊരു പുരുഷനല്ലേ? ഞാനൊരു മഹാനായിക്കാണുവാൻ അമ്മയ്ക്കാഗ്രഹമില്ലേ?

പീക്കാ:—മകനെ, നീയൊരു മഹാനായിക്കാണുവാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ............(തൊണ്ടയിടറുന്നു.)

ഫ്രാൻ:—അതേ, അതെനിയ്ക്കറിയാം. അമ്മേ, ഇനി ഒട്ടും സമയം കളയാനില്ല. ഞാൻ പോയി യാത്രക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യട്ടെ. അമ്മയെന്നെ അനുഗ്രഹിച്ചാലും. (ഫ്രാൻസീസ് പിക്കായുടെ മുമ്പിൽ മുട്ടുകുത്തുന്നു. പീക്കാ ഫ്രാൻസീസിൻെറ ശിരസ്സിൽ കൈവയ്ക്കുന്നു.)

പീക്കാ.—മകനെ, നീ ഒരു മഹാനായിത്തീരും. എന്നാൽ.........(തൊണ്ടയിടറുന്നു—കരയുന്നു) (ഫ്രാൻസീസ് പോകുന്നു. പീക്കാ ഫ്രാൻസീസ് പോകുന്ന ദിക്കിലേക്കു നോക്കി നില്ക്കുന്നു.) മകനെ, നീയൊരു മഹാനായിത്തീരുമെന്നതു് ഒരു ദിവ്യ പ്രവചനമാണു്. എന്നാൽ നീയൊരു കാലിത്തൊഴുത്തിലാണു് പിറന്നതു്. കാലിത്തൊഴുത്തിൽ പിറന്ന ആ മഹാനെ, ദിവ്യരക്ഷകനെ അനുകരിച്ചല്ലാതെ നിനക്കു മഹാനായിത്തീരുവാൻ സാദ്ധ്യമല്ല.

ഗാനം 4.

കട്ടൻ.

## രംഗം അഞ്ച്

(സ്ഥലം:— സ്പെളേറോയിലെ ഒരു സത്രത്തിലെ ശയ്യാമുറി. ഫ്രാൻസ്സീസ് ഒരു ഭടന്റെ വേഷത്തിൽ മുറിയിൽ നില്ക്കുന്നു.)

ഗാനം 5.

ഫ്രാൻ:—ഇനി രണ്ടു ദിവസത്തെ യാത്രകൂടിയേ ഉള്ളു വാൾട്ടർ പ്രഭുവിന്റെ സൈന്യസങ്കേതത്തിലെത്തുവാൻ. ഹാ! ഈ രണ്ടു ദിവസത്തെ യാത്രകൂടി കഴിഞ്ഞിരുന്നെങ്കിൽ! എന്റെ കൂട്ടുകാരെല്ലാം ഇപ്പോൾ സൈന്യത്താവളത്തിലെത്തിക്കാണും. (വാൾ ഉറയിൽനിന്നും ഊരുന്നു.) ഹാ! എന്റെ ഖഡ്ഗമേ! ശത്രുവിനെ ഏററുമുട്ടുവാൻ നീ വെമ്പൽകൊള്ളുകയായിരിക്കും. ഏതായാലും നീ രണ്ടു മൂന്നു ദിവസം കൂടി വിശ്രമിക്കാതെ തരമില്ല. (വാൾ ചുവരിൽ തൂക്കിയിടുന്നു.) ഞാനും അല്പം വിശ്രമിക്കട്ടെ. (ഫ്രാൻസീസ് മേലങ്കി അഴിച്ചു വച്ചിട്ടു ശയ്യയെ ശരണം പ്രാപിക്കുന്നു.)

(പ്രകാശം മങ്ങുന്നു. അല്പസമയത്തേക്കു് പശ്ചാത്തലത്തിൽ ശാന്തമായ സംഗീതം)

അശരീരി:—ഫ്റാൻസീസേ.

(ഫ്രാൻസീസ് തല ഉയർത്തുന്നു.)

ഫ്രാൻ:—ആരാണതു്; എന്തുവേണം?

അശ:—നീ എവിടെ പോകുന്നു. നിൻെറ ഉദ്ദേശ്യമെന്താണു്?

ഫ്രാൻ:—ഞാനൊരു യോദ്ധാവായിത്തീരുന്നതിനു് അപ്പൂളിയായിലേക്കു പോകുന്നു.

അശ:—ഫ്രാൻസീസേ! ആരെ സേവിക്കുന്നതാണു് നല്ലതു്? ഭൃത്യനെ സേവിക്കുന്നതോ, യജമാനനെ സേവിക്കുന്നതോ?

ഫ്രാൻ:—നിശ്ചയമായും യജമാനനെ സേവിക്കുന്നതാണു നല്ലതു്.

അശ:—എന്നാൽ പിന്നെ എന്തുകൊണ്ടു നീ യജമാനനെ അവഗണിച്ചിട്ടു് ഭൃത്യൻെറ പിന്നാലെ പോകുന്നു. ദൈവം മാത്രമാണു നിൻെറ യജമാനനെന്നു നീ മനസ്സിലാക്കുക.

ഫ്രാൻ:—സ്വാമിൻ. ഞാനെന്തു ചെയ്യണമെന്നാണു് അവിടുത്തെ അഭിലാഷം?

അശ:—നീയിപ്പോൾ സ്വദേശത്തേക്കു മടങ്ങിപ്പോകുക. നീയെന്താണു ചെയ്യേണ്ടതെന്നു് അവിടെ വെച്ചറിയിക്കപ്പെടും.

(ഫ്രാൻസീസ് കിടക്കയിലെഴുന്നേററിരിക്കുന്നു)

ഫ്രാൻ:—എന്തു്? ഞാൻ കേട്ടതു വാസ്തവമാണോ, അതോ വെറും സ്വപ്നമാണോ? ഞാൻ വീട്ടിലേക്കു മടങ്ങിപ്പോകണമെന്നോ? ഇല്ല; അതു സാദ്ധ്യമല്ല. ഇത്രയും പണം ചെലവാക്കി, ഇത്രയെല്ലാം സജ്ജീകരണങ്ങൾ ചെയ്തു്,

നിറഞ്ഞു മുററിയ പ്രതീക്ഷകളോടെ, യുദ്ധക്കളത്തിൻെറ വക്കു വരെ വന്നിട്ട് തിരിച്ചു പൊയ്ക്കളയാനോ? അതെനിക്ക് ചിന്തിക്കുവാൻകൂടി സാദ്ധ്യമല്ല. (എഴുനേററു് നടക്കുന്നു.) ഹ! ഹ! ഹ! പകുതി വഴി വന്നിട്ട് പട്ടി ചന്തയ്ക്കുപോയപോലെ തിരിച്ചു പോവുക! ധീരധീരം യുദ്ധംചെയ്തു്, വീരശൂരസേനാനിയായി പേരെടുത്തു്, മാടമ്പി മുദ്രയണിഞ്ഞു്, വിജയോന്മത്തനായി വീട്ടിലേക്കു ചെല്ലുന്ന എന്നെ സാഘോഷം സ്വീകരിക്കാനൊരുങ്ങിയിരിക്കുന്ന എൻെറ സ്നേഹിതന്മാരുടെ പക്കലേക്ക് ഒരു സ്വപ്നകഥയുമായി മടങ്ങി ചെല്ലുകയോ? അവരുടെ മുഖത്തു ഞാൻ എങ്ങനെ നോക്കും? അവരോടു ഞാനെന്തു പറയും? ഹ! ഹ! ഹ! അവരെന്നെനോക്കി പൊട്ടിച്ചിരിക്കയില്ലേ? അവരെന്നെ ഭ്രാന്തനെന്നു വിളിക്കയില്ലേ? ഞാനെങ്ങനെ പിന്നെ ലോകത്തിറങ്ങി നടക്കും?

ഞാനിപ്പോൾ വീട്ടിലേക്കു ചെന്നാൽ അഭിമാനിയായ എൻെറ പിതാവിനു് എന്തു തോന്നും? അദ്ദേഹത്തോടു ഞാൻ എന്തു സമാധാനം പറയും? എനിക്കു ലഭിച്ച സ്വപ്ന സന്ദേശം അദ്ദേഹം ഒരിക്കലും വിശ്വസിക്കയില്ല. അദ്ദേഹത്തിൻെറ മുഖത്തു നോക്കി അതു പറയാൻ എനിക്കു ശക്തിയില്ല.

ഇതിനെല്ലാം ഉപരിയായി ഞാൻ മനോരാജ്യത്തിൽ കെട്ടിയുയർത്തിയ മോഹന സൗധങ്ങൾ! ഹാ! അതെല്ലാം ഒരു പേക്കിനാവുകൊണ്ടു തകന്നു തരിപ്പണമാവുകയോ, ഇല്ല; ഇല്ല; അതു് അസാദ്ധ്യം, അസംഭാവ്യം; ഫ്രാൻസീസ് അത്ര കണ്ടു് മഠയനും ഭീരുവുമല്ല. ഞാൻ യുദ്ധക്കളത്തിലേക്കു തന്നെ പോകും.

അശരീരി:—ഫ്രാൻസീസേ ഏതാണു നല്ലതു്? ഭൃത്യനെ സേവിക്കുന്നതോ, യജമാനനെ സേവിക്കുന്നതോ?

ഫ്റാൻ:—ഭൃത്യനെ സേവിക്കുന്നതോ, യജമാനനെ സേവിക്കുന്നതോ? (ചിന്തിക്കുന്നു.) എത്ര നിശിതമായ ചോദ്യം! നിശ്ചയമായും യജമാനനെ സേവിക്കുന്നതാണ് നല്ലതു്. ദൈവം മാത്രമാണ് യജമാനൻ. മററുള്ളവരെല്ലാം അസ്ഥിരരായ ജീവികൾ! മാടമ്പിസ്ഥാനം—വാസ്തവത്തിൽ അതു ക്ഷണഭംഗുരമാണ്. ദൈവത്തിൽനിന്നു മാത്രമേ എനിക്കു സ്ഥിരമായ നന്മ പ്രാപിക്കുവാൻ സാധിക്കയുള്ളൂ. അങ്ങുന്നെന്നെ വിളിക്കുന്നു. അദ്ദേഹത്തിൻെറ ആഹ്വാനത്തെ ഞാൻ അവഗണിക്കുകയോ? പാടില്ല. പക്ഷേ അങ്ങയുടെ വഴികൾ പൂ വിരിച്ചതും വിശാലവുമായിരിക്കയില്ല. അവ ഇടുങ്ങിയവയും മുള്ളുനിറഞ്ഞവയുമാണ്. അവ തരണം ചെയ്യുവാൻ ഞാൻ ശക്തനോ? എന്നാൽ എൻെറ യജമാനനാണ് എന്നെ ക്ഷണിക്കുന്നതു്. എൻെറ ജീവദായകനായ, എൻെറ ജീവൻെറ ജീവനായ അവിടുന്നാണ് എന്നെ ക്ഷണിക്കുന്നതു്. അതിനെ നിരസിക്കുകയോ? ഇല്ല. നാഥാ, ഞാനിതാ വരുന്നു. എനിക്ക് എന്തും സംഭവിക്കട്ടെ. ഞാനിതാ വരുന്നു.

ഗാനം 6

(പാട്ടു പകുതിയാകുമ്പോൾ ഫ്രാൻസീസ് സ്റ്റേജിൽനിന്നു മറയുന്നു. അകന്നകന്നു പോകുന്ന അദ്ദേഹത്തിൻെറ ഗാനം അണിയറയിൽനിന്നു കേൾക്കുന്നു)

കർട്ടൻ

## രംഗം ആറ്

(പീററർ ബണ്ണദോൻെറ വസതി. ഫ്രാൻസീസ് ചിന്താമഗ്ന നായി കസേരയിലിരിക്കുന്നു. ചാർളി ദൂരെ മാറി നില്ക്കുന്നു.)

ചാർ:—ഇതെന്തൊരു കളിയാണപ്പാ! ഇങ്ങനെ തിന്നാതെയും, കുടിക്കാതെയും, മിണ്ടാതെയും, പറയാതെയും മൂങ്ങായെപ്പോലെ തൂങ്ങിക്കൂടി എത്രനാൾ ജീവിക്കും. തൊട്ടിലിലിട്ടാട്ടിയും, തൊളിലിട്ടു പാടിയും, മിട്ടായി തീററിയും ഞാനെങ്ങനെ വളത്തിക്കൊണ്ടു വന്ന കുഞ്ഞാ—എനിക്കിതു കാണാൻ സംഗതിയായല്ലോ ദൈവമേ. (മൂക്കു പിഴിയുന്നു. ഫ്റാൻസീസിൻെറ നേരെ തിരിഞ്ഞു്) കൊച്ചേമാനെ, ഞാനെന്തു പിഴച്ചിട്ടാ എന്നോടിങ്ങനെ കാണിക്കുന്നതു്.

ഫ്റാൻ:—ചാർളി, നിനക്കെന്തുപററി? നിനക്കെന്തു വേണം?

ചാർ:—എനിക്കു കൊച്ചേമാൻെറ ആ പഴയ പഞ്ചാരപ്പുഞ്ചിരിയൊന്നു കണ്ടാൽ മതി. അപ്പോഴെൻെറ വയറു നിറഞ്ഞുകൊള്ളും. വേറൊന്നും വേണ്ടാ.

ഫ്റാൻ:—(ചിരിക്കാൻ ശ്രമിക്കുന്നു) ഒരു കാരണവും കൂടാതെ ചിരിക്കാൻ ഞാൻ കഴുതയാണോ?

ചാർ:—ചാർളി ഒരു കഴുതയാണെന്നു വിചാരിച്ചു ചിരിച്ചു കൊൾക. എന്തിനാ വാട്ടർ തലയൻെറ യുദ്ധത്തിനു ചേരാൻ പോയി. പോയിട്ടാണെങ്കിൽ പകുതി വഴി പോയിട്ടു തിരിച്ചു പോന്നു. വഴിക്കു വല്ല ഈനാഞ്ചാത്തിയും പിടിച്ചു കടിച്ചോ?

(ആരോ കതകിൽ മുട്ടുന്ന ശബ്ദം. ചാർളി പോയി നോക്കിയിട്ടു തിരിച്ചു വരുന്നു.)

ചാർ:—കൂട്ടുകാരെല്ലാം വരുന്നുണ്ട്. ഇനിയെങ്കിലും ആ വളിച്ച മുഖഭാവമൊന്നു മാററിവയ്ക്കു.

(റോബർട്ട്, ജെയിംസ് മുതലായവർ പ്രവേശിക്കുന്നു)

റോബ:—എന്തു്! ഫ്റാൻസീസ് ഇത്രവേഗം തിരിച്ചു വന്നോ. നിങ്ങൾ തിരിച്ചു വന്നെന്നു കേട്ടിട്ടു ഞങ്ങളാരും വിശ്വസിച്ചില്ല,

ജെയിംസ്:—കാണാതെയും തൊടാതെയും വിശ്വസിക്കാത്ത കൂട്ടരല്ലേ. അതു കൊണ്ടൊന്നു വന്നു നോക്കാമെന്നും, കണ്ടിട്ടും വിശ്വാസമില്ലെങ്കിൽ ഒന്നു തൊട്ടു നോക്കാമെന്നും...

റോബ:—സൗകര്യപ്പെട്ടുമെങ്കിൽ കൂട്ടത്തിലിരുന്നു കുടിച്ചു നോക്കാമെന്നും......

ജെ: & റോ:—കരുതിയാണു് ഞങ്ങളിങ്ങോട്ടു പോന്നതു്.

ഫ്റാ:—നിങ്ങളുടെ സന്ദർശനത്തിനും, സൗഹാർദ്ദത്തിനും വളരെ ഉപകാരം. എങ്കിലും എനിക്കു നല്ല സുഖം തോന്നുന്നില്ല. ഏകാന്തമായി അല്പം വിശ്രമിക്കുന്നതിനു് എന്നെ അനുവദിക്കണമെന്നു ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു.

റോബ:—അപ്പോൾ ഫ്റാൻസീസ് ഞങ്ങളെ അങ്ങനെ നമസ്തേന്നു പറഞ്ഞയയ്ക്കാമെന്നാണോ ഭാവം?

ജൈ;—ഫ്റാൻസിസിനെന്താണിങ്ങനെ ഒരു ഭാവ ഭേദം വരാൻ കാരണം? എന്തെങ്കിലും—ആരെങ്കിലും അങ്ങ യുടെ ഹൃദയത്തെ അപഹരിച്ചു കളഞ്ഞായിരിക്കാം.

റോബ:—അവിടം വരട്ടെ. ഫ്റാൻസീസേ, എങ്കി ലും നിൻെറ ഹൃദയത്തെ ചൂണ്ടലിട്ടു പിടിച്ച ആ ഭാഗ്യശാലി നി ആരാണെന്നു് ആത്മമിത്രങ്ങളായ ഞങ്ങളോടെങ്കിലും പ റയുകയില്ലേ,

ഫ്റാൻ:—(ശാന്തനായി ഗൗരവത്തോടെ) നിങ്ങൾ പറയുന്നതിൽ അല്പം വാസ്തവം ഇല്ലാതില്ല,

റോബ:—അങ്ങനെ വരട്ടെ. അങ്ങനെ കുറേശ്ശേ പു റത്തേക്കു വരട്ടെ. പറയൂ, ബാക്കിയും ഞങ്ങൾ കേൾക്കട്ടെ.

ജൈ:—യുദ്ധത്തിനു പോയ വഴിയായിരിക്കും ആ ത രുണീമണിയെ കണ്ടു മുട്ടിയതു്.

ഫ്റാ:—ശരിയാണു്.

റോബ:—(കസേര അല്പം കൂടി ഫ്റാൻസീസിൻെറ സമീപത്തേയ്ക്കുടപ്പിച്ചിട്ടു്) ആ തേജഃപുഞ്ജത്തിൻെറ പേ രെന്താണു്? ഊരേതാണു്? നിൻെറ സുഖത്തിലും, ദുഃഖ ത്തിലും ഇതുവരെ പങ്കുകാരായിരുന്നിട്ടുള്ള ഞങ്ങളും അതറി യേണ്ടേ?

ഫ്റാൻ:—എൻെറ പ്രാണപ്രേയസി നിങ്ങളുടെ സ ങ്കല്പ സീമകൾക്കു് അതീതമായ സൗന്ദര്യമുള്ളവളാണെങ്കിലും നിർദ്ധനയാണു്. അവളെ നിങ്ങളറിയുകയില്ല. ഞാൻ പറ ഞ്ഞാലും നിങ്ങൾക്കു മനസ്സിലാകുകയില്ല.

റോബ:—ഇല്ല സ്നേഹിതാ, ഇതൊക്കെ ഞങ്ങൾക്കും അല്പം മനസ്സിലാക്കുവാൻ കഴിയും.

ഫ്റാൻ:—എനിക്കു തന്നെയും അവളുടെ രൂപം ഇതുവരെയും വ്യക്തമായിട്ടില്ല. പിന്നെ ഞാനെങ്ങനെ പറയാനാണ്. മിന്നൽപോലെ അവൾ ചക്രവാളത്തിൽ കാണപ്പെട്ടുകയും, മറയുകയും ചെയ്തു.

റോബ:—കാലത്തെ ഒരു കടങ്കഥയാണല്ലോ ഫ്റാൻസീസ് ഞങ്ങളുടെ മുമ്പിലേക്കെറിഞ്ഞിരിക്കുന്നതു്.

ഫ്റാൻ:—എനിക്കു തന്നെ എൻെറ ജീവിതം ഒരു കടങ്കഥയായിത്തീൎന്നിരിക്കുകയാണ്. അതിൻെറ ഉത്തരം വ്യക്തമാകുന്നതുവരെ, എന്നെ ഏകാന്തമായിരിക്കാൻ അനുവദിക്കണമെന്നു ഞാനൊന്നു കൂടി നിങ്ങളോടഭ്യൎത്ഥിക്കുന്നു.

ജെ:—മിസ്റ്റർ റോബട്ട്, ഫ്രാൻസ്സീസിനു നല്ല സുഖമില്ല. അദ്ദേഹം വിശ്രമിക്കട്ടെ. നമുക്കിന്നു പോകാം.

(റോബട്ടും, ജെെത്സും എഴുന്നേല്ക്കുന്നു)

ഇരുവരും:—നമസ്കാരം.

ഫ്രാൻ:—നമസ്കാരം. (റോബട്ടും ജെെത്സും പോകുന്നു.) ഇങ്ങനെ എത്രയെത്ര സംഘട്ടനങ്ങളായിരിക്കാം എന്നെ കാത്തിരിക്കുന്നതു്. നാഥാ, ഇതെല്ലാം നേരിടുന്നതിനുള്ള ശക്തി എനിക്കില്ല. അങ്ങു തന്നെ എൻെറ ശക്തി.

(ബെൎണ്ണദോൻ കോപിഷ്ഠനായി പ്രവേശിക്കുന്നു. ഫ്രാൻസീസ് എഴുന്നേല്ക്കുന്നു.)

ബർ:—നീ ഇവിടെ മരപ്പാവപോലെയിരുന്നു സ്വപ്നം കാണുകയാണോ? നിനക്കു ലജ്ജയില്ലേ. നീയാണോ പുരുഷൻ? അവൻ വലിയ പൊങ്ങത്തമെല്ലാം പറഞ്ഞു് എൻെറ പണമെല്ലാം ചെലവാക്കി വില പിടിച്ച യുദ്ധക്കോപ്പുകളെല്ലാം വാങ്ങി ജൈത്രയാത്രയ്ക്കുപോയി. ഇപ്പോളിതാ വന്നിരിക്കുന്നു അണ്ടികളഞ്ഞ അണ്ണാനെപ്പോലെ.

ഫ്രാൻ:—അപ്പച്ചാ, എന്നോടു ക്ഷമിക്കണം. അങ്ങേ നിരാശപ്പെടുത്തുവാനിടയായതിൽ ഞാൻ ഖേദിക്കുന്നു. ദൈവത്തിൻെറ ആജ്ഞ ഞാനെങ്ങനെ അനുസരിക്കാതെയിരിക്കും.

ബർ:—കൊണ്ടു കളയടാ, ഈവൃത്തശ്ശ്ലീക്കഥകളൊക്കെ. മദ്യപിച്ചു ധൂർത്തടിച്ചു നടന്ന നിനക്കല്ലേ ദൈവം പ്രത്യക്ഷപ്പെടാൻ പോകുന്നതു്. എടാ, ഞാനെങ്ങനെയാണെടാ പുറത്തിറങ്ങി മനുഷ്യരുടെ മുഖത്തുനോക്കി നടക്കുന്നതു്. ആകാശത്തോളമെത്തിയ എൻെറ ആശാസൌധങ്ങളെല്ലാം നീ അടിച്ചു തകൎത്തു നിലം പതിപ്പിച്ചു. എൻെറ അഭിമാനത്തെ വിററു തിന്ന ശവമെ എൻെറ കണ്ണിൻവെട്ടത്തുനിന്നും പൊയ്ക്കൊള്ളണം. (ഫ്രാൻസീസിൻെറ കഴുത്തിനു പിടിച്ചു തള്ളുന്നു. ഫ്രാൻസീസ് നിലം പതിക്കുന്നു, ബൎണ്ണദോൻ പോകുന്നു. ഫ്രാൻസീസ് മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുന്നു.)

ഫ്രാൻ.— ഗാനം 6.

(പീക്കാ കൈയിൽ ഒരു ഗ്ലാസ്സ് പാലുമായി പ്രവേശിക്കുന്നു. ഫ്രാൻസീസ് പ്രാത്ഥിക്കുന്നതു കണ്ടു പാൽ തറയിൽ വച്ചിട്ടു ഫ്രാൻസീസിൻെറ പുറകിൽ മുട്ടുകുത്തി നില്ക്കുന്നു. ഗാനം അവസാനിക്കുമ്പോൾ പീക്കാ എഴുന്നേററു ഫ്രാൻസീസിനെ ആലിംഗനം ചെയ്യുന്നു.)

പീക്കാ:—(തൊണ്ട ഇടറി) മകനേ.........

ഫ്രാൻ:—അമ്മേ.........

കൎട്ടൻ.

## രംഗം ഏഴ്

(സെൻറ് ഡാമിയൻ ദേവാലയത്തിലേക്കുള്ള വഴി. ഫ്രാൻസീസ് പ്രവേശിക്കുന്നു.)

ഫ്രാൻ:—ഹാ! ദിവ്യനാഥാ, എത്രനാൾ ഞാൻ അങ്ങയുടെ തിരുവുള്ളം അറിയുന്നതിനു കാത്തിരിക്കണം. എൻെറ ഹൃദയം അസ്വസ്ഥമാണ്. നീണ്ട മണിക്കൂറുകൾ ഈ മലഞ്ചരിവിലിരുന്നു പ്രകൃതിലാവണ്യം നുകർന്നിട്ടുള്ള എനിക്ക് ഇന്നീ കാഴ്ചകളെല്ലാം അരോചകമായിത്തോന്നുന്നു. വിരുന്നു സൽക്കാരങ്ങളും, വിനോദങ്ങളും എന്നെ വീർപ്പുമുട്ടിക്കുന്നു. ഇനി എവിടെ ഞാൻ ആശ്വാസം കണ്ടെത്തട്ടെ.

(ഒരു ചെറിയ മണിയുടെ ശബ്ദം കേൾക്കുന്നു. മണിനാദം കേട്ട ഭാഗത്തേക്കു ഫ്രാൻസീസ് നോക്കുന്നു.)

ഫ്രാൻ:—എന്ത്, ഒരു കുഷ്ഠരോഗിയോ? എത്ര ബീഭത്സമായ രൂപം! ഹോ, ആ കാഴ്ച എങ്ങനെ ഞാൻ സഹിക്കും! ഇങ്ങോട്ടാണല്ലോ അയാൾ വരുന്നത്. ആ കാഴ്ച കണ്ടുകൊണ്ടും, ആ ദുർഗന്ധം സഹിച്ചുകൊണ്ടും എങ്ങനെ ഞാനീ വഴിയിൽ നില്ക്കും. (മൂക്കു പൊത്തുന്നു.) ഇവിടെ നിന്നും ഓടിക്കളയാം. (തോളിൽ ഒരു വടിയുമായി കുഷ്ഠരോഗി പ്രവേ

ശിക്കുന്നു. വടിയുടെ അഗ്രത്തിൽ ഒരു ചെറിയമണി കെട്ടിയിട്ടുണ്ട്. അയാൾ ഫ്രാൻസീസിനെ കണ്ടു മുമ്പോട്ടു വരാതെ നില്ക്കുന്നു.)

ഫ്രാൻ:—ഇല്ല. ഞാനത്ര ഭീരുവോ? ദിവ്യപ്രകാശത്തിനുവേണ്ടി ദാഹിക്കുന്ന ഞാൻ ക്രൂശിതനായ ദിവ്യനാഥൻെറ സാദൃശ്യത്തെ വെറുക്കുകയോ?

കുഷ്ഠ:—(മണി കിലുക്കികൊണ്ടു്) യജമാനനെ വഴിമാറിത്തരേണമേ. ഞാൻ ഒരു പകച്ച്വവ്യാധിക്കാരനാണേ.

ഫ്രാൻ:— (വികാരങ്ങളെ പണിപ്പെട്ടമത്തികൊണ്ടു്) ഇല്ല. ഞാൻ വഴി മാറേണ്ട ആവശ്യമില്ല. നിങ്ങൾ ക്കടുത്തു വരാം.

കുഷ്ഠ:—(ഭയപ്പെട്ടു്) എന്നാൽ ഞാൻ വേറെ വഴി പൊയ്ക്കൊള്ളാം. (പിന്തിരിയുന്നു.)

ഫ്റാൻ:—(കുഷ്ഠരോഗിയുടെ നേരെ ഇരുകരങ്ങളും നീട്ടുന്നു.) സഹോദരാ! ഭയപ്പെടേണ്ട. ഞാൻ നിങ്ങളുടെ അനുജനാണ്. ലൗകിക സൗന്ദര്യ്യങ്ങളും, ലൗകിക സുഗന്ധങ്ങളും എന്നെ പീഡിപ്പിക്കുന്നു. കൽത്തൂണിൽകെട്ടി അടിക്കപ്പെട്ട ദിവ്യനാഥൻെറ സൗന്ദര്യ്യം വഹിക്കുന്ന നിങ്ങളെ ഞാനൊന്നു് ആലിംഗനം ചെയ്താശ്വസിക്കട്ടെ. (ഫ്റാൻസീസ് കൈകൾ നീട്ടിക്കൊണ്ടു് അടുത്തു ചെല്ലുന്നു!)

കുഷ്ഠ:—അയ്യോ, തമ്പുരാനെ എന്നെ തൊടരുതേ. (പിറകോട്ടു മാറുന്നു.)

ഫ്രാൻ:—സഹോദരാ, എന്നോടു കരുണതോന്നി ഒരു നിമിഷം അവിടെ നില്ക്കണേ. നീറുന്ന എൻെറ ഹൃദയത്തെ നിങ്ങളുടെ വിയപ്പു തുള്ളികളാൽ അല്പമൊന്നു തണുപ്പിക്ക

വാൻഅനുവദിക്കണമേ. യേശുനാഥാ! ഈ പാപിയെ അനുഗ്രഹിക്കണമേ. എനിക്കു ധൈര്യം തരണമേ. (പിന്നണിസംഗീതം. അടുത്തുചെന്നു് ആലിംഗനം ചെയ്യുന്നു. "ഹാ! സഹോദരാ" എന്നു പറഞ്ഞുകൊണ്ടു് രോഗിയെ ചുംബിക്കുന്നു. ഫ്റാൻസീസ് സാവധാനം പിടി വിടത്തുന്നു.)

ഫ്റാൻ:—സഹോദരാ, ഞാൻ നിങ്ങളെ നോവിച്ചിരിക്കാം. എന്നോടു ക്ഷമിക്കണം. (ഒരു പണസഞ്ചിയെടുത്തു പിച്ചപ്പാത്രത്തിലിട്ടുകൊടുക്കുന്നു.) ഇതാ ഈ പണം നിങ്ങൾക്കിരിക്കട്ടെ. സമാധാനമായി പൊയ്ക്കൊൾക.

കുഷ്ഠ:—ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ. (കുഷ്ഠരോഗി നടന്നു മറയുന്നു.)

ഫ്റാൻ:—ഹാ! എൻെറ ഹൃദയത്തിനെന്തൊരു കുളിർമ്മ. ദൈവമേ, അങ്ങേയ്ക്കു സ്തുതി. അങ്ങേയ്ക്കു സ്തോത്രം. യഥാർത്ഥമായ ആശ്വാസവും, ആനന്ദവും എന്തിലടങ്ങിയിരിക്കുന്നുവെന്നു് അങ്ങുന്നെന്നെ പഠിപ്പിച്ചു.

ഫ്റാൻ:—(ഒരു വശത്തേക്കു നോക്കുന്നു.) അതാ, സെൻറു് ഡാമിയൻ ദേവാലയമല്ലേ ആ കാണുന്നതു്. പള്ളിയിൽ കയറി പ്രാർത്ഥിച്ചിട്ടു മടങ്ങിപ്പോകാം. സമയം സന്ധ്യയാകാൻ പോകുന്നു. (ഒരു കട്ടൻ ഉയരുന്നു. ഫ്രാൻസീസ് ദേവാലയത്തിനകത്തു് ക്രൂശിതരൂപത്തിനു മുൻപാകെ ഇരുകരങ്ങളും വിരിച്ചു പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുന്നു. ഫ്റാൻസീസ് ശോകരസത്തിൽ പാടുന്നു,)

ഗാനം 7

ഫ്റാൻ:— അഗതികളിൽ അലിവുള്ള പിതാവേ, ഇതാ അലഞ്ഞു തിരിയുന്ന അങ്ങയുടെ ഈ കുഞ്ഞാടിനെ ക

രുണാപുരസ്സരം കടാക്ഷിക്കണമേ. അങ്ങയുടെ സ്വരത്തെ അനുസരിച്ചു ഞാൻ ഇത്രയെല്ലാം സഹിച്ചു. എന്നാലങ്ങുന്ന് എന്താണെന്നിൽനിന്ന് പ്രതീക്ഷിക്കുന്നതെന്നറിയിക്കുവാൻ ദയവുണ്ടാകേണമേ.

അശരീരി:—മകനേ, ഫ്റാൻസീസേ എൻെറ ഭവനം ഇടിഞ്ഞു പൊളിഞ്ഞു വീഴാൻ തുടങ്ങുന്നതു നീ കാണുന്നില്ലേ? നീ ചെന്ന് എൻെറ ഭവനത്തിൻെറ കേടുപാടുകൾ തീക്കുക,

ഫ്റാൻ:— (വികാരഭരിതനായി) നാഥാ, അതു ഞാൻ സന്തോഷപൂർവ്വം ചെയ്തുകൊള്ളാം. നാഥാ, ഈ അയോഗ്യദാസനോട്ട് അങ്ങുന്നു സംസാരിക്കുവാൻ കൃപയുണ്ടായതിൽ ഞാൻ നന്ദി പറയുന്നു. (ഫ്രാൻസീസ് തറയിൽ കമഴ്ന്നു വീഴുന്നു. സംഗീതം മുഴങ്ങുന്നു. അല്പ സമയം കഴിഞ്ഞു് പ്രാർത്ഥനപ്പുസ്തകം വായിച്ചുകൊണ്ടു വൃദ്ധനായ വികാരിയച്ചൻ പ്രവേശിക്കുന്നു. ഫ്റാൻസീസ് തറയിൽ കിടക്കുന്നതുകണ്ടു് അടുത്തുചെന്നു തട്ടിയെഴുന്നേല്പിക്കുന്നു. ഇരുവരും സ്റ്റേജിൻെറ മുൻഭാഗത്തേക്കു വരുന്നു.)

അച്ചൻ:—കുഞ്ഞേ, നേരം ഇരുട്ടിത്തുടങ്ങിയതു് നീ കണ്ടില്ലേ. ഇവിടെ കിടന്നു നീ ഉറങ്ങുവാൻ ഭാവിക്കയായിരുന്നുവോ?

ഫ്റാൻ:—അച്ചാ, ക്ഷമിക്കണം. ഞാൻ പ്രാർത്ഥിക്കുവാൻ വന്നതാണ്. നേരം പോയതറിഞ്ഞില്ല. അച്ചനെനിക്ക് ഒരുപകാരം ചെയ്യണം. (കുറെ പണംവച്ചു നീട്ടുന്നു) ഈ പണം കൊടുത്തു് എണ്ണ വാങ്ങി ഈ കുരിശു രൂപത്തിൻെറ മുൻപാകെ ഒരു കെടാവിളക്കു വയ്ക്കുന്നതിനേർപ്പാടു ചെയ്യണം.

അച്ചൻ:—(പണം വാങ്ങുന്നില്ല.) നീ ഈ പള്ളിയിൽനിന്നും താഴോട്ടു പോകുന്ന വഴിയുടെ വലതു വശത്താണ് കപ്യാരുടെ വീട്ട്. പണം അയാളെ ഏല്പിച്ചു വേണ്ട ഏറ്റപ്പാടുകൾ ചെയ്യേക്കുക.

ഫ്റാൻ:—അങ്ങനെ ചെയ്യാം. എനിക്കു വേറൊരപേക്ഷയുണ്ടു്. ഈ ദേവാലയം ഇടിഞ്ഞു പൊളിഞ്ഞു വീഴാൻ തുടങ്ങുകയല്ലേ. നമുക്കിതൊന്നു പുതുക്കിപ്പണിയണം. അതിനുവേണ്ട ഒത്താശകൾ ഞാൻ ചെയ്തു തരാം.

അച്ചൻ:—കുഞ്ഞേ, പള്ളിയും പഴഞ്ചനായി, വികാരിയച്ചനും കിഴവനായി. അസ്സീസിയിലിപ്പോൾ പുതിയ പള്ളികൾ വന്നതോടെ ഈ പള്ളി ആരും ഗൗനിക്കുന്നില്ല. അതുകൊണ്ടു നീ ഇതു പുതുക്കിപ്പണിയുന്നതിനു ബുദ്ധിമുട്ടണമെന്നു തോന്നുന്നില്ല. ഏതായാലും നീ വീട്ടിൽ പോയിക്കിടന്നുറങ്ങു്. കുഞ്ഞു് വളരെ ക്ഷീണിച്ചിരിക്കുന്നല്ലോ. പള്ളിമുറിയിൽ ചെന്നു വേലക്കാരനോടു കുറച്ചു കാപ്പി വാങ്ങിച്ചു കുടിച്ചുകൊണ്ടു വേണം പോകാൻ. ഞാൻ പ്രാർത്ഥന ചൊല്ലിത്തീർക്കട്ടെ.

കട്ടൻ

## രംഗം എട്ട്

(വികാരിയച്ചൻെറ മുറി. മുറിയുടെ മദ്ധ്യത്തിൽ ഒരു മേശയും ഒഴിഞ്ഞ കസേരയും. അച്ചൻ വായിച്ചുകൊണ്ടു മററൊരു കസേരയിൽ കിടക്കുന്നു. ഫ്റാൻസീസ് പ്രവേശിക്കുന്നു.)

ഫ്റാൻ:—അച്ചാ, ഈശോ മിശിഹാക്കു സ്തുതിയായിരിക്കട്ടെ.

അച്ചൻ:—എല്ലായ്പോഴും സ്തുതിയായിരിക്കട്ടെ.

ഫ്റാൻ:—ഇതാ, ഞാൻ കുറെ പണം കൊണ്ടുവന്നിട്ടുണ്ട്. (പണസഞ്ചിയെടുത്തു നീട്ടുന്നു.) ദയവുചെയ്തു നമ്മുടെ ഈ പള്ളി പുതുക്കിപ്പണിയുന്നതിനു് അച്ചനിതു സ്വീകരിക്കണം.

(അച്ചൻ നിവന്നിരുന്നു് അല്പനേരം സംശയഭാവത്തിൽ പണസഞ്ചിയേയും, ഫ്രാൻസീസിനേയും മാറി മാറി തുറിച്ചു നോക്കുന്നു.)

അച്ചൻ:—എൻെറ കുഞ്ഞേ, പള്ളി പണിതില്ലെങ്കിലും വേണ്ടില്ല; പട്ടക്കാരൻ പട്ടിണികിടന്നു ചത്താലും വേണ്ടില്ല. ഈ പണം സ്വീകരിക്കാൻ ഞാനൊരുക്കമില്ല. നിൻെറ അപ്പൻ ബർണ്ണദോനെ എനിക്കു ചെറുപ്പം മുതല്ക്കേ അ

റിയാം. എൻെറ ഈ വയസ്സുകാലത്തു് അയാളുമായി വഴക്കിനും, വക്കാണത്തിനുമൊക്കെപ്പോകാൻ എനിക്കു ശക്തിയില്ല.

ഫ്റാൻ:—അപ്പൻെറ മുതലിലും, വ്യാപാരത്തിലും എനിക്കുള്ള ന്യായമായ ഓഹരിയായി അപ്പൻ ഈ തുക കരുതിക്കൊള്ളും. അച്ചൻ ഈ പണം ദയവു ചെയ്തു സ്വീകരിക്കണം. അല്ലെങ്കിൽ ഞാനിത്ര ക്ലേശിച്ചതെല്ലാം വെറുതേയാകും. ഫൊളിഞ്ഞോ ചന്തവരെ പോയി രണ്ടു ബെയിൽ പട്ടും, ഒരു കുതിരയേയും വിററാണു് ഇത്രയും പണം ഞാനുണ്ടാക്കിയതു്. അച്ചാ, നമുക്കു ജീർണ്ണിച്ചു വീഴാറായ നമ്മുടെ ദേവാലയത്തിൻെറ അററകുററങ്ങൾ തീർത്തു് അതു് മനോഹരമായ ഒരു കൊച്ചു ദേവാലയമാക്കണം.

അച്ച:—നീ പോയി നിൻെറ പിതാവിൻെറ അനുവാദം വാങ്ങിച്ചുകൊണ്ടു വരിക.

ഫ്റാൻ:—ഞാനിനി വീട്ടിലേക്കു പോകാനാഗ്രഹിക്കുന്നില്ല. (പണസഞ്ചി മേശപ്പുറത്തിടുന്നു.)

അച്ച:—നീ വീട്ടിൽ പോകുന്നില്ലേ? എന്തു കൊണ്ടു്?

ഫ്റാൻ:—എനിക്കു് ലൗകിക ജീവിതത്തിലും, ലൗകിക വ്യാപാരത്തിലും യാതൊരു സമാധാനവും സംതൃപ്തിയും തോന്നുന്നില്ല. എനിക്കീ പള്ളിയിലും ശാന്തസുന്ദരമായ ഇതിൻെറ പരിസരങ്ങളിലും ജീവിച്ചു് ദൈവത്തേയും ദരിദ്രരേയും, കുഷ്ഠരോഗികളേയും സേവിച്ചു ജീവിച്ചാൽ മതി. അതാണു് എൻെറ ദൈവവിളി. അച്ചനെന്നെ അതിനു സഹായിക്കണം.

അച്ച:—മകനെ, നിൻെറ ആഗ്രഹം നല്ലതുതന്നെ. ഒരേ സമയത്തു് രണ്ടു യജമാനന്മാരെ സേവിക്കുക സാദ്ധ്യ

മല്ല. (ഫ്റാൻസീസ് പുഞ്ചിരി തൂകുന്നു.) തൽക്കാലം നീ ഇവിടെ താമസിച്ചു കൊൾക. പട്ടം നല്കി നിന്നെ വൈദികാന്തസ്സിലേയ്ക്കുയർത്തുവാൻ ഞാൻ നമ്മുടെ മെത്രാനച്ചൻെറ പക്കൽ ശുപാർശ ചെയ്യാം.

(അണിയറയിൽ ആരോ ബലമായി കതകിൽ മുട്ടുന്ന ശബ്ദം. പീററർ ബർണ്ണദോൻെറ സ്വരം കേൾക്കുന്നു. "ആ മുറികളിലെല്ലാം നോക്കു. കണ്ടാൽ അവനെ വിട്ടു കളയരുതു്. പിടിച്ചു കെട്ടണം." വീണ്ടും കതകിൽ മുട്ടുന്ന ശബ്ദം.)

ഫ്രാൻ:—അച്ചാ, എൻെറ അപ്പച്ചനെന്നെ അന്വേഷിച്ചു വരികയാണെന്നു തോന്നുന്നു. ഞാനിപ്പോൾ ഇവിടെനിന്നു മാറിക്കളയുന്നതാണു നല്ലതു്. (പോകുന്നു.)

(ബർണ്ണദോൻ കോപകലുഷിതനായി പ്രവേശിക്കുന്നു. പിറകെ ഒരു കയറുമായി ചാർളിയുമുണ്ടു്.)

ബർണ്ണ:—(മൂലയിലിരുന്ന അച്ചനെ കാണുന്നതിനു മുൻപു്) അവനെവിടെ പോയി? ഇവിടെ ആരുമില്ലേ? ചാർളി, ആ മുറിയിലുംകൂടി നോക്കു.

(അച്ചനൊന്നും കൂട്ടാക്കാത്ത മട്ടിൽ വായന തുടരുന്നു. ബർണ്ണദോൻ ഒടുവിലച്ചനെ കാണുന്നു.)

ബർണ്ണ:—അച്ചാ, അവനെങ്ങോട്ടു പോയി, ഇപ്പോഴിങ്ങോട്ടു കയറുന്നതു കണ്ടവരുണ്ടല്ലോ.

അച്ച:—ഇങ്ങോട്ടു കാളയും പശുവുമൊന്നും വന്നില്ല.

ബർണ്ണ:—കാളയും പോത്തുമല്ല. ആ കഴുത—എൻെറ മകൻ ഫ്റാൻസീസ്.

അച്ച:—എന്തു്, നിങ്ങൾക്കു ഫ്റാൻസീസെന്നു പേരുള്ള ഒരു കഴുതയുണ്ടെന്നോ. അതു കൊള്ളാം. ഇതുവരെ

അങ്ങനെ പേരുള്ള ഒരു മൃഗത്തെപ്പററി ഞാൻ കേട്ടിട്ടില്ല. ആ പേരു് ഒരു കഴുതയ്ക്കു ചേർന്നതാണെന്നു തോന്നുന്നില്ല.

ബഞ്ഞ്:—എനിക്കു കളിവിനോദം പറയാൻ നേരമില്ല. എൻെറ മകനെവിടെയാണെന്നു വേഗം പറയണം.

അച്ഛ:—(ചെവി വട്ടംപിടിച്ചു്) എനിക്കു പത്തുപത്തു വയസ്സായി. ചെവിയ്ക്കുല്പം വൻപുണ്ടു്. നിങ്ങൾ പറയുന്നതൊന്നും വ്യക്തമായിട്ടു മനസ്സിലാകുന്നില്ല. കഴുതയെന്നോ, പോത്തെന്നോ, മകനെന്നോ ഒക്കെ കേട്ടു. നിങ്ങൾക്കെന്തു വേണം?

ബഞ്ഞ്:—എൻെറ മകൻ ഫ്രാൻസീസിനെ നിങ്ങൾ കണ്ടോ?

അച്ഛ:—ഓ! ഫ്രാൻസീസ്, അവനെ ഞാൻ കണ്ടിട്ടുണ്ടു്. ചിലപ്പോളൊക്കെ ഇവിടെ വരാറുണ്ടു്.

ബഞ്ഞ്:—ഇപ്പോഴെവിടെയാണു്.

അച്ഛ:—അവനിവിടെനിന്നു് ഇറങ്ങിപ്പോകുന്നതു കണ്ടു. ഞാനിവിടെത്തന്നെ കിടക്കുകയായിരുന്നു. ഇപ്പോൾ അവൻ എവിടെയാണെന്നു ഞാനെങ്ങനെ അറിയും.

ബഞ്ഞ്:—അവനൊരു കള്ളനാണു്. അവൻ മോഷ്ടിച്ചു കൊണ്ടാണു് കടന്നിരിക്കുന്നതു്.

അച്ഛ:—അവനെടുത്തു കൊണ്ടുപോയ തുണിയുടെ കാര്യമായിരിക്കും നിങ്ങൾ പറയുന്നതു്. അതു വിററു കിട്ടിയ പണം അവനിവിടെ കൊണ്ടുവരുന്നതു കണ്ടു. ആ മേശപ്പുറത്തു നോക്കു. (മേശപ്പുറത്തേക്കു കൈ ചൂണ്ടുന്നു.) ഒരു പക്ഷേ അവിടെ കണ്ടേക്കണം.

ബല്ലൻ:—(പണ സഞ്ചിയെടുക്കുന്നു) ഇനി അവനെ വിടെ. മേലിൽ ഇതുപോലുള്ള അക്രമങ്ങൾ കാണിക്കാതിരിക്കുന്നതിനു് അവനെ പിടിച്ചു കെട്ടണം.

(അച്ചൻ ബല്ലദോനെ ശ്രദ്ധിക്കാതെ വായന തുടങ്ങുന്നു.)

ബല്ലൻ:—(ഒരു മൂലയിൽ പതുങ്ങി നില്ക്കുന്ന ചാർളിയോടു്) എടാ, ചാർളി നീ അവനെ ഒന്നുകൂടി വിളിക്കു. ഒരു പക്ഷേ വല്ല കോണിലും അവൻ ഇരിപ്പുണ്ടായിരിക്കും.

ചാർ:—(അവിടെയും ഇവിടെയും തിരിഞ്ഞു്) കൊച്ചേമാനേ, കൊച്ചേമാനേ ഇങ്ങോട്ടു വാ. അപ്പച്ചൻ വിളിക്കുന്നു. (ആവർത്തിക്കുന്നു.)

ബല്ലൻ:—എടാ, മറയാ, ഞാൻ വിളിക്കുന്നെന്നു പറഞ്ഞാലവൻ വരുമോ. അവന്റെ അമ്മയ്ക്കു സുഖക്കേടു കൂടുതലാണെന്നു പറ.

ചാർ:—കൊച്ചേമാനേ, കൊച്ചേമാനേ ഇങ്ങോട്ടു വാ. അവന്റെ അമ്മയ്ക്കു സുഖക്കേടു കൂടുതലാ.

ബല്ലൻ:—എടാ മരക്കഴുതേ! ആരുടെ അമ്മയ്ക്കാടാ സുഖക്കേടു്.

ചാർ:—(തല ചൊറിഞ്ഞുകൊണ്ടു്) അതേ. ആരുടെ അമ്മയ്ക്കാ സുഖക്കേടു്? ഞാനും അതുതന്നെ വിചാരിക്കുകയായിരുന്നു.

ബല്ലൻ:—(കോപിച്ചു്) ഇങ്ങനെ കുറെ മരക്കഴുതകളെ എനിക്കു കിട്ടിയല്ലോ.

ചാർ:—കൊച്ചേമാനൻ കഴുതയാണെങ്കിൽ എന്തുകൊണ്ടു എനിക്കും കഴുതയായിക്കൂടാ, ഏതായാലും ഞാൻ മരവും തടിയുമൊന്നുമല്ല. എല്ലും നല്ല മാംസവുമുണ്ടു്.

ബഞ്ഞ്:—എടാ, ഫ്രാൻസീസിൻെറ അമ്മയ്ക്കു സുഖക്കേടാണെന്നു പറഞ്ഞു ഒന്നുകൂടി വിളിക്കൂ. അങ്ങോട്ടു മാറിനിന്നു വിളിക്കൂ.

ചാർ:—(സ്റ്റേജിൻെറ മുമ്പിലേക്കു വന്നു്) കൊച്ചേമാനേ, കൊച്ചേമാൻെറ അമ്മച്ചിക്കു സുഖക്കേടാണെന്നു വല്യേമാൻ പറയുന്നു. ഇങ്ങോട്ടു വാ.

ബഞ്ഞ്:—(കോപിച്ചു ചാർളിയുടെ അട്ടത്തുചെന്നു അവനെ പിടിച്ചു തള്ളുന്നു.) ഇറങ്ങിപ്പോടാ, മറയാ. (തൊഴിക്കുന്നു. ചാർളി പോകുന്നു.)

ബഞ്ഞ്:—(അച്ചൻെറ അട്ടത്തു ചെന്നു്) ഞാൻ മെത്രാനച്ചൻെറ പക്കൽ കേസു കൊടുക്കും.

അച്ച:—(മനസ്സിലായില്ലെന്ന ഭാവത്തിൽ) എന്തു്? എനിക്കു മനസ്സിലായില്ല.

ബഞ്ഞ്:—ഞാൻ മെത്രാനച്ചൻെറ പക്കൽ കേസുകൊടുക്കുമെന്നു്.

അച്ച:—അതു തന്നെ ഞാനും വിചാരിക്കുകയായിരുന്നു.

ബഞ്ഞ്:—ഏതു്?

അച്ച:—ഒരു കേസു കൊടുക്കാൻ.

ബഞ്ഞ്:—എന്തിനു്?

അച്ച:—ഈ പള്ളിമുററത്തുവന്നു നിങ്ങൾ ഒച്ചപ്പാടും ലഹളയും ഉണ്ടാക്കുന്നെന്നു്.

ബഞ്ഞ്:—(വാശിപിടിച്ചു്) അങ്ങനെ തന്നെ. നമുക്കു കാണാം, ആരാണു ജയിക്കുന്നതെന്നു്. (പോകുന്നു.)

(മറുവശത്തുനിന്നു ചാർളി പ്രവേശിക്കുന്നു. കൈയിൽ കയറുണ്ടു്. അച്ചൻെറ സമീപത്തേയ്ക്കു വരുന്നു.)

ചാർ:—അച്ചാ! ഈശോമിശിഹാസ്സു സ്തുതിയായിരിക്കട്ടെ.

അച്ച:—എല്ലാപ്പോഴും സ്തുതിയായിരിക്കട്ടെ. ഈ ശല്യം ഒഴിഞ്ഞില്ലെ. ഈ വയസ്സുകാലത്തു് ഇതൊരു വലിയ പരീക്ഷയായിത്തീന്നല്ലോ.

ചാർ:—അച്ചനെ ഉപദ്രവിക്കാനല്ല ഞാൻ വന്നതു്. വേറൊരു കാര്യത്തിനാ.

അച്ച:—ഹും!

ചാർ:—അച്ചാ, എനിക്കൊന്നുകൂടി പെണ്ണു കെട്ടണം. അതിനൊരു തട്ടിഫിക്കററു തരണം.

അച്ച:—എന്തു്, എനിക്കു മനസ്സിലാകുന്നില്ല. ഉറച്ചു പറയെടോ.

ചാർ:—(ഉച്ചത്തിൽ) എനിക്കു പെണ്ണിനെ കെട്ടണം

അച്ച:—അതിനാണോ ഈ കയറുമായിട്ടു് ഇറങ്ങിയിരിക്കുന്നതു്. ഈ കൊലക്കയറു കണ്ടാൽ വല്ല പെണ്ണുങ്ങളും നിന്നു തരുമോ?

ചാർ:—കയറതിനല്ലച്ചാ. ഇതു കണ്ടു പെൺപിള്ളേരാരും പേടിക്കേണ്ട ആവശ്യമില്ല. ദേ, കിടക്കുന്നു. (കയറു എറിഞ്ഞു കളയുന്നു.) എൻെറ കത്രീനാ മരിച്ചു പോയി. അവൾക്കു പിത്തശ്ശൂലയായിരുന്നു. (മൂക്കു പിഴിഞ്ഞു കരയുന്നു.) അവളൊരു കൊച്ചിനെ വിട്ടിട്ടാ പോയതു്. അതിനാണെങ്കിൽ എപ്പോഴും ചൊറിയും, ചിരങ്ങും, പരണ്ടയുമൊക്കെയാ. അതിനെ നോക്കാനൊരാളു വേണ്ടേ. എന്നെ നോക്കാനാരുമില്ലെങ്കിലും.

അച്ച:—അപ്പോൾ രണ്ടാം കല്യാണമാണോ? തനിക്കു വേദപാഠമറിയാമോ?

ചാർ:—അയ്യോ, അച്ചാ രണ്ടാം കല്യാണത്തിനും വേദപാഠം പഠിക്കണോ? അതൊക്കെ ഞാനാദ്യത്തെ കെട്ടിനു ചൊല്ലിക്കേൾപ്പിച്ചു പാസ്സായതാ. എങ്കിലും ഒരരക്കൈ നോക്കിക്കളയാം. ഇന്നത്തെ പച്ചപരിഷ്കാരികളായ പെൺപിള്ളേർക്കും, ആൺപിള്ളേർക്കും അറിയാവുന്നതിൽ കൂടുതലെനിക്കറിയാം. അവരാരും ചാർളിയെ തോല്പിക്കാൻ പോരേണ്ട.

അച്ച:—ആട്ടെ, പ്രമാണങ്ങൾ എത്ര ഉണ്ടെടോ.

ചാർ:—ഇങ്ങനെ ഖണ്ഡിച്ചു ചോദിച്ചാലെങ്ങനെയാ അച്ചാ. (തല ചൊറിയുന്നു) സുമാറു ഇരുപതു ഇരുപത്തിയഞ്ചിനോടടുത്തുവരും.

അച്ച:—അത്രേയുള്ളോ?

ചാർ:—എന്താ, ഞാൻ പറഞ്ഞതു കുറഞ്ഞുപോയോ? അതാ ഞാൻ സുമാറെന്നു പറഞ്ഞതു്. ഞാൻ പള്ളിക്കൂടത്തിൽ പഠിച്ചിരുന്നപ്പം പ്രമാണങ്ങൾ പത്തായിരുന്നു. ഇപ്പോളെത്ര വർഷം കഴിഞ്ഞു. ഒരു കാര്യം, കുറെക്കൂടി കൂട്ടാനെനിക്കു മടിയൊന്നുമില്ല.

അച്ച:—തന്റെ മടിയും, ഉത്സാഹവും നോക്കിയല്ല പ്രമാണങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതു്. പ്രമാണങ്ങളെന്നും പത്തേയുള്ളു.

(ഫ്റാൻസീസ് പിറകിൽക്കൂടി വന്നു ചാർളിയുടെ തോളിൽ തട്ടുന്നു. ചാർളി പരിഭ്രമിച്ചു തിരിഞ്ഞു നോക്കുന്നു.)

ഫ്രാൻ:—അച്ചാ, ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ. (ചാർളിയോടു്) എന്താ, ചാർളി ഇവിടെ പരുങ്ങി നില്ക്കുന്നതു്.

അച്ച:—(ഫ്രാൻസീസിനോട്ട്) കുഞ്ഞേ, ഫ്രാൻസീസേ, നീ വളരെ ക്ഷീണിച്ചിരിക്കുന്നു. ആ കസേരയിലിരിക്കണം.

ഫ്രാൻ:—വളരെ ഉപകാരം (ഇരിക്കുന്നു.) ചാർളി, നിൻെറ കയറെവിടെപ്പോയി. വേണമെങ്കിലെന്നെ വന്നു പിടിച്ചു കെട്ടിക്കോ.

ചാർ:—എൻെറ പൊന്നു കൊച്ചേമാനെ എന്നെക്കൊണ്ടു് ഈ പണി നടക്കത്തില്ല. ഞാൻ വല്ല വഴിക്കും പോകയാ. കൊച്ചേമാനനാണെങ്കിൽ ഇങ്ങനെ തലതിരിഞ്ഞ മട്ടിൽ നടക്കയാണ്. വീട്ടിലൊരു സ്വൈരവുമില്ല. തട്ടു കിട്ടുന്നതെല്ലാം എനിക്കും കൊച്ചമ്മയ്ക്കും.

ഫ്രാൻ:—അമ്മയ്ക്കെങ്ങനെയിരിക്കുന്നു. സുഖമില്ലാതെയിരിക്കയാണെന്നു നീ വിളിച്ചു കൂവിയല്ലൊ.

ചാർ:—ദുഃഖംകൊണ്ടുള്ള സുഖക്കേടല്ലാതെ മറെറാന്നുമില്ല.

ഫ്രാൻ:—അപ്പോൾ നീ വീട്ടിലേക്കു ചെന്നു്, എനിക്കു സുഖമാണെന്നു അമ്മയെ അറിയിച്ചു അമ്മയെ ആശ്വസിപ്പിക്കുക.

ചാർ:—കൊച്ചേമാനൻ വീട്ടിലേക്കു വരുന്നില്ലേ.

ഫ്രാൻ:—ഞാൻ വന്നേക്കാം. ഇവിടെ അല്പം ജോലി തീക്കാനുണ്ടു്. നീ ചെല്ലു്.

ചാർ:—(അച്ചനോട്ട്) എൻെറ തട്ടിഫിക്കററിൻെറ കാര്യം.

അച്ച:—നീ ചെന്നു് വേദപാഠം പഠിച്ചിട്ടു വരിക.

(ചാർളി പോകുന്നു.)

കട്ടൻ.

## രംഗം ഒമ്പതു്

(അസ്സീസിയിലെ മെത്രാസനക്കച്ചേരി. ഹാളിൻെറ മദ്ധ്യ ത്തിൽ ഒരു പ്ലാററുഫോറം. അതിൽ മെത്രാനച്ചൻെറ കസേര ഒഴിഞ്ഞു കിടക്കുന്നു. ഇരുവശങ്ങളിലും കസേരകൾ. ഇടതുവശത്തു് ഒരു കസേ രയിൽ പീററർ ബണ്ണ്ദോൻ ഇരിക്കുന്നു. അടുത്തു ചാർളി (സാക്ഷി) നില്ക്കുന്നു. വലതു വശത്തു സെൻറു് ഡാമിയനിലെ വൈദികൻ പുസ്ത കം വായിച്ചു കൊണ്ടിരിക്കുന്നു. മററു കസേരകളിൽ കാഴ്ചക്കാരിരി ക്കുന്നു. ചാർളി പരിഭ്രമിച്ചു ചുററും നോക്കികൊണ്ടു നില്ക്കുന്നു.)

ബണ്ണ്ദോൻ:—(രഹസ്യത്തിൽ ചാർളിയോടു്) എടാ ചാർളി.

ചാർ:—എന്തോ!

ബണ്ണ്:—നിന്നോടു ഞാൻ പറഞ്ഞതെല്ലാം നല്ല ഓ ർമ്മയുണ്ടല്ലോ? മറയത്തരങ്ങളൊന്നും എഴുന്നള്ളിക്കാതെ ഞാൻ പറഞ്ഞു തന്നിട്ടുള്ളതെല്ലാം അതുപോലെ തന്നെ പേ ടിക്കാതെ പറഞ്ഞുകൊള്ളണം. അല്ലെങ്കിലുണ്ടല്ലോ?

ചാർ:—യജമാനനെ, എനിക്കു വയററിലും ചങ്കിലു മെല്ലാം എന്തോ വലിയ വേവലാതിയും വേദനയും തോന്നുന്നു. മനസ്സിലൊന്നും നേരെ നില്ക്കുന്നില്ല. കടകോലു കൊണ്ടാരോ തലയ്ക്കകത്തു തിരിക്കുന്നതു പോലയാ.

ബെണ്ണ്:—നിൻെറ തലക്കു നാലിടി കൊള്ളുമ്പോൾ എല്ലാം നേരെനില്ക്കും. നിന്നെ ഇവിടെ വല്ലവരും മൂക്കിൽ കയററാൻ പോകുന്നോ! ഞാനെല്ലേ നിന്നെയിത്രയും തീററി വീപ്പിച്ചതു്. പറഞ്ഞതുപോലെ ചെയ്യില്ലെങ്കിൽ പിന്നെ എൻെറ അടിച്ചതിനകത്തു കേറാമെന്നു വിചാരിച്ചു പോകണ്ടാ.

(ചാർളി വലതുകൈകൊണ്ടു വാ പൊത്തിയിട്ടു് ഒരു വശത്തേക്കു ചൂണ്ടിക്കാണിക്കുന്നു. നിശ്ശബ്ദം. എല്ലാവരുമെഴുന്നേററു നില്ക്കുന്നു. ബിഷപ്പും, സെക്രട്ടറിയും പ്രവേശിക്കുന്നു. ബിഷപ്പ് ആസനസ്ഥനാകുന്നു. മററുള്ളവരും ഇരിക്കുന്നു.)

മെത്രാ:—കേസ്സിനോടു ബന്ധപ്പെട്ടവരെല്ലാം ഇവിടെയുണ്ടോ? ഫ്റാൻസീസ് എവിടെ?

വികാരി:—ഫ്റാൻസീസ് ഇവിടെത്തന്നെയുണ്ടു്.

(എഴുന്നേററു ചെന്നു് ഫ്റാൻസീസിനെ കൂട്ടിക്കൊണ്ടു വരുന്നു. ഫ്രാൻസീസ് വികാരിയച്ചൻെറ സമീപം നില്ക്കുന്നു.)

മെത്രാ:—സീഞ്ഞോർ പീററർ ബെണ്ണദോൻ, നിങ്ങളുടെ പരാതിയെന്തെന്നറിയാൻ നമുക്കു താല്പര്യമുണ്ടു്. എല്ലാം വിശദമായി പറഞ്ഞാലും.

ബെണ്ണ്:—വന്ദ്യതിരുമേനി, തിരുമേനിയെ ശല്യപ്പെടുത്താനിടയായതിൽ എനിക്കതിയായ ഖേദമുണ്ടു്. എങ്കിലും മററു മാർഗ്ഗമില്ലാതെ വന്നിരിക്കുന്നു. ഈ നിൽക്കുന്ന ഫ്റാൻസീസ്—അവനെൻെറ മകനായിപ്പോയതിൽ—അവനെ മകനെന്നു വിളിക്കുവാൻ ഞാൻ ലജ്ജിക്കുന്നു. ഇവൻ വലിയ കൊള്ളകളും, കൊള്ളരുതായ്മകളും തുടങ്ങിയിരിക്കുന്നു. ഞാനദ്ധ്വാനിച്ചുണ്ടാക്കിയ പണം കൊടുത്തു വാങ്ങി വച്ചിരുന്ന വിലപിടിച്ച ജൗളിത്തരങ്ങളും മററും ഇവൻ നഷ്ടവിലക്കു വാരിക്കൊടുത്തിട്ടു് കിട്ടുന്ന പണമെല്ലാം കണ്ടമാനം ചെ

ലവിട്ടകയാണ്. മാത്രമല്ല, എനിക്കും എൻെറ കുടുംബത്തി നും അപമാനകരമായ രീതിയിൽ കാട്ടിലും, ഗുഹയിലും താമസിക്കുകയും, കോലംകെട്ടി തെരുവീഥിയിൽ തെണ്ടിത്തിരിയുകയും ചെയ്യുന്നു, അതുകൊണ്ടു് ഒന്നുകിലിവൻ ഈ കോമാളിത്തമുപേക്ഷിച്ചു് മാനം മര്യാദയായി എന്നെ അനുസരിച്ചു ജീവിക്കണം. അല്ലെങ്കിൽ എന്നോടും എൻെറ സ്വത്തിനോടും ഇവനു യാതൊരു ബന്ധവുമില്ലെന്നു തീർത്തു പറയണം.

മെ:—ഫ്റാൻസീസിനെ ഈദൃശ പ്രവൃത്തികളിൽ നിന്നും വിരമിപ്പിക്കുന്നതിനു നിങ്ങൾ വേറെയെന്തെങ്കിലും നടപടി എടുത്തോ?

ബഞ്ഞ്:—ഉവ്വ്. ആദ്യമായി അവനെ ഞങ്ങൾ കുറെ ദിവസം നിലവറയിൽ അടച്ചുപൂട്ടിയതാണ്. ആ ശിക്ഷകൊണ്ടിവൻ മര്യാദപഠിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. എന്നാൽ ഇവൻെറ മഠയിയായ മാതാവു് അവനെ തുറന്നുവിട്ടു. അതിനുശേഷം ഇവൻെറ നടത്ത ന്യൂറുമടങ്ങു വഷളായി. ഇവനെ നല്ലപാഠം പഠിപ്പിക്കുന്നതിനു ഞാൻ കോടതിയിൽ ഹർജി കൊടുത്തു. എന്നാലിവൻ സന്യാസമെടുത്തിരിക്കുന്നെന്നോ ആറാംപട്ടം കെട്ടിയിരിക്കുന്നെന്നോ ഒക്കെ വേദാന്തം പറഞ്ഞു കോടതിയുടെ സമൻസുമായി ചെന്നവരെ വിരട്ടിവിട്ടു. അതുകൊണ്ടു് ഇനി തിരുമേനിതന്നെ ഒരു തീരുമാനമുണ്ടാക്കണം. ഇവനെൻെറ കടയിൽനിന്നും കട്ടെടുത്ത പണമെല്ലാം എന്തുചെയ്തെന്നു് ആദ്യം പറയട്ടെ.

മെ:—(ഫ്റാൻസീസിനോടു്) ഫ്റാൻസ്സീസേ, നീ നിൻെറ പിതാവിൻെറ കടയിൽനിന്നും തുണിയെടുത്തു കൊണ്ടുപോയി വിററെന്നു കേട്ടതു വാസ്തവമാണോ?

ഫ്രാൻ:—വന്ദ്യതിരുമേനീ, വാസ്തവമാണ്. എന്നാലതു വിററുകിട്ടിയതുക മുഴവനും ഞാനെൻെറ പിതാവിനെ തിരിച്ചേല്പിച്ചു.

മെ:—(ചാർളിയോട്ട്) സാക്ഷി എന്തുപറയുന്നു.

ചാർ:—(പരിഭ്രമിച്ച്) വല്യേമാനൻ പറഞ്ഞതെല്ലാം സത്യമാ.

മെ:—ഫ്റാൻസീസ് തുണിക്കെട്ടുകളെടുത്തുകൊണ്ടു പോകുന്നതു നീ കണ്ടോ?

ചാർ:—തുണിക്കെട്ടുകൾ കൊണ്ടുപോകുന്നതുകണ്ടില്ല. എങ്കിലും വലിയേമാനൻ പറഞ്ഞതു ശരിയാ. കൊച്ചേമാനൻ അതു വിററുകിട്ടിയപണം വല്യേമാനൻ തിരിച്ചെടുക്കുന്നതു ഞാൻ കണ്ടു.

മെ:—(ബെർണ്ണദോനോട്ട്) അപ്പോൾ തുണിയുടെവില നിങ്ങൾക്കു തിരിച്ചുകിട്ടി. ഇനി വേറെന്തുപരാതിയാണ് നിങ്ങൾക്കുള്ളത്.

ബർ:—ജൗളിയെടുത്തതുകൂടാതെ വേറെയും പണം അവനെടുത്തുകൊണ്ടു പോയിട്ടുണ്ട്. കൂടാതെ എൻെറ കുടുംബത്തിന് അപമാനകരമായ അവൻെറ ഈ ജീവിതരീതി അവൻ നിർത്തുമോയെന്നെനിക്കറിയണം.

മെ:—(ഫ്റാൻസീസിൻെറ നേരേനോക്കി) ഫ്രാൻസീസെന്തു പറയുന്നു?

(ഇതിനിടക്കു പീററർ ബെർണ്ണദോൻ ചാർളിയെ ആംഗ്യം കാണിച്ച് ഭീഷണിപ്പെടുത്തുകയും കഴുത്തിനു പിടിച്ചു തള്ളുകയും ചെയ്യുന്നു.)

ഫ്റാൻ:—വന്ദ്യതിരുമേനി, എൻെറ പിതാവിൻെറതെന്നും, ഞാൻ വ്യാപാരശാലയിൽ ചെയ്തിട്ടുള്ള ജോലിയുടെ പ്രതിഫലമെന്ന് അവകാശപ്പെടാവുന്നതുമായ കുറേ പണം ഞാനെടുത്തിട്ടുണ്ട്. അതിലൊരുഭാഗം, ഞാൻ പള്ളിയിലെ വിളക്കിലൊഴിക്കുന്നതിന് എണ്ണവാങ്ങുന്നതിനും പാവങ്ങളെ സഹായിക്കുന്നതിനും ചെലവിട്ടു. ബാക്കി എൻെറ കൈ വശമുണ്ട്

ബർ:—(ഫ്റാൻസീസിൻെറ നേരെ അമർഷത്തോടെ) എടാ, തെമ്മാടി നിനക്കു സ്ത്രീധനം കിട്ടിയതായിരിക്കണം അങ്ങനെ ധൂർത്തടിക്കുവാൻ. ഞാൻ ചോര നീരാക്കിയിട്ടാടാ കുറച്ചുകാശുണ്ടാക്കിയതു്. അതു വൃമ്മാ കണ്ട ഇരപ്പാളികൾക്കു കൊട്ടക്കാൻ കുറച്ചു ചേതം ഉണ്ടു്.

മെ:—(ബർണ്ണദോനോട്ടു്) സീഞ്ഞോർ, കുറച്ചു ശാന്തമായി സംസാരിക്കണം. പരിസരങ്ങൾ മറന്നുപോകരുതു്.

ഫ്റാൻ:—(മെത്രാൻെറ നേരെ തിരിഞ്ഞിട്ടു്) വന്ദ്യപിതാവേ! ഞാനെൻെറ സ്വർഗ്ഗീയപിതാവായ ദൈവത്തെയാണോ, അതോ, എൻെറ ലൌകികപിതാവിനെയാണോ അനുസരിക്കേണ്ടതെന്നു പറഞ്ഞു തന്നാലും. ദൈവം എന്നെ ഈ ജീവിതമാർഗ്ഗത്തിലേയ്ക്കു വിളിച്ചിരിക്കുന്നു. ആ വിളിയെ നിരാകരിക്കുവാൻ ഞാനശക്തനാണു്.

മെ:—(എഴുനേല്ക്കുന്നു.) മകനേ, നാം മറെറന്തിനേയും കാൾ അധികമായി ദൈവതിരുമനസ്സു് ആദരിക്കുകയും, അനുസരിക്കുകയും ചെയ്യണം. "എന്നേക്കാൾ അധികമായി അച്ഛനേയോ. അമ്മയേയോ, സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല" എന്നാണു് ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നതു്. ആകയാൽ ദൈവമാണു് നിന്നെ ഈ ജീവിതമാർഗ്ഗത്തിലേക്കു ക്ഷണിച്ചിരിക്കുന്നതെങ്കിൽ ഇനി മറെറാന്നു ചിന്തിക്കേണ്ട ആവശ്യമില്ല. നിൻെറ പിതാവിൻെറ പണമെല്ലാം തിരിച്ചേല്പിച്ചേക്കുക. അദ്ദേഹത്തിൻെറ ധനത്തിലുള്ള അവകാശവും ഉപേക്ഷിച്ചേക്കുക. ദൈവം നിൻെറ ആവശ്യങ്ങൾ സാധിച്ചു തന്നുകൊള്ളും.

ഫ്റാൻ:—വന്ദ്യതിരുമേനി, അങ്ങയുടെവാക്കുകളിൽ ഞാൻ വെളിച്ചം കണ്ടെത്തി. ഇതാ എല്ലാം ഉപേക്ഷിക്കാൻ ഞാൻ സന്നദ്ധനാണു്. (അണിയറയിലേയ്ക്കു പോകുന്നു. വസ്ത്രങ്ങൾ ഊരിമടക്കി അതിൻെറ മുകളിൽ പണസഞ്ചി വച്ചു

കൊണ്ടു് ബര്ണ്ണദോൻെറ അടുത്തുവരുന്നു.) അപ്പച്ചാ, അവസാനമായി ഞാനങ്ങയെ "അപ്പച്ചാ" എന്നു് ഒന്നുകൂടി വിളിക്കട്ടെ! കൊച്ചുന്നാളിൽ അമ്മച്ചിയെന്നെ പഠിപ്പിച്ചതും അന്നുമുതൽ മധുപോലെ എനിക്കു മധുരമായിരുന്നതുമായ ആ മൂന്നക്ഷരം—അപ്പച്ചാ! ഇതാ അങ്ങയുടെ പണം മാത്രമല്ല, അങ്ങയുടേതായ ഈ വസ്ത്രവും കൂടി ഞാൻ തിരിച്ചുതരുന്നു. (വസ്ത്രവും പണസഞ്ചിയും ബര്ണ്ണദോൻെറ മുൻപിൽ വയ്ക്കുന്നു.) മേലിൽ സ്വർഗ്ഗസ്ഥനായ പിതാവുമാത്രമേ എനിക്കു പിതാവായിട്ടുള്ളു. (സ്വർഗ്ഗത്തിലേയ്ക്കു കരങ്ങൾ ഉയർത്തിക്കൊണ്ടു്) എനിക്കു പ്രിയംനിറഞ്ഞ സ്വർഗ്ഗീയപിതാവേ! അങ്ങയിൽ ഞാൻ പരിപൂർണ്ണമായി ആശ്രയിക്കുന്നു. വയലിലെ ലില്ലിപുഷ്പങ്ങളെ അണിയിക്കുകയും, വാനത്തിലെ പക്ഷിജാലങ്ങളെ തീററിപ്പോററുകയും ചെയ്യുന്ന അങ്ങുന്നു് ഈ എളിയ മകനെ കൈവിടുകയില്ലെന്നെനിക്കുറപ്പുണ്ടു്.

(ബര്ണ്ണദോൻ പല്ലിറുമ്മിക്കൊണ്ടു തുണിക്കെട്ടു തൊഴിച്ചെറിയുന്നു. മെത്രാനച്ചൻ ഫ്റാൻസീസിൻെറ സമീപം വന്നു തൻെറ മേലങ്കികൊണ്ടു് ഫ്റാൻസീസിൻെറ ശരീരം മറച്ചുകൊണ്ടു് അദ്ദേഹത്തെ ആശ്ലേഷിക്കുന്നു.)

മെ:—മകനേ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. നിൻെറ ദൈവവിളിയെ അവസാനത്തോളം അചഞ്ചലനായി അനുഗമിക്കുന്നതിനു് അങ്ങുന്നു നിനക്കു ശക്തിനല്കട്ടെ.

(വികാരിയച്ചൻ ഒരുടുപ്പുമായി പ്രവേശിക്കുന്നു.)

അച്ച:—(മെത്രാനച്ചൻെറ സമീപത്തുചെന്നു്) ഇതു തോട്ടക്കാരൻെറ ഉടുപ്പാണു്. ഫ്റാൻസീസിതെങ്കിലും ധരിക്കട്ടെ. (ഫ്റാൻസീസ് ഉടുപ്പു ധരിക്കുന്നു.)

കർട്ടൻ.

## രംഗം പത്ത്

(വനാന്തരം. വങ്കൻ, കൊങ്കൻ, ലുങ്കൻ എന്നീ മൂന്നു കള്ളന്മാർ പ്രവേശിക്കുന്നു. എല്ലാവരും പാടിആടുന്നു.)

ഗാനം 8.

വങ്കൻ:—എടാ! പൂഹേ! ഇതെന്തൊരു നാശമെടാ! നാലു ദിവസമായി ഈ വഴിയെ ഒരു മനുഷ്യൻെറ പൊടി പോലും കാണുന്നില്ലല്ലോ.

കൊങ്കൻ:—അതു ശരിയാടാ വങ്കൻചേട്ടാ. എൻെറ കഠാരയിരുന്നു തുരുമ്പിക്കയാണ്, ഒരിരയും കിട്ടാഞ്ഞിട്ട്.

ലുങ്കൻ:—പൊടിയും പോട്ടെ, കഠാരയും പോട്ടെ. എൻെറ വയററിലെന്തൊരു കത്തലാണെന്നറിയാമോ? ആററം ബോംബു ചീററി നടക്കുന്നതുപോലെയാ. എടാ, അളിയന്മാരെ, ഈ നശിച്ച വേനൽക്കാലത്ത് ഒരു കാട്ടുകിഴങ്ങുപോലും കിട്ടാനില്ലല്ലോ.

വങ്ക:—അതേടാ, ലുങ്കാ, നീ നിൻെറ ഈ കാരിയും ഈ തൊഴിലും കളഞ്ഞിട്ട് വല്ല കപ്പ നടാനോ, വാഴവയ്ക്കാനോ പോകയാ നല്ലതു്. ചുണയില്ലാത്ത ശവം. അല്പം തൻേറട

മുള്ളരണ്ടു വഴിയാത്രക്കാരെ കണ്ടാൽ മതി, നീ പേടിച്ചു വിറച്ചു മാളത്തിൽ കയറും.

ല്യങ്ക:—നീ പോടാ വങ്കനളിയാ, നീ എന്നെ അത്ര കൊച്ചാക്കുകയൊന്നും വേണ്ടാ. രണ്ടല്ല, നാലു പേരെ ഒററയ്ക്കു നേരിടാൻ ല്യങ്കൻെറ കൈയ്ക്കു കരുത്തുണ്ടു്. താനെന്തറിയുന്നു? ഇന്നാളൊരു ദിവസെ—ഞാനിതിലെ തനിച്ചു വന്നപ്പോഴെ—ഒരു പുലിയിതാ (കാട്ടിലേക്കു കൈചൂണ്ടിക്കൊണ്ടു ഒരു പുലിയെ കണ്ട മട്ടിൽ പറയുന്നു. വങ്കനും, കൊങ്കനും പേടിച്ചു ല്യങ്കനെ കെട്ടിപ്പിടിക്കുന്നു.)

വങ്ക: കൊ:—എവിടെ! എവിടെ!

ല്യങ്ക.—അല്ല ഞാൻ പഴയ കഥ പറയുകയായിരുന്നു. അപ്പോൾ നിങ്ങളിങ്ങനെ പേടിച്ചാലൊ. അപ്പോഴെ—പുലിയെൻെറ നേരെ ചാടിയിങ്ങു വീണു. കഠാരയെടുക്കാൻ നേരം കിട്ടിയില്ല. ഞാൻ കൈചുരുട്ടി ഒരൊററയിടി, പുലിയുടെ മൂക്കിൻെറ പാലംനോക്കി. പുലി അതാ മരിച്ചു മരവിച്ചവിടെ മറിഞ്ഞു വീണു.

വങ്ക:—നിറുത്തെടാ ഈ വീമ്പടിയൊക്കെ. അതാ ആരോ ഇതിലെ വരുന്നുണ്ടെന്നു തോന്നുന്നു.

(കള്ളന്മാർ ഒളിക്കുന്നു. ചാർളി പ്രവേശിക്കുന്നു, മുഖത്തു് ഭയം നിഴലിക്കുന്നുണ്ടു്.)

ചാർളി:—വഴി തെററിപ്പോയെന്നാ തോന്നുന്നതു്. ഇതു ഭയങ്കരമായ ഒരു കാടാണല്ലൊ. ഇനി അങ്ങോട്ടു പോകാൻ വഴിയും കാണുന്നില്ല.

(കള്ളന്മാർ കഠാരകളുമായി ചാടിവീഴുന്നു)

വങ്ക:—നീ ആരാണു്. (പിടലിക്കു പിടിച്ചു തിരിക്കുന്നു.) എവിടെ പോകുന്നു? കൈയിൽ ഉള്ളതെല്ലാം ഇവിടെ വയ്ക്കു.

ലുങ്ക:—പറയെടാ.

ചാർളി:—ഞാൻ പാവപ്പെട്ട ഒരു യാത്രക്കാരനാണേ–കൈയിൽ ഒന്നുമില്ലേ.

കൊങ്ക:—എടാ, ഇതു പബ്ളിക്ക റോഡൊന്നുമല്ലെന്നറിഞ്ഞില്ലെ. ഉം വയ്ക്കു സഞ്ചാരനികുതി.

ചാർളി:— യജമാനന്മാരെ വഴിതെററിപ്പോയതാണ്. ക്ഷമിക്കണേ–രക്ഷിക്കണേ.

വങ്ക:—ക്ഷമിച്ചേക്കാം, കൈവശമുള്ളതെല്ലാം താഴെ വച്ചേയ്ക്കു.

(ചാർളി ചില്ലറ നാണയങ്ങൾ കൊട്ടുന്നു,)

കൊങ്ക:—എടാ, ഇരപ്പാളി, ഞങ്ങൾ പിച്ചക്കാരാണെന്നാണൊ നീ വിചാരിക്കുന്നതു്. ആ പടമുള്ള കടലാസെല്ലാം മര്യാദക്കു കൊട്ടുകെടാ. (അടിക്കുന്നു.)

ചാർളി:—അയ്യോ! തരാമെ! (നോട്ടുകൾ കൊട്ടുന്നു)

വങ്ക:—ബാക്കിയുള്ളതുംകൂടി എട്ടുകെടാ. (കഠാര ഓങ്ങുന്നു.)

ചാർളി:—അയ്യോ, കൊല്ലരുതേ; ഇനിയൊന്നുമില്ലേ.

വങ്ക:—എല്ലാം തീൎന്നോടാ, ആട്ടെ പൊയ്ക്കോ. ഇനി ഈ വഴി വന്നേക്കരുതു്. നമ്മൾ തമ്മിൽ പരിചയപ്പെട്ട കാര്യം നിൻെറ കെട്ടിയവളോടു പോലും മിണ്ടരുതു്. അല്ലെങ്കിൽ അറിയാമല്ലൊ (കഠാര കാണിക്കുന്നു)

ചാർളി:—എൻെറ പെണ്ടാട്ടി ചത്തുപോയേ! (ഓടുന്നു)

(അണിയറയിൽ ഗാനം കേൾക്കുന്നു. കള്ളന്മാർ ഒളിക്കുന്നു. പാടിക്കൊണ്ടു് ഫ്രാൻസീസ് പ്രവേശിക്കുന്നു. വേഷം—തവിട്ടു കുപ്പായവും ചരടുകൊണ്ടുള്ള ഇടക്കെട്ടും.)

ഗാനം 9.

ഫ്രാൻ:—ഓ സ്നേഹമയിയായ ജഗൽപിതാവെ! ഇതാ പഞ്ജരവിമുക്തയായ പൈങ്കിളിയെപ്പോലെ എന്റെ അന്തരാത്മാവു് സ്വാതന്ത്ര്യത്തിന്റെ പൂഞ്ചിറകുകൾ വിരിച്ചു് അങ്ങേ സ്നേഹസാമ്രാജ്യത്തിൽ സ്വച്ഛന്ദം പാടിപ്പറന്നുല്ലസിക്കുന്നു. ലോകവുമായി എന്നെ ബന്ധിച്ചിരുന്ന കെട്ടുകളെല്ലാം പൊട്ടിത്തകന്നുകഴിഞ്ഞു. ഇനി നാട്ടും, കാട്ടും, കടലും എല്ലാമെന്റെ തറവാടാണു്. അങ്ങുന്നെനിക്കായി വെള്ളിനക്ഷത്രങ്ങൾ പതിച്ച നീലനീരാളമേൽക്കട്ടിക്കു കീഴിൽ പച്ചപ്പരവതാനി വിരിച്ച പൂമെത്തയൊരുക്കിയിട്ടിരിക്കുന്നു. ഇതില്പരം ഒരു സജ്ജീകരണം ഈ എളിയ മനുഷ്യനു വേണമൊ. അങ്ങയുടെ സൃഷ്ടിജാലങ്ങളത്രയും ഈയുള്ളവനു കൊച്ചനുജന്മാരും കൊച്ചനുജത്തിമാരുമാണു്. എല്ലാവരുമോടൊത്തു ഞാനങ്ങയെ പാടിപ്പുകഴ്ത്തും.

(കള്ളന്മാർ ചാടിവീഴുന്നു)

വങ്ക:—ആരെടാ, ഈ കാട്ടിൽ കയറി പാട്ടുപാടുന്നതു്. നിൽക്കവിടെ; അനങ്ങിപ്പോയാൽ തട്ടിക്കളയും.

(കള്ളന്മാർ ഫ്രാൻസീസിന്റെ ഇരുകരങ്ങളിലും പിടിക്കുന്നു)

ഫ്രാൻ:—പ്രിയപ്പെട്ട സഹോദരങ്ങളെ, നിങ്ങൾക്കെന്തുവേണം? എന്റേതെന്നു പറയുവാൻ ഈ കീറക്കുപ്പായവും കയറും മാത്രം ഉണ്ടു്. നിങ്ങൾക്കവ വേണമെങ്കിൽ എടുത്തുകൊൾക. പോരാ, നിങ്ങൾക്കെന്നെ കൊല്ലുകകൂടി വേണമെന്നോ? ലോകത്തിന്റെയും ധനത്തിന്റെയും കെട്ടുകളിൽ നിന്നു് ഞാൻ രക്ഷപ്പെട്ടു കഴിഞ്ഞു. ഇനി ഈ ശരീരം മാത്രമൊരു ഭാരമായിട്ടുണ്ടു്. നിങ്ങളിതു നശിപ്പിക്കുകയാണെങ്കിൽ ഞാൻ പരമസ്വതന്ത്രനായി എന്റെ പരമപിതാവിന്റെ പാവനപാദത്തിങ്കലേക്കു പറന്നുപോകും. അദ്ദേഹം മാത്രമാ

ണ് ഇനി എൻെറ ജീവിതലക്ഷ്യം, എൻെറ ചിന്തകളുടെ കേന്ദ്രം.

വങ്ക:—(ഫ്രാൻസീസിൻെറ തോളിൽ പിടിച്ചു കുലുക്കിക്കൊണ്ടു്) നിറുത്തെടാ നിൻെറ പഠാർത്ഥം. എടാ, നീ ആരെന്നു പറ. എവിടെന്നു വരുന്നു?

ഫ്രാൻ:—(ദൃഢസ്വരത്തിൽ) ഞാൻ രാജാധിരാജൻെറ സന്ദേശവാഹകനാകുന്നു.

ലുങ്ക:—ഹാ—ഹാ—ഹാ— അരക്കിറുക്കൻ! ഉവൻെറ പോക്കററിൽ വല്ലതുമുണ്ടോയെന്നു നോക്കു് (രണ്ടുപേർ ഫ്രാൻസീസിൻെറ ഇരു കീശകളിലും കൈയിട്ടു നോക്കുന്നു,)

കൊങ്ക:– എടാ, അളിയാ, ഈ കീശയ്ക്കു മൂട്ടപോലുമില്ലല്ലൊ.

വങ്ക:—(മറേറ കീശയിൽനിന്നുമൊരു ചുരുട്ടുകുററിയെടുക്കുന്നു) ഇതാ ഒരു ചുരുട്ടിൻെറ കഷണം, ഈ കീശയിലാകെക്കൂടിയുള്ള ധനം.

ഫ്രാൻ:—സഹോദരന്മാരെ! തെററിദ്ധരിക്കരുതേ. എനിക്കു യാതൊരു ധനവുമില്ല. ഈ കുപ്പായം എനിക്കു മെത്രാനച്ചൻെറ തോട്ടക്കാരൻ സമ്മാനിച്ചതാണു്. കിഴവനെടുക്കുന്നതിനു മറന്നുപോയതിനാൽ കീശയിൽ കിടന്നതാണു് ചുരുട്ടുകുററി. നിങ്ങൾക്കു വേണമെങ്കിലതെടുത്തുകൊള്ളുക.

വങ്ക:—അമ്പടാ! നിൻെറ ഔദാര്യം. രാജാധിരാജൻെറ അടുക്കളക്കാരൻ! അരക്കിറുക്കൻ! നീ അവിടെക്കിട. (ഫ്രാൻസ്സീസിനെ ഒരു കുഴിയിലേക്കു തള്ളിയിട്ടിട്ടു് അവർ പോകുന്നു. ഫ്രാൻസ്സീസ് പൊടിയും മണ്ണും തട്ടിക്കളഞ്ഞിട്ടു പാട്ടുപാടിക്കൊണ്ടു കയറി വരുന്നു.)

(കർട്ടൻ)

## രംഗം പതിനൊന്നു്

(തെരുവീഥി—ഫ്രാൻസീസ് പ്രവേശിക്കുന്നു)

ഫ്രാൻ:—ത്രിലോകങ്ങളുടെ സ്രഷ്ടാവും, സർവ്വവ്യാപിയുമായ ജഗൽപിതാവേ അങ്ങേയ്ക്കൊരു ഭവനം നിർമ്മിക്കുവാൻ—നിർമ്മിക്കുവാനല്ല, അങ്ങയുടെ ഭവനത്തിൻെറ കേട്ടുപാടുകൾ പോക്കുവാൻ അവിടുന്നീയുള്ളവനോടാജ്ഞാപിച്ചിരിക്കുന്നു—ആജ്ഞാപിച്ചില്ല, നിസ്സഹായനായി അഭ്യർത്ഥിക്കുകയാണു് ചെയ്തതു്. അഹോ, വിചിത്രം! പ്രതാപവാനായ ദാവീദു മഹാരാജാവു് അങ്ങേയ്ക്കുവേണ്ടി ഗംഭീരമായ ഒരു ദേവാലയം പണിയുന്നതിനു് വിപുലമായ സജ്ജീകരണങ്ങൾചെയ്തു. എന്നാലതു നിർമ്മിക്കുന്നതിനു് അങ്ങുന്നു് അദ്ദേഹത്തെ അനുവദിച്ചില്ല. എന്നാലിതാ, അശക്തനും അയോഗ്യനുമായ എന്നോടു് അങ്ങയുടെ ഭവനം സമുദ്ധരിക്കുവാനഭ്യർത്ഥിക്കുന്നു!

പിതാവേ! അങ്ങയുടെ പള്ളി പണിയുന്നതിനു് പണം വേണമല്ലോ. എനിക്കു പണമില്ല. എനിക്കു സ്നേഹിതന്മാരില്ല............പണമെന്തിനു്? പണം! കറൻസിനോട്ടുകൾ അട്ടിയട്ടിയായി അടുക്കിവച്ചാണോ ഭിത്തികെട്ടി

ഉയത്തേണ്ടതു്: നാണയങ്ങളിടിച്ചു പൊടിച്ചാണോ കുമ്മായം ചേക്കേണ്ടതു്? അല്ല. പണവുമായി വേർപെട്ടവാൻ മനുഷ്യൻ വിമ്മിഷ്ടപ്പെട്ടുന്നു. മാതാപിതാക്കന്മാരെ ഉപേക്ഷിക്കാം. മക്കളെ ഉപേക്ഷിക്കാം. സഹോദരീസഹോദരന്മാരെ തള്ളിപ്പുറത്താക്കാം, എന്നാൽ പണത്തെ വിട്ടുപിരിയുക, ഒരവയവം വെട്ടിക്കളയുന്നതുപോലെയാണു്. അത്ര കണ്ടു മനുഷ്യൻ നാണയവുമായി ഒട്ടിച്ചേൎന്നുപോയി. അതുകൊണ്ടു ഞാൻ പണം ചോദിക്കുന്നില്ല. പള്ളി പണിയാൻ കല്ലും, കുമ്മായവും, സഹകരണവും മാത്രം യാചിക്കാം.

ഗാനം 10.

(രണ്ടു യാത്രക്കാർ പ്രവേശിക്കുന്നു)

ഒന്നാ:—(ഫ്രാൻസ്സീസിനെ നോക്കിക്കൊണ്ടു്) ആരാണിതു്?

രണ്ടാ:—ആ ജൗളിക്കടക്കാരൻ ബല്ലിദോൻ മുതലാളിയുടെ മകനാണല്ലോ ഇതു്.

ഒന്നാ:—ആ കുതിരപ്പുറത്തോടി നടന്ന കോമളക്കുട്ടനോ?

രണ്ടാ:—അതു തന്നെ.

ഒന്നാ:—ഇയാൾക്കെന്തു പററിയപ്പനെ?

രണ്ടാ:—വട്ടാണെന്നാ തോന്നുന്നതു്.

ഫ്രാൻ:—സഹോദരന്മാരെ, എനിക്കു ദൈവമല്ലാതെ വേറെ പിതാവില്ല. അദ്ദേഹത്തിൻെറ ദേവാലയം നന്നാക്കുന്നതിനാണു് ഞാൻ കല്ലു യാചിക്കുന്നതു്. നിങ്ങളോരോ കല്ലു വീതമെങ്കിലും തന്നാൽ അദ്ദേഹം അതിനുതക്ക സമ്മാനം നിങ്ങൾക്കു തരും.

രണ്ടാ:—ചേട്ടാ, ഞാൻ പറഞ്ഞതിൽ വല്ല തെററുമുണ്ടോ? കേട്ടില്ലേ അയാൾ പറയുന്നതു്. അവൻ നിത്യപിതാവിൻെറ മടിയിൽനിന്നും ഇങ്ങോട്ടുരുണ്ടു വീണതാണെന്നു്.

ഒന്നാ:—സമയമായി; നമുക്കു പോകാം. ഓരോരുത്തൻെറയും തലവിധിയെന്നല്ലാതെന്തു പറയാനാണു്.

(ഫ്രാൻസ്സീസ് ഗാനം തുടരുന്നു. കപിൻറവാളിയും, സിൽവസ്റ്ററും പ്രവേശിക്കുന്നു. ഗാനം ശ്രദ്ധിച്ചു കേൾക്കുന്നു.)

കപിൻറ:—ഫ്രാൻസ്സീസേ! നീ എന്താണു ചോദിക്കുന്നതു്? നിനക്കു വീടു പണിയുവാൻ കല്ലു വേണമോ?

ഫ്രാൻ:—എനിക്കു വീടു പണിയുവാനല്ല. നിങ്ങൾ കണ്ടിട്ടുള്ളതാണു് സെൻറു് ഡാമിയൻ ദേവാലയം. അതിടിഞ്ഞുപൊളിഞ്ഞു വീഴാൻ പോകുന്നു. ദൈവത്തിൻെറ ഭവനമല്ലെ. അതു പുതുക്കിപ്പണിയേണ്ടതു് നമ്മുടെ ഓരോരുത്തൻെറയും കടമയാണു്. നിങ്ങളതിനു സഹായിച്ചാൽ ദൈവം നിശ്ചയമായും അതിനു തക്ക പ്രതിഫലം നൽകും. ഇപ്പോൾ നിങ്ങൾ പള്ളി പണിയുന്നതിനായിത്തരുന്ന ഓരോ കല്ലും സ്വർഗ്ഗത്തിൽ നിങ്ങളുടെ നിത്യാനന്ദ ഭവനത്തിൻെറ ഓരോ കല്ലുകളായി മാറിയിരിക്കുന്നതു് ഒരു ദിവസം കാണാം.

കപിൻറ:—ഫ്രാൻസീസ് പറയുന്നതിൽ കാര്യമുണ്ടു്. ശാന്തിയിലും, ഏകാന്തതയിലും ദൈവവുമായി ഹൃദയം തുറന്നു സംസാരിച്ചു ആശ്വസിക്കുന്നതിനുള്ള ആശ്രയസ്ഥാനമാണു് ദേവാലയം. അതു യോഗ്യമായ നിലയിൽ വെടിപ്പാക്കിയിടേണ്ടതു് ആവശ്യമാണു്. ഭിത്തി ഇടിഞ്ഞു തലയിൽ വീണേക്കുമെന്ന മട്ടാണു് നിലയെങ്കിൽ എങ്ങനെ അതിൽ കയറി സമാധാനത്തോടെ പ്രാത്ഥിക്കുവാൻ കഴിയും?

സിൽ:—ശരി, ഫ്രാൻസ്സീസേ, എന്റെ വീട്ട പണി യുന്നതിനുപയോഗിച്ചതിന്റെ ബാക്കി പത്തു നൂറു കല്ലുകൾ കിടപ്പുണ്ട്. അവ തരാം.

ക്വിൻറ:—സഹോദരാ, എന്റെ വീട്ടിൽ അരച്ചാക്കു കുമ്മായം കിടപ്പുണ്ട്. അതു തരുന്നതിനു എനിക്കു സന്തോഷമേ ഉള്ളൂ.

ഫ്രാൻ:—സഹോദരന്മാരെ, സന്മനസ്സുള്ളവൎക്കു സമാധാനം എന്നതാണ് ലോകത്തിനു സുവിശേഷം നൽകുന്ന പ്രഥമസന്ദേശം. നല്ല മനസ്സുള്ളവൻ നന്മചെയ്യുന്നതിനുള്ള മാൎഗ്ഗവും കണ്ടെത്തും. നിങ്ങൾക്കു സമയമുള്ളപ്പോൾ സെൻറു് ഡാമിയനിലേക്കു വരാം. നമ്മൾക്കൊരുമിച്ചു അവിടെ അല്പം ജോലി ചെയ്യാൻ കഴിയും. ദൈവം നല്ലവനാണ്. അങ്ങുന്നു നിങ്ങളെ അനുഗ്രഹിക്കും.

കൎട്ടൻ.

## രംഗം പന്ത്രണ്ട്

(കപിൻറവാളിയുടെ ഭവനം. ഫ്രാൻസീസും, കപിൻറവാളിയും സംഭാഷണത്തിൽ)

കപിൻറ:—ഇന്നലെ ഞാൻ കണ്ട ആ കാഴ്ച—അതെൻെറ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു.

ഫ്രാൻ:—അതെന്തായിരുന്നു?

കപിൻറ—മറെറാന്നുമല്ല—അങ്ങയെ ഒരു ഭ്രാന്തനാക്കിയ ആ ജനങ്ങളുടെ വകതിരിവില്ലായ്മ. മര്യാദയില്ലാത്തവരുടെ അക്രമങ്ങൾ, ചെളിയും കല്ലും വാരിയെറിഞ്ഞ് അങ്ങയെ ആക്ഷേപിക്കുകയും, ദേഹോപദ്രവം ഏല്പിക്കുകയുംചെയ്തു്— അതെല്ലാം അങ്ങ് എത്ര ക്ഷമയോടെ സഹിച്ചു.

ഫ്രാൻ:—അതിൽ അതിശയിക്കാനൊന്നുമില്ല. നമ്മുടെ സ്നേഹനാഥനായ യേശുവിനു് എന്തെല്ലാം സഹിക്കേണ്ടി വന്നു. അവർ അങ്ങയെ എത്ര നിർദ്ദയമായി മർദ്ദിച്ചു. കൽത്തൂണിന്മേൽ കെട്ടപ്പെട്ട് അവിടുന്നേററ ചമ്മട്ടി അടികൾ എത്ര കഠോരമായിരുന്നു. മുൾമുടി അവർ ആ നാഥൻെറ തിരുശിരസ്സിൽ അടിച്ചുറപ്പിച്ചതു്—കാൽവരിയിലേയ്ക്കു

അവിട്ടത്തെ പൂമേനി വലിച്ചിഴച്ചതു്—രണ്ടു കള്ളന്മാരുടെ മദ്ധ്യേ എരിവെയിലിൽ കുരിശിൽ കിടന്നുകൊണ്ടു് അവിട്ടന്നനുഭവിച്ച മരണ യാതന—ഹാ! അതെല്ലാമോക്കുമ്പോൾ നിങ്ങളിന്നലെ കണ്ടതെല്ലാം എത്ര തുച്ഛം! എത്ര നിസ്സാരം! അതേ, സ്നേഹം സ്നേഹിക്കപ്പെടുന്നില്ല—സ്നേഹം സ്നേഹിക്കപ്പെടുന്നില്ല. അങ്ങുന്നു സ്നേഹം തന്നെയാണു്. അതു കൊണ്ടാണു് തന്നെത്തന്നെ ബലിയായി അപ്പണം ചെയ്തു്. എന്നാലെത്രപേർ അതു സ്മരിക്കുന്നു. ഹാ! സ്നേഹം സ്നേഹിക്കപ്പെടുന്നില്ല. ലോകം ഒട്ടുക്കു് സഞ്ചരിച്ചു് ഇതു വിളിച്ചു പറഞ്ഞു നിലവിളിക്കുവാനെനിക്കു കഴിഞ്ഞിരുന്നെങ്കിൽ!

കപിൻറ:—പിതാവേ ക്ഷമിക്കണം. എൻെറ ശിലാഹൃദയം മാനസാന്തരപ്പെടുവാൻ എനിക്കു വേണ്ടിയും പ്രാത്ഥിക്കേണമേ. അവിട്ടന്നെൻെറ ക്ഷണം സ്വീകരിച്ചതിൽ ഞാൻ നന്ദി പറയുന്നു. ഇനി നമുക്കു വിശ്രമിക്കാം; സമയം അതിക്രമിച്ചിരിക്കുന്നു.

(ഇരുവരും കിടക്കകളിലേക്കു് പോകുന്നു. കിടക്കകൾക്കിടയ്ക്കു് ഒരു സ്ക്രീൻ ഉണ്ടു്. ഫ്രാൻസീസു് കുരിശു വരച്ചശേഷം കിടക്കുന്നു. കപിൻറവാളി ഒരു വശത്തേക്കു മാറി നില്ക്കുന്നു.)

കപിൻറ:—(ആത്മഗതം) ഫ്രാൻസീസിൻെറ വാക്കുകളും പ്രവൃത്തികളും എൻെറ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു കഴിഞ്ഞു. എങ്കിലും അദ്ദേഹത്തിൻെറ ആധ്യാത്മിക ചൈതന്യത്തിൻെറ ആഴമെന്താണെന്നൊന്നു പരീക്ഷിച്ചറിയണം.

(കപിൻറവാളി പോയിക്കിടന്നുറങ്ങിയതായി ഭാവിക്കുന്നു. ഫ്രാൻസീസ് സാവധാനത്തിൽ എഴുന്നേററു് കപിൻറവാളി ഉറങ്ങിക്കഴിഞ്ഞോ എന്നു നോക്കുന്നു. കപിൻറവാളിയുടെ കൂർക്കംവിളികേട്ടു് ദൂരെ മാറി മുട്ടുകുത്തി ഇരുകരങ്ങളും വിരിച്ചു് ദീർഘനിശ്വാസത്തോടെ പ്രാത്ഥിക്കുന്നു.)

ഫ്രാൻ:—എൻെറ ദൈവമേ! എൻെറ സർവ്വസ്വവു മേ! (പൂർവ്വാധികം തീക്ഷ്ണതയോടെ രണ്ടു പ്രാവശ്യംകൂടി ആ വർത്തിക്കുന്നു) ഹാ! നാഥാ! സ്നേഹനാഥാ...! കത്താവെ, അ ങ്ങുന്നാരാണ്? ഏഴയായ ഞാനാരാണ്? എന്നെ അങ്ങുന്നു് ഇത്രയധികം സ്നേഹിക്കുവാൻ, എൻെറ മേൽ അങ്ങുന്നു കാരു ണ്യം ഇത്രമാത്രം വഷിക്കുവാൻ ഞാനെന്തു ചെയ്തു? ഓ! സ്നേ ഹനാഥാ! അങ്ങുന്നു സ്നേഹം തന്നെയാണ്. ഓ, സ്നേഹം സ്നേഹിക്കപ്പെട്ടുന്നില്ല. (പൂർവ്വാധികം തീക്ഷ്ണതയോടും, ആവേ ശത്തോടും കൂടി രണ്ടു പ്രാവശ്യം ആവത്തിച്ചു പറയുന്നു,)

(കപിൻറവാളി സാവധാനം എഴുന്നേററു് സ്ക്രീനിൻെറ മുക ളിൽകൂടി നോക്കുന്നു. ഫ്രാൻസീസിൻെറ മുഖത്തേക്കു് മുകളിൽനിന്നു് സ്വൎഗ്ഗീയ വെളിച്ചം വീശുന്നു.)

അശരീരി:—ഫ്രാൻസീസ്! (അല്പനേരത്തേക്കുനിശ്ശബ്ദം)

ഫ്രാൻ:—ഹാ! ഹാ!

അശ:—ഫ്രാൻസീസേ, സ്നേഹം നിന്നെ ഒരു ഭ്രാന്ത നാക്കിയിരിക്കുന്നു.

ഫ്രാൻ:—ഹാ! നാഥാ, ഞാനാണോ ഭ്രാന്തൻ അതോ അങ്ങുന്നാണോ ഭ്രാന്തൻ. സർവ്വോപരി സ്നേഹയോഗ്യനെ– അല്ലാ, സ്നേഹത്തെത്തന്നെയാണു ഞാൻ സ്നേഹിക്കുന്നതു്. എ ന്നാൽ നന്ദിഹീനനായ, ഹൃദയശൂന്യനായ നീചകീടത്തെയാ ണങ്ങു സ്നേഹിക്കുന്നതു്. ഈ നികൃഷ്ടജീവിക്കുവേണ്ടി അങ്ങ യുടെ അമൂല്യജീവനെ ബലികഴിച്ച അങ്ങുന്നല്ലയോ ഭ്രാന്ത രിൽ ഭ്രാന്തൻ. ഹാ! നാഥാ!

അശ.—ഫ്രാൻസീസേ, എളിയ മനുഷ്യാ, നീ എ നിക്കു് ഉത്തരം മുട്ടിച്ചിരിക്കുന്നു. നിനക്കു സമാധാനം!

(ഫ്രാൻസീസ് സാവധാനമെഴുന്നേററു് കിടക്കയുടെ സമീപ ത്തേക്കു നീങ്ങുന്നു. കപിൻറവാളി അടുത്തുവന്നു് ഫ്രാൻസീസിൻെറ കാല്ക്കൽ മുട്ടുകുത്തുന്നു.)

ക്വിൻറ:—പിതാവെ! എന്നോട്ട ക്ഷമിക്കേണമെ. അഭൗമികമായ ആ സംഭാഷണം ഒളിച്ചു നിന്നു കേട്ട എൻെറ അവിവേകത്തെ ക്ഷമിച്ച് എന്നെ അനുഗ്രഹിച്ചാലും. (പാദം ചുംബിക്കുന്നു.)

ഫ്രാൻ:—സഹോദരാ, നിങ്ങൾ ഉറങ്ങിയില്ലേ? എഴുന്നേൽക്കുക, സമാധാനമായിരിക്കുക.(പിടിച്ചെഴുന്നേല്പിക്കുന്നു)

ക്വിൻറ:—പിതാവെ എനിക്കങ്ങയോട്ട് ഒരു സംശയം ചോദിക്കാനുണ്ട്.

ഫ്റാൻ:—ചോദിക്കാമല്ലൊ. (ഇരുവരും ഇരിക്കുന്നു)

ക്വിൻറ:—ഒരുവൻ വളരെ കാലങ്ങളായി തൻെറ യജമാനനിൽനിന്നും നിരവധി സ്വത്തുക്കൾ കൈപ്പററിപോരുകയും എന്നാൽ അവ ഉപയോഗിക്കാനാഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം അവൻ ചെയ്യേണ്ട നല്ല കാര്യമെന്താണ്?

ഫ്രാൻ:—അവനാരിൽനിന്നു് അവ കൈപ്പററിയോ ആ യജമാനനു തന്നെ അവ മടക്കി കൊടുക്കുകയാണുവേണ്ടതു്.

ക്വിൻറ:—ഞാൻ തന്നെയാണ്, ദൈവത്തിൽ നിന്നു് വളരെയധികം, ഞാനർഹിക്കുന്നതിലും അധികം മുതൽ സ്വീകരിച്ചിരിക്കുന്നതു്. അതു് ഞാനങ്ങയുടെ കരങ്ങളിലേല്പിക്കുന്നു. അങ്ങുന്നിഷ്ടംപോലെ അതു വിനിയോഗിച്ചുകൊള്ളണം. പിതാവെ, ഇന്നുമുതൽ അങ്ങയെ അനുഗമിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ഫ്രാൻ:—ദൈവത്തിനു സ്തോത്രം. ഏററവും പ്രധാനപ്പെട്ട ഒരു സംഗതിയാണ് നിങ്ങൾ ചെയ്യുവാൻ പോകുന്നതു്. അതു ചെയ്യുന്നതിനു മുൻപ് നമുക്കു ദൈവതിരുമനസ്സറിയുന്നതിനു പ്രാർത്ഥിക്കാം. ക്രിസ്തുവാണ് നമ്മുടെ വഴികാട്ടി. സുവിശേഷത്തിലാണ് അങ്ങുന്നു തൻെറ വഴി നമുക്കു നിർദ്ദേശിച്ചു തന്നിരിക്കുന്നതു്. നിങ്ങൾ ചെന്നു് സുവിശേഷമെടുത്തു കൊണ്ടു വരിക. (ക്വിൻറവാളി പുസ്തകമെടുക്കാൻ പോകുന്നു)

ഫ്റാൻ:—ഈശോനാഥാ! ഇതാ അങ്ങയുടെ രണ്ടു എളിയ ദാസന്മാർ, തങ്ങളുടെ ജീവിതം മുഴവനും അങ്ങേക്കു സമപ്പിക്കുന്നു. ഞങ്ങളേതു മാർഗ്ഗത്തിലൂടെയാണു് അങ്ങയെ സേവിക്കേണ്ടതെന്നു കാണിച്ചു തരുവാൻ കൃപയാകണമെ.

(ക്വിൻറവാളി സുവിശേഷവുമായി വരുന്നു)

ഫ്റാൻ:—(ക്വിൻറവാളിയോട്ടു്) സഹോദരാ, വളരെ ഉപകാരം. പുസ്തകം കൈയിലിരിക്കട്ടെ. കണ്ണടച്ചുകൊണ്ടു് അതു തുറക്കുക. (ക്വിൻറവാളി അനുസരിക്കുന്നു) ഇനി കണ്ണു തുറന്നു് കാണുന്ന വാക്യം വായിക്കുക.

ക്വിൻറ:—"നിനക്കു പരിപൂണ്ണനാകുവാൻ മനസ്സുണ്ടെങ്കിൽ, നീ പോയി നിൻെറ മുതൽ വിററു ദരിദ്രക്കു കൊടുക്കുക."

ഫ്റാൻ:—ദൈവത്തിനു സ്തോത്രം. ഇനി അടച്ചു് വീണ്ടും തുറന്നു കാണുന്ന വാക്യം വായിക്കുക.

ക്വിൻറ—"നിങ്ങളുടെ യാത്രയിൽ വടിയോ, അപ്പമോ, പണമൊ ഒന്നും എടുക്കരുതു്. രണ്ടു കുപ്പായങ്ങളും നിങ്ങൾക്കുണ്ടായിരിക്കരുതു്."

ഫ്റാൻ:—ദൈവത്തിനു സ്തോത്രം. ഒരു പ്രാവശ്യം കൂടി അടച്ചിട്ടു തുറന്നു വായിക്കുക.

ക്വിൻറ:—"എൻെറ പിന്നാലെ വരുവാൻ മനസ്സുള്ളവൻ തന്നെത്തന്നെ പരിത്യജിച്ചു തൻെറ കുരിശുമെടുത്തു് എന്നെ അനുഗമിക്കട്ടെ."

ഫ്റാൻ:—ദൈവത്തിനു സ്തോത്രം. സഹോദരാ, നമ്മൾ ശീലിക്കേണ്ടതായ ജീവിതം ഇതത്രെ. നിങ്ങളും ഞാനും നമ്മോടുകൂടിച്ചേരുവാനാഗ്രഹിക്കുന്ന എല്ലാവരും പാലിക്കേണ്ട നിയമം ഇതാണു്. ആകയാൽ ആദ്യമായി നിങ്ങൾ ചെന്നു് ഇപ്പോൾ കേട്ടപോലെ പ്രവത്തിക്കുക. അതിനുശേഷം നിങ്ങൾക്കു സന്യാസവസ്ത്രം സ്വീകരിക്കാം.

(കർട്ടൻ)

## രംഗം പതിമ്മൂന്നു്

(തെരുവീഥി— സിൽവെസ്റ്റർ പ്രവേശിക്കുന്നു)

സിൽ:—അപ്പോൾ ഫ്റാൻസീസെന്നെ പററിക്കയാണുചെയ്തതു് ഇല്ലേ. അയാളുടെ കൈയിൽ പണമില്ലെന്നു പറഞ്ഞു് പള്ളി പണിയുവാൻ പത്തിരുന്നൂറു കല്ലു് ചക്രാത്തിനു വാങ്ങിക്കൊണ്ടു പോയി. ഇപ്പോളയാളും കപിൻറവാളിയുംകൂടി പണം സാധുക്കൾക്കു ദാനമായി വിതരണം ചെയ്യാൻ പോകുന്നത്രെ. ഞാൻ കൊടുത്ത കല്ലിൻെറവില ഈ അവസരത്തിലെങ്കിലും അവക്കു തരരുതോ. ചോദിക്കാതെ അവർ കൊണ്ടുവന്നു തരുമെന്നു തോന്നുന്നില്ല. അതുകൊണ്ടങ്ങോട്ടു ചെന്നു ചോദിക്കാം. അല്ലെങ്കിലൊടുവിൽ ഇച്ഛാഭംഗപ്പെടേണ്ടിവരും. (ദൂരത്തേക്കു നോക്കിയിട്ടു്) അവർ തന്നെയല്ലേ ആ വരുന്നതു്. അതേ, ഫ്റാൻസീസും, ബൎണ്ണാഡു് കപിൻറവാളിയും. കപിൻറവാളിയുടെ കൈയിൽ ഒരു ഭാരിച്ച പണസഞ്ചിയുണ്ടു്. അയാളുടെ വസ്തുവകകൾ വിററു കിട്ടിയ തുക. ചുമ്മാ കൊടുക്കാൻ കൊണ്ടുപോകുന്ന പണം. അതിൽ ഒരു പിടി എനിക്കു തന്നാലെന്താ.

(ഫ്റാൻസീസും, കപിൻറവാളിയും പ്രവേശിക്കുന്നു. കപിൻറവാളിയുടെ കൈയിൽ പണസഞ്ചിയുണ്ടു്)

ഫ്രാൻ:—അല്ലാ, സിൽവെസ്റ്ററോ! എന്താണിങ്ങനെ വഴിയിൽ തങ്ങി നിൽക്കുന്നതു്?

സിൽ:—നിങ്ങളെ കാണാൻ തന്നെ ഇറങ്ങിയതാണു്. ഭാഗ്യത്തിനു്, തേടിയ വള്ളി കാലിൽ ചുററി.

ഫ്രാൻ:—താങ്കൾക്കെന്തു സേവനം ചെയ്യാൻ ഞങ്ങൾക്കു കഴിയും?

സിൽ:—വല്യതായിട്ടൊന്നും ചെയ്യേണ്ടതില്ല. എങ്കിലുമൊരു ചെറിയ കാര്യം. അന്നു ഫ്രാൻസീസിനു പള്ളി പണിയുവാൻ ഞാൻ പത്തിരുനൂറു കല്ലു തന്നില്ലെ. അതിന്റെ വില തന്നില്ലല്ലോ.

ഫ്രാൻ:—അതു നിങ്ങൾ ദാനമായിട്ടു തന്നതാണെന്നല്ലെ പറഞ്ഞതു്.

സിൽ:—താങ്കളുടെ കൈയിൽ പണമില്ലെന്നു പറഞ്ഞതുകൊണ്ടു് ദാനമായിട്ടിരിക്കട്ടെ എന്നു ഞാൻ പറഞ്ഞതായിരിക്കാം. ഇപ്പോൾ നിങ്ങളുടെ കൈവശം പണമുള്ള സ്ഥിതിക്കു് അതിന്റെ വില കിട്ടിയിരുന്നെങ്കിൽ വലിയ ഉപകാരമായിരുന്നേനെ.

ഫ്രാൻ:—ശരി തന്നെ. (കപിൻറവാളിയോടു്) സഹോദരാ, ദയവുചെയ്തു ഇദ്ദേഹത്തിന്റെ കല്ലിന്റെ വില കൊടുത്തേക്കുക.

കപൻറ:—(കുറെ പണം എണ്ണി കൊടുക്കുന്നു.) ഇതാ, ഇരുനൂറു കല്ലുകളുടെ ന്യായമായ വില. പോരെ?

സിൽ:—(തൃപ്തിയായില്ലെന്ന മട്ടിൽ) ഇവിടെ ന്യായവും നീതിയും നോക്കണമെന്നില്ല. ഞാനുദാരമായി നിങ്ങൾക്കു കുറെ കല്ലുകൾ തന്നു. ദാനം ചെയ്യാൻ കൊണ്ടുപോകുന്ന പണമല്ലെ. നിങ്ങളുടെ ഓദാര്യംപോലെ തന്നാൽ മതി. എന്നെ ദരിദ്രനായി ആരും കണക്കാക്കുന്നില്ലെങ്കിലും എന്റെ വറുതി എനിക്കു മാത്രമറിയാം.

ഫ്റാൻ:—(പണസഞ്ചിയിൽ കൈയിട്ടു കൈനിറയെ പണം വാരികൊടുത്തിട്ട്) എന്താ തൃപ്തിയായൊ?

സിൽ:—മതി, മതി. ധാരാളം മതി. വളരെ ഉപകാരം (പോകുന്നു)

ഫ്റാൻ:—(കപിൻറവാളിയോട്) കണ്ടാല്യം, പണത്തോടുള്ള അത്യാഗ്രഹം ഒരുവനെ എത്രമാത്രം നികൃഷ്ടനാക്കുന്നില്ല. ദൈവം നമ്മെ പണത്തിൻെറ ചങ്ങലയിൽനിന്നു് വിമുക്തരാക്കിയതിനു് അദ്ദേഹത്തോടു നന്ദിപറയാം. (പോകുന്നു. പിൻകർട്ടൻ ഉയരുന്നു. സിൽവസ്റ്റർ യാത്രാമദ്ധ്യേ ഹൃദയപരിവത്തനമുണ്ടായി മടങ്ങിവരുന്നു)

സിൽ:—ഞാനെത്ര ലജ്ജാകരമായ പ്രവൃത്തിയാണു ചെയ്തതു്? എനിക്കാവശ്യത്തിലധികം സ്വത്തുക്കൾ ഉണ്ടായിരുന്നിട്ടും ഏതാനും കല്ലുകളുടെ വിലയ്ക്കുവേണ്ടി എത്രകണ്ടു കെഞ്ചി. അതും ഉപയോഗമില്ലാതെ ആക്കും വേണ്ടാതെ കിടന്ന കല്ലുകൾ. അവർ ആദ്യം തന്നതു് ന്യായമായ വിലയില്യമധികം ഉണ്ടായിരുന്നു. എന്നാലതുകൊണ്ടും ഞാൻ തൃപ്തിപ്പെടാഞ്ഞതുകൊണ്ടു് ഫ്റാൻസീസ് കൈനിറയെ വാരിത്തന്നു. നിർദ്ധനനായ ഫ്റാൻസീസ് എത്ര ഉദാരമായി സംഭാവന ചെയ്തു. ധനവാനായ ഞാൻ എത്ര അത്യാഗ്രഹിയും ല്യബ്ധനുമായി പെരുമാറുന്നു. വെറും കൈയോടെ അദ്ദേഹം എത്ര സന്തോഷമായി ജീവിക്കുന്നു. എന്നാലെൻെറ മനസ്സിനൊരു നിമിഷമെങ്കില്യം സ്വസ്ഥതയുണ്ടോ? എൻെറ ഹൃദയത്തിലെന്തൊരു ഭാരം. മതി. എനിക്കീ അടിമത്തം ഇന്നുകൊണ്ടു മതിയായി.

(പണസഞ്ചി താഴെ ഇടുന്നു. ഫ്രാൻസ്സീസും കപിൻറവാളിയും പണം സാധുക്കൾക്കു കൊടുത്ത ശേഷം മടങ്ങി വരുന്നു.)

കപിൻറ:—സിൽവസ്റ്ററല്ലേ, ആ നില്ക്കുന്നതു്. നാം കൊടുത്ത തുക അയാൾക്കു പോരാഞ്ഞിട്ടാണൊ വീണ്ടും വന്നി

രിക്കുന്നതു്. ഇനി നമ്മുടെ കൈവശമൊന്നും ശേഷിച്ചിട്ടില്ലല്ലോ.

ഫ്രാൻ:—സഹോദരാ, അങ്ങനെ വിചാരിക്കരുതു്. ഒരു സഹോദരൻെറ ഉദ്ദേശം മനസ്സിലാക്കാതെ അയാളുടെ പ്രവൃത്തിയെ ദോഷകരമായി വ്യാഖ്യാനിക്കുന്നതു ശരിയല്ല.

സിൽ:—(പണസഞ്ചിയെടുത്തുകൊണ്ടു് ഫ്റാൻസീസിൻെറ അടുത്തു വരുന്നു) സഹോദരാ, എന്നോടു ദയവു ചെയ്തു ക്ഷമിക്കണം. പണത്തോടുള്ള അത്യാഗ്രഹത്താൽ ഞാൻ ദുർമ്മാതൃകാപരമായി പെരുമാറിയതിൽ എനിക്കു മാപ്പുതരണം. ഞാൻ നിങ്ങളോടന്യായമായി വാങ്ങിച്ച പണവും, ഇതോടുകൂടി എൻെറ സമസ്ത സമ്പാദ്യവും ഞാനുപേക്ഷിക്കുന്നു. എൻെറ ആത്മാവിനെ രക്ഷിക്കുവാൻ ഇന്നു മുതൽ അങ്ങയെ അനുഗമിക്കുന്നതിനു് എന്നെ അനുവദിക്കണമെന്നു് ഞാനഭ്യത്ഥിക്കുന്നു.

ഫ്റാൻ:—ദൈവത്തിനു സ്തോത്രം. ദൈവം നല്ലവനാകുന്നു. നിങ്ങൾക്കും, കപിൻറവാളിക്കും ഒരുമിച്ചു് നാളെ സന്യാസവസ്ത്രം ധരിക്കാം.

(കട്ടൻ.)

## രംഗം പതിനാല്

(ഫ്രാൻസ്സീസും ബ്രദർ ലീയോായും)

ഫ്രാൻ:—സഹോദരാ, പ്രഭാത പ്രാത്ഥനകൾ ചൊല്ലു ന്നതിനു നമ്മുടെ കൈയിൽ ഇപ്പോൾ പ്രാത്ഥനപുസ്തകമില്ല ല്ലൊ. അതുകൊണ്ട് നമ്മുടെ ഹൃദയത്തിൽനിന്നും ഉതിരുന്ന പ്രാർത്ഥനകൾകൊണ്ടു ദൈവത്തെ സ്തുതിക്കാം. അതിനു് ഞാൻ നിങ്ങളെ പഠിപ്പിക്കുന്ന വാചകം നിങ്ങൾ പറയണം.

ലീയോ:—പിതാവെ, ഞാനങ്ങനെ ചെയ്യാം.

ഫ്റാൻ:—ശ്രദ്ധിച്ചു കേട്ടുകൊൾക. ഞാനിങ്ങനെ പറയുന്നതായിരിക്കും. "ഓ! സഹോദരൻ ഫ്റാൻസീസ്, നീ ലോകത്തു് വളരെയധികം ദുഷ്ക്കർമ്മങ്ങൾ പ്രവൃത്തിക്കുകയും, പാപങ്ങൾ ചെയ്തുകൂട്ടുകയും ചെയ്തിരിക്കുന്നതിനാൽ നീ നരക ത്തിനു പാത്രീഭവിച്ചിരിക്കുന്നു." അപ്പോൾ സഹോദരാ, നിങ്ങളിങ്ങനെ മറുപടി പറയണം. "അതേ, വാസ്തവ ത്തിൽ നീ ഏററവുമഗാധമായ നരകത്തിനർഹനാണ്."

ലീയോ:—പിതാവെ! ഞാനങ്ങുന്നു് ആജ്ഞാപി ക്കുന്നപോലെ ചെയ്യാം. ദൈവനാമത്തിൽ അങ്ങുന്നാരംഭി ച്ചാലും.

ഫ്റാൻ:—(നെഞ്ചിൽ കൈവെച്ചുകൊണ്ട്) ഓ, സഹോദരൻ ഫ്റാൻസ്സീസ്, നീ ലോകത്ത് വളരെയധികം ദുഷ്ക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, നിരവധി പാപങ്ങൾ ചെയ്തുകൂട്ടുകയും ചെയ്തിരിക്കുന്നതിനാൽ നീ നരകത്തിനു പാത്രീഭവിച്ചിരിക്കുന്നു.

ലീയോ:—ദൈവം അങ്ങുമുഖേന വളരെ സൽക്കർമ്മങ്ങൾ പ്രവർത്തിക്കും. അതുകൊണ്ട് അങ്ങ് സ്വർഗ്ഗത്തെ പ്രാപിക്കുന്നതായിരിക്കും.

ഫ്റാ:—ബ്രദർ ലീയോ, അങ്ങനെ പറയരുത്, പിന്നെയോ, "ഓ! സഹോദരൻ ഫ്റാൻസീസ്, ദൈവത്തിനു വിരുദ്ധമായി വളരെ വളരെ അക്രമങ്ങൾ പ്രവർത്തിച്ചിരിക്കുന്നതിനാൽ നീ ദൈവത്തിൻെറ ശാപത്തിനർഹനാണ്." എന്നു ഞാൻ പറയുമ്പോൾ "അതേ, വാസ്തവത്തിൽ നീ ശപിക്കപ്പെട്ടവരുടെ കൂട്ടത്തിലെണ്ണപ്പെടുന്നതിന് അർഹനാണ്" എന്നു പ്രതിവചിക്കണം.

ലീയോ:—പിതാവെ, ഞാനടുത്ത പ്രാവശ്യം അപ്രകാരം ചെയ്തുകൊള്ളാം.

ഫ്റാൻ:—(നെഞ്ചത്തടിച്ച് കണ്ണീർപൊഴിച്ചുകൊണ്ട്) ഓ! സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയും നാഥനായ ദൈവമേ, ഞാനങ്ങേയ്ക്കു വിപരീതമായി വളരെയധികം പാപങ്ങളും, അക്രമങ്ങളും ചെയ്തിരിക്കുന്നതിനാൽ അങ്ങയുടെ ശാപത്തെ ഞാനർഹിക്കുന്നു.

ലീയോ:—ഓ! സഹോദരൻ ഫ്റാൻസീസ്, അങ്ങുന്ന് പുണ്യവാന്മാരുടെ കൂട്ടത്തിൽ ഏററവും ധന്യനായി തീരത്തക്കവണ്ണം ദൈവം അങ്ങയുടെ മേൽ അനുഗ്രഹങ്ങൾ വർഷിക്കുന്നതായിരിക്കും.

ഫ്രാൻ:—ബ്രദർ ലീയോ, ഞാൻ നിങ്ങളെ പഠിപ്പിച്ചപോലെ നിങ്ങളെന്തുകൊണ്ടു പറയുന്നില്ല? നിങ്ങളുടെ

അനുസരണാവ്രതത്തിൻെറ പേരിൽ ഞാനാജ്ഞാപിക്കുന്നു. അടുത്ത പ്രാവശ്യം "ഫ്രാൻസീസേ, നീ യാതൊരു വിധത്തിലും കരുണ ലഭിക്കുന്നതിനു യോഗ്യനല്ല" എന്നു പ്രതിവചിക്കണം.

ലീയോ:—പിതാവെ, എന്നോടിപ്രാവശ്യംകൂടി ക്ഷമിക്കണേ. ഇനി ഞാനങ്ങയുടെ ആജ്ഞയനുസരിച്ചു പറഞ്ഞുകൊള്ളാം.

ഫ്രാൻ:—(കണ്ണുനീർപൊഴിച്ചുകൊണ്ടു്) "ഓ! ഫ്രാൻസീസ്, ദുഷ്ടന്മാരിൽ ദുഷ്ടനാണ് നീ. ദൈവത്തിൻെറ കരുണയ്ക്കു നീ ഒരുനാളും അർഹനല്ല."

ലീയോ:—അങ്ങനെയല്ലാ, ദൈവത്തിൻെറ കാരുണ്യം അനന്തമാണ്. അദ്ദേഹം അങ്ങയെ അനുഗ്രഹിച്ചുയർത്തും. എന്തെന്നാൽ തന്നെത്താൻ താഴ്ത്തുന്നവനുയർത്തപ്പെടും.

(ഫ്രാൻസീസ് അപ്രീതനായി ലീയോയെ നോക്കുന്നു.)

ലീയോ:—പിതാവെ, ക്ഷമിക്കണേ. മററുപ്രകാരത്തിൽ പറയുന്നതിനെൻെറ നാവു വഴങ്ങുന്നില്ല. ദൈവമാണെൻെറ അധരങ്ങളിൽക്കൂടി സംസാരിക്കുന്നതു്.

ഫ്രാൻ:—അതേ, സഹോദരാ. നാം നമ്മെത്തന്നെ എത്രയധികം താഴ്ത്തുന്നുവോ, അത്രയധികം നാം ദൈവകാരുണ്യത്തിൻെറ ആഴം അനുഭവിച്ചറിയും. ദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ.

(ചില ആളുകൾ ഫ്രാൻസീസിൻെറ ഉപദേശം സ്വീകരിക്കുന്നതിനായി വരുന്നു—ഐസക്കു്, ബത്തലോ, ഒരു കൈക്കുഞ്ഞുമായി അയാളുടെ ഭാര്യ ആഗ്നസ് മുതലായവർ.)

ആഗ്നസ്:—(കുഞ്ഞിനെ ഫ്രാൻസീസിൻെറ അടുത്തു കൊണ്ടുവന്നു്) പിതാവെ, ഈ കുഞ്ഞിൻെറ തലയിൽ കൈ

വച്ചനുഗ്രഹിക്കേണമെ. ഇവൻ രാത്രിയിൽ പേടിച്ചു കരയുകയും, എഴുന്നേററോട്ടുകയും മററും ചെയ്യുന്നു. മഹാചിത്താന്തിയുമാണ്.

ഫ്രാൻ:—(കുഞ്ഞിൻെറ തലയിൽ കൈവച്ചിട്ടു) ദൈവം അനുഗ്രഹിച്ച് ഇവൻ മിടുക്കനായി വളൎന്നുവരും.

ബത്ത്:—പിതാവെ, ഞങ്ങളിവിടെ അടുത്തു താമസിക്കുന്നവരാണ്. അങ്ങയുടെ ഉപദേശം കേൾക്കുന്നതിനോടിവന്നതാണ്.

ഫ്രാൻ:—പ്രിയ സഹോദരങ്ങളെ, നിങ്ങൾക്കു മിശിഹായുടെ സമാധാനം. നമ്മുടെ ആത്മാവിൻെറ രക്ഷയ്ക്കുവേണ്ടി പ്രയത്നിക്കുകയാണ് നമ്മുടെ പ്രഥമവും, പ്രധാനവുമായ കൎത്തവ്യം. ഉണ്ണുമ്പോഴും, ഉറങ്ങുമ്പോഴും, പണം സമ്പാദിക്കുന്നതിനുള്ള വ്യഗ്രതയിലും നിങ്ങളിക്കാൎയ്യം മറന്നുകളയരുത്. “ലോകം മുഴുവൻ നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ ഫലമെന്തു്?” എന്നാണ് ദിവ്യരക്ഷകൻ നമ്മോടു ചോദിക്കുന്നതു്. കൈയോ, കാലോ, കണ്ണുതന്നെയുമോ നമുക്കു പാപകാരണമാകുന്നെങ്കിൽ അതു ഛേദിച്ചുകളഞ്ഞും നാം നമ്മുടെ ആത്മാവിനെ രക്ഷിക്കണം. അത്രകണ്ടു് വിലയേറിയ ഒരു നിധിയാണ് നമ്മുടെ ആത്മാവു്.

ഐസക്ക്:—പിതാവെ, ലോകപാശങ്ങളിൽനിന്നു് വിമുക്തനായി ദൈവത്തെ സേവിച്ച് എൻെറ ആത്മാവിനെ രക്ഷിക്കുവാൻ അങ്ങയെ അനുഗമിക്കുന്നതിനു ഞാനാഗ്രഹിക്കുന്നു.

ഫ്രാൻ:—ദൈവത്തിനു സ്തോത്രം. സഹോദരാ, ഈ ദൈവവിളിക്കു കൎത്താവിനു നന്ദിപറഞ്ഞുകൊണ്ടു് ഞങ്ങളുടെ കൂട്ടത്തിൽ വന്നാലും.

(ഐസക്ക് ഫ്രാൻസീസിൻെറ അരുകിലേക്കു മാറി നില്ക്കുന്നു.)

ബത്ത്:—പിതാവെ, ഞാനും അങ്ങയെ അനുഗമിക്കു വാൻ ആഗ്രഹിക്കുന്നു. ഞാനും വരട്ടെയോ?

ആഗ്ന:—(പരിഭ്രമിച്ച്) അയ്യോ! പിതാവെ ചതി ക്കല്ലെ. ഞാനും, ഈ കുഞ്ഞും വഴിയാധാരമാകുമെ. ഇതി ൻെറ അപ്പൻ പോയാൽ ഞാനെങ്ങനെ കുട്ടംബം പുലത്താ നാണ്. ഞാനും കൂട്ടത്തിൽ പോരും.

ഫ്രാൻ:—സഹോദരി, സഹോദരാ, സമാധാനപ്പെട്ടാ ലും. നിങ്ങളുടെ പരിശുദ്ധമായ കുടുംബജീവിതം അങ്ങനെ ഛിന്നഭിന്നമാക്കുവാൻ പാടുള്ളതല്ല. കുടുംബത്തിൽ ജീവിച്ചും നിങ്ങളുടെ അന്തസ്സിനനുയോജ്യമായ രീതിയിൽ സന്യാസം ആചരിക്കുന്നതിനും, നിങ്ങളുടെ ആത്മാവിൻെറ രക്ഷ ഭദ്രമാ ക്കുന്നതിനും കഴിയും. ഞാൻ നിങ്ങൾക്കുവേണ്ടി പ്രായശ്ചി ത്തത്തിൻെറ മൂന്നാംസഭ സ്ഥാപിക്കുന്നുണ്ട്. നിങ്ങൾക്കതി ൻെറ അംഗങ്ങളായി ചേരാം. ദാരിദ്ര്യത്തിൻെറ അരൂപി യിലും, ദൈവഭയത്തിലും ജീവിച്ച് നിങ്ങൾ കഴിവുപോലെ പരോപകാരപ്രവൃത്തികൾ ചെയ്തു ജീവിക്കണം.

(ഒരു കർഷകൻ ഓടിക്കിതച്ചു വരുന്നു.)

കർഷകൻ:—പുണ്യവാനായ പിതാവെ, രക്ഷിക്ക ണേ. ചെന്നായ് ഞങ്ങളെ നശിപ്പിക്കുന്നേ. പിതാവെ ര ക്ഷിക്കണേ.

ഫ്രാൻ:—സഹോദരാ, സമാധാനമായിരിക്കുക. എ ന്താണ് സംഗതി?

കർ:—എങ്ങനെ സമാധാനപ്പെടാനാണ് പിതാ വേ! എൻെറ ഒരു ജോഡി കാളകളേയും, മൂത്ത മകനേയും ചെന്നായ് കൊന്നുതിന്നു. പിതാവേ, രക്ഷിക്കണേ. ആ ക്രൂര മൃഗം എൻെറ പിന്നാലെ ഓടി വരികയായിരുന്നു. ഞാനൊ

രു തരത്തിൽ രക്ഷപ്പെട്ടു. അതെൻെറ കെട്ടിയവളെ കൊന്നു കാണും.

ബത്ത്:—നേരാണ് പിതാവെ. കുറച്ചു ദിവസമായി ഈ പൈശാചിക ജന്തുവിൻെറ ഉപദ്രവം തുടങ്ങിയിട്ട്. ഞങ്ങളുടെ ആടിനേയും അതു തട്ടിക്കൊണ്ടു പോയി.

ആഗ്ന:—മുന്നാഴി പാൽ കറക്കുന്ന ആടായിരുന്നു. അതു പോയതിൽപിന്നെ എൻെറ കുഞ്ഞുമോൻ പാതിയായി. (കുഞ്ഞിൻെറ മുഖത്തുനോക്കിയിട്ടു ചുംബിക്കുന്നു.)

ഫ്റാൻ:—എന്തൊക്കെ സംഭവിച്ചാലും നാം സമാധാനമായിരിക്കണം. ദൈവത്തിൽ ശരണപ്പെടണം. ദൈവം അറിയാതെയും അനുവദിക്കാതെയും നമുക്കു യാതൊരാപത്തും സംഭവിക്കുകയില്ല. നിങ്ങളുടെ പാപങ്ങളുടെ ശിക്ഷയായിട്ടാണ് ദൈവം ഈ ശല്യം അനുവദിച്ചതു്. നരകത്തിലെ യാതനകൾ ചെന്നായുടെ പല്ലുകളേക്കാൾ ഭയങ്കരങ്ങളാണെന്നു നിങ്ങളോക്കണം. അതുകൊണ്ടു് പശ്ചാത്തപിച്ച് പ്രായശ്ചിത്തം ചെയ്യുവിൻ. അപ്പോൾ ദൈവം ചെന്നായുടെ ശല്യത്തിൽ നിന്നു മാത്രമല്ല, നരകത്തിലെ നിത്യദുരിതത്തിൽനിന്നുപോലും നിങ്ങളെ രക്ഷിക്കും.

ഒരു കാര്യം ഞാൻ ചോദിക്കട്ടെ. നിങ്ങളോരോ വീട്ടുകാരും ചെന്നായ്ക്കു് ഓരോ ദിവസവും ആഹാരം കൊടുക്കാൻ സമ്മതമാണെങ്കിൽ ചെന്നായ് നിങ്ങളെ മേലിൽ ഉപദ്രവിക്കാതിരിക്കുന്നതിനു ഞാനേർപ്പാടു ചെയ്യാം.

എല്ലാവരും:—ഞങ്ങൾ ആഹാരം കൊടുത്തു കൊള്ളാം.

ഫ്റാൻ:—എന്നാൽ ഞാൻ പോയി ചെന്നായെ കാണട്ടെ. (പോകാൻ ഭാവിക്കുന്നു.)

കർഷകൻ:—അയ്യോ! പിതാവെ, തനിച്ച് വെറും കൈയ്യോടെ പോകരുതേ. ഞാൻ ആയുധധാരികളായ ആളു കളെ കൂട്ടിക്കൊണ്ടുവരാം.

ഫ്റാൻ:—നിങ്ങൾ ഭയപ്പെടേണ്ട. പേടിയാണെ ങ്കിൽ നിങ്ങളിവിടെത്തന്നെ നിന്നുകൊൾക. ഞാൻ തനിച്ച് പൊയ്ക്കൊള്ളാം. (പോകുന്നു.)

(കർട്ടൻ)

## ——രംഗം പതിനഞ്ച്——

(Tableau)

(ഫ്രാൻസീസ് ചെന്നായുടെ വലതു മുൻകാൽ പിടിച്ചുകൊണ്ടു നില്ക്കുന്നു)

ഫ്റാൻ:—സഹോദരൻ ചെന്നായ്, നിന്നെപ്പററി പല പരാതികളും ഉണ്ടായിരിക്കുന്നു. മൃഗങ്ങളെ മാത്രമല്ല, ദൈവഛായയിൽ സൃഷ്ടിച്ചിരിക്കുന്ന മനുഷ്യരെപ്പോലും നീ കൊന്നിരിക്കുന്നു. മേലിൽ ആരെയും ഉപദ്രവിച്ചുപോകരുത് എന്നു് ക്രിസ്തുവിൻെറ നാമത്തിൽ ഞാൻ നിന്നോടാജ്ഞാപിക്കുന്നു. നിൻെറ ഭക്ഷണത്തിനുള്ള വക ഈ പട്ടണത്തിലെ ജനങ്ങൾ നിനക്കു തന്നുകൊള്ളും.

(കർട്ടൻ)

## രംഗം പതിനാറ്

(സന്യാസാശ്രമത്തിനു സമീപത്തുള്ള വനം. വങ്കൻ, ലുങ്കൻ, കൊങ്കൻ എന്ന മൂന്നു കള്ളന്മാർ തങ്ങളെ പിന്തുടരുന്ന പോലീസിനെ പേടിച്ച് ഓടിവരുന്നു. ഇടയ്ക്കിടയ്ക്കു പുറകോട്ടു നോക്കുന്നു.)

വങ്ക:—പോലീസ്, പോലീസ്. ഓടെടാ വേഗം.

ലുങ്ക:—(വങ്കനെ പിടിച്ചു പുറകോട്ടു വലിക്കുന്നു) താനല്ലെ തലവൻ. താൻ പിറകേ നില്ക്കു.

വങ്ക:—(ലുങ്കനെ പിടിച്ചു വലിച്ചുകൊണ്ട്) തലവൻ തലയ്ക്കലോടണം.

(മൂവരും ഓടിമറയുന്നു. പിൻകർട്ടനുയരുന്നു. കള്ളന്മാർ ഓടിക്കിതച്ചു പ്രവേശിക്കുന്നു.)

കൊങ്ക:—ഹാവൂ! നമ്മൾ ഇടവഴിയിലേക്കു തിരിഞ്ഞോടിയതു പോലീസുകാർ കണ്ടില്ല. (കൈചൂണ്ടിക്കൊണ്ട്) അവന്മാർ വടക്കോട്ടാണോടിയത്.

വങ്ക:—ഇത്തവണയും അവരുടെ കണ്ണിൽ മണ്ണിട്ടു.

ലുങ്ക:—എങ്കിലും വങ്കനളിയൻ വീരനാ. ആരുമില്ലാത്ത അവസരത്തിൽ കാട്ടിലിരുന്ന് തന്റെ സാമർത്ഥ്യത്തെയും

ധൈര്യത്തെയും പററി വീമ്പടിക്കാൻ വിരുതനാ. ഒരു നെററിയെയപ്പൊന്നനെ കണ്ടപ്പോളതാ വാല്യംപൊക്കിപ്പായുന്നു.

വങ്ക:—നീയൊന്നു ചുമ്മാകിടക്കെടാ ല്യങ്കച്ചാരെ. അതൊക്കെ തരംപോലെ ചെയ്യണം. അഞ്ചോ, ആറോ പോലീസുകാരാണെങ്കിൽ വങ്കൻ ഒരിഞ്ചുപോലും അനങ്ങത്തില്ല. പത്തിരുപതു പേർ ഒരുമിച്ചു വരുമ്പം പോളിസി മാററുന്നതാണു ശരീരത്തിനു നല്ലതു്. എത്രപേരായാലും ഏററുമുട്ടിയാൽ വിട്ടുകൊട്ടുക്കയില്ല. മററു മാർഗ്ഗങ്ങളുള്ളപ്പോൾ എന്തിനു വെറുതെ അപകടത്തിൽച്ചെന്നു തലയിട്ടു പോറലുകളും, കീറലുകളും വാങ്ങി ആരോഗ്യത്തിനു കോട്ടമുണ്ടാക്കണം. പ്രത്യേകിച്ചു് നിങ്ങളുടെ രക്ഷയെ ഓർത്തിട്ടാണു് ഞാനോടിക്കളയാമെന്നു വിചാരിച്ചതു്.

ല്യങ്ക:—ഹാ! ഹാ! ഹാ! ഞങ്ങളെ പുറകോട്ടു തള്ളിയിട്ടിട്ടു് ഓടിക്കളഞ്ഞതു്.

കൊങ്ക:—(ദൂരത്തേക്കു കൈ ചൂണ്ടിയിട്ടു്) അതാ അവന്മാർ വരുന്നു.

(വങ്കനും, ല്യങ്കനും ഓട്ടുന്നു. ല്യങ്കനോടി വന്നു വങ്കൻെറ ദേഹത്തിടിക്കുന്നു.)

കൊങ്ക:—(ചിരിച്ചുകൊണ്ടു്) ഞാൻ വെറുതേ പറഞ്ഞതാണു്. വങ്കൻെറ ഉണ്ടയില്ലാത്ത വെടിയെല്ലാം തീർന്നോ?

ല്യങ്ക: - ഇങ്ങോട്ടൊരു നെററിയെപ്പൊന്നനും വരികയില്ല. നാം വന്നു നില്ക്കുന്നതു് ഫ്റാൻസീസിൻെറ ആശ്രമത്തിൻെറ വാതുക്കലാണു്. ഇവിടെ കള്ളന്മാർ കാണുമെന്നു പോലീസുകാർ സ്വപ്നത്തിൽ പോലും വിചാരിക്കയില്ല.

വങ്ക:—അതു നല്ലതുതന്നെ. പക്ഷെ, ആകപ്പാടെ ക്ഷീണിച്ചല്ലൊ, വല്ലാതെ വിശക്കുന്നല്ലൊ.

ലുങ്ക:—നമുക്കു മണിയടിച്ചു വല്ലതും തിന്നാൻ തരുന്ന തിനു അച്ചന്മാരോടു പറയാം.

കൊങ്ക:—അങ്ങനെ തന്നെ.

(ആശ്രമകവാടത്തിലെത്തി മണി അടിക്കുന്നു. ദ്വാരപാലകനായ സഹോദരൻ പ്രവേശിക്കുന്നു.)

സഹോ:—എന്താ കാര്യം? നിങ്ങൾക്കെന്തുവേണം? നിങ്ങളാരാണു്?

വങ്ക:—ഞങ്ങളിവിടത്തെ സ്ഥിരം ചട്ടമ്പികളാണു്. എങ്കിലുമിപ്പോൾ വല്ലാതെ വിശക്കുന്നു. വല്ലതും തിന്നാൻ തരണം.

സഹോ;—നിങ്ങൾക്കു തരാൻ ഇവിടെയൊന്നുമില്ല. ഉം, വേഗം സ്ഥലം വിട്ടുകൊള്ളണം. ഇവിടെയുള്ളതു സാധുക്കൾക്കു മാത്രം കൊടുക്കാനാണു്. കണ്ട മുട്ടാളപ്പട്ടാളത്തെയും മോഷ്ടാക്കളേയും തീററിത്തടിപ്പിക്കാൻ ഇതു ഹോട്ടലൊന്നുമല്ല.

ലുങ്ക:—അച്ചാ, ഞങ്ങളും സാധുക്കളാണു്. മററു മാർഗ്ഗമൊന്നും കാണാഞ്ഞിട്ടാണു് ഈ പണിക്കു പുറപ്പെട്ടതു്. ഏതായാലും ഞങ്ങളെ പിണക്കാതെ വിടുന്നതാ അച്ചന്മാക്കു നല്ലതു്.

വങ്ക:—അച്ചന്മാർ നല്ല പ്രായത്തോളം ഭൂമിയിൽ ജീവിക്കുന്നതിനു് ഞങ്ങൾക്കിപ്പോൾ വല്ലതും തരുന്നതാ നല്ലതു്.

സഹോ:—നിങ്ങൾ പിണങ്ങിക്കൊള്ളണം. നിങ്ങൾക്കൊന്നും തരുന്നതിനു മനസ്സില്ല. നിങ്ങളെ സഹായിക്കുന്നവർ നിങ്ങളുടെ അക്രമങ്ങൾക്കു കൂട്ടുനില്ക്കുകയായിരിക്കും ചെയ്യുന്നതു്. അതിനു ഞങ്ങൾക്കു നിവൃത്തിയില്ല.

വങ്ക:—ചുമ്മാ അങ്ങനെ ബലമായിട്ടു പറയല്ലേ. ശരീരത്തിൻെറ 'ഷെയിപ്പു്' മാറിപ്പോകും. പിന്നെ കൊട്ടയിലിട്ടു വാരിക്കൊണ്ടു പോകേണ്ടി വരും.

സഹോ:—നിങ്ങൾ ആളും തരവുംനോക്കി മയ്യാദയ്ക്കു സംസാരിക്കണം. ഞാനൊരു മണി അടിച്ചാൽ അമ്പതിൽപ്പരം അച്ചന്മാരോടി വരും. നിങ്ങളെ ബന്ധിച്ച് പോലീസിലേല്പിക്കും, ശല്യപ്പെട്ടത്താതെ പോകയാണു നല്ലത്. (ദൂരത്തേക്കു നോക്കിയിട്ട്) അല്ലെങ്കിൽ അവിടെ നിന്നോ, അതാ, പോലീസുകാർ വരുന്നു.

വങ്ക:—അയ്യോ ചതിച്ചല്ലോ. (കള്ളന്മാരോട്ടുന്നു.)

ല്യങ്ക:—(പിറകോട്ടു തിരിഞ്ഞു്) അച്ചാ, ചെവിയെ നുള്ളിക്കോ.

(കള്ളന്മാർ ഓടി മറയുന്നു. മറുവശത്തുനിന്നും ഫ്റാൻസീസ് ഒരു സഞ്ചിയിൽ റൊട്ടി മുതലായവയുമായി പ്രവേശിക്കുന്നു. സാമാനങ്ങൾ താഴെ വയ്ക്കുന്നു.)

സഹോ: പിതാവേ, വന്ദനം. ഉച്ചഭക്ഷണത്തിനു സമയമായി. സഹോദരന്മാർ അങ്ങയുടെ വരവിനെ കാത്തിരിക്കയാണു്.

ഫ്രാൻ:—സഹോദരാ, എല്ലാവക്കും സമാധാനവും, ശാന്തിയും. ഭക്ഷണം കഴിക്കുന്നതിനെന്നതിനേക്കാൾ ദൈവത്തിൻെറ തിരുമനസ്സ് നിറവേററുന്നതിനും ആത്മാക്കളെ രക്ഷിക്കുന്നതിനും നാം കൂട്ടതൽ വിശക്കുകയും, ദാഹിക്കുകയും ചെയ്യണം. തിന്മയുള്ളിടത്തു് നന്മ വിതയ്ക്കുക. ശത്രുതയെ സ്നേഹത്താൽ പകരം വീട്ടുക. അതാണു നമ്മുടെ ദൈവവിളി.

സഹോ:—പിതാവേ, എല്ലാ അവസരങ്ങളിലും അതു പററുന്നില്ല. ഇപ്പോളിവിടെ മൂന്നു കവച്ചക്കാർ വന്നിരുന്നു. അവക്കു ഭക്ഷണം കൊടുക്കണമെന്നവകാശപ്പെട്ടു. എന്നാൽ ഞാനവരെ പേടിപ്പിച്ചോടിച്ചു.

ഫ്രാൻ:—മക്കളെ, നിങ്ങൾക്കു തെററു പററിപ്പോയി. അക്രമത്തിൻെറ നരകത്തിൽനിന്നു് അതിലും അഗാധമായ നിരാശയുടെ നരകത്തിലേക്കു് നിങ്ങളവരെ തള്ളിയിട്ടു.

കരുണയുടെ കൈകൊട്ടത്തു് അവരെ നിങ്ങൾ പ്രകാശത്തിലേക്കു് വലിച്ചു കയററുന്നതിനു പകരം ആശയുടെ കയർ മുറിച്ചുകളയുകയാണു് നിങ്ങൾ ചെയ്തതു്. അവർ നിങ്ങളോടു് അപ്പം യാചിച്ചു. അവക്കു നിങ്ങൾ അപ്പവും അതോടുകൂടി നിങ്ങളുടെ സ്നേഹവും കൊടുക്കേണ്ടിയിരുന്നു. മറിച്ചു നിങ്ങൾ കൂത്ത കരിങ്കൽ കഷണങ്ങളാണു് അവക്കു നൽകിയതു്. പരിതാപകരം!

സഹോ:—(മുട്ടുകുത്തുന്നു) പിതാവെ, എന്നോടു ക്ഷമിക്കണം. ഞാനിനി എന്താണു് ചെയ്യേണ്ടതു്?

ഫ്റാൻ:—ദൈവത്തിന്റെ നാമത്തിൽ ഞാൻ നിങ്ങളോടാജ്ഞാപിക്കുന്നു. ഈ അപ്പവും വീഞ്ഞുമെടുത്തുകൊണ്ടു് നിങ്ങൾ പോയി ആ മൂന്നു സഹോദരന്മാരെ തേടിപ്പിടിച്ചു് ഇതവക്കു കൊടുക്കുക. അവരോടു നിങ്ങൾ ചെയ്ത അപരാധത്തിനു മാപ്പു ചോദിക്കണം. വേഗമാകട്ടെ. എല്ലാം ശുഭമായിത്തീരാൻ ഞാൻ പ്രാത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(ഫ്രാൻസീസ് സഹോദരനെ അനുഗ്രഹിക്കുന്നു. സഹോദരൻ സഞ്ചിയുമെടുത്തുകൊണ്ടു പോകുന്നു. കർട്ടൻ വീഴുന്നു. — വനം — കള്ളന്മാർ മൂന്നും ഓടിക്കിതച്ചു പ്രവേശിക്കുന്നു)

വങ്ക:—അവരുടെ കണ്ണിൽനിന്നു രക്ഷപ്പെട്ടെന്നാതോന്നുന്നതു്. ഇനി എനിക്കോടാൻ ശക്തിയില്ല.

ലുങ്ക:—ഇനി അവർ വരുന്നെങ്കിൽ വരട്ടെ. ഞാനിവിടിരിക്കാൻ പോകയാ. എന്റെ കൈയും കാലും തളന്നു. (വഴിയിൽ ഇരിക്കുന്നു) തുള്ളി വെള്ളംപോലും കുടിക്കാതെ എത്ര നേരമായി ഈ ഓട്ടം തുടങ്ങിയിട്ടു്.

(മററു രണ്ടുപേരും ഇരിക്കുന്നു)

വങ്ക:—ഏതായാലും ആ അച്ചന്മാരെ ഒരു പാഠം പഠിപ്പിക്കണം. പൂച്ചസന്യാസികളും അത്രയ്ക്കു മൂക്കുന്നോ?

കൊങ്ക:—അയാളോട്ട പകരം ചോദിക്കാതെ ഞാനട ങ്ങുകയില്ല.

ല്യങ്ക:—(ദൂരത്തേക്ക നോക്കിയിട്ട് പരിഭ്രമിച്ച ചാടി എഴുന്നേല്ക്കുന്നു. കൈചൂണ്ടിക്കൊണ്ട്) അതാ, ആരോ വരു ന്നു. ആ അച്ചൻ തന്നെയാ വരുന്നത്.

(എല്ലാവരും എഴുന്നേല്ക്കുന്നു.)

വങ്ക:—പിറകിൽ പോലീസുകാരും കാണും. നമ്മെ പിടിച്ചുകൊടുക്കാൻ വരികയാണ്.

കൊങ്ക:—ഏതായാലും എനിക്കിനി ഓടാൻ ശക്തി യില്ല. നമുക്കീ കുററിക്കാട്ടിലെങ്ങാനും ഒളിച്ചിരിക്കാം. അ വർ കടന്നു പോയിട്ട പുറത്തിറങ്ങിയാൽ മതി.

വങ്ക: ല്യങ്ക:—അങ്ങനെ തന്നെ.

(മൂന്നുപേരും ഒളിക്കുന്നു. അണിയറയിൽനിന്നു സഹോദരൻെറ സ്വരം കേൾക്കുന്നു)

സഹോ:—സഹോദരന്മാരെ, ഇറങ്ങി വന്നാലും. ഇ താ നിങ്ങൾക്ക ഞാൻ ഭക്ഷണം കൊണ്ടുവന്നിരിക്കുന്നു. (പ്രവേ ശിക്കുന്നു) കള്ളന്മാരെ, പേടിക്കാതെ ഇറങ്ങി വരണം. ഇതാ അപ്പവും, വീഞ്ഞും ഞാൻ നിങ്ങൾക്ക കൊണ്ടു വന്നിരിക്കുന്നു.

(സഞ്ചിയും മററും തറയിൽ വയ്ക്കുന്നു)

(വങ്കനും, ല്യങ്കനും ഒരു മൂലയിൽ നിന്നും തല പുറത്തേക്ക തള്ളി നോക്കുന്നു)

സഹോ:—ഒന്നര മൈലോളം നടന്നു. ഇനിയെവി ടെയാണ് ഞാനവരെ അന്വേഷിക്കേണ്ടതു്.

ല്യങ്ക:—അളിയാ, പോലീസുകാർ പിറകെയുണ്ടോ യെന്നു നോക്കിക്കേ. നല്ല അപ്പവും വീഞ്ഞുമാണല്ലോ കാ ണുന്നതു്.

വങ്ക:—പോലീസുകാർ വരുന്നെങ്കിൽ വരട്ടെ. നമു ക്കു് അങ്ങോട്ടുകൂടാം.

സഹോ:—(കള്ളന്മാരെ കാണുന്നു) പേടിക്കേണ്ട, വരണം. വന്നു വിശപ്പടക്കിയാലും.

(കള്ളന്മാർ ഇറങ്ങിവരുന്നു. അപ്പമെടുത്തു ആർത്തിയോടെ കടിച്ചുകീറി തിന്നുന്നു. ഒരാൾ വീഞ്ഞു കുപ്പിയോടെ കുടിക്കുന്നു. മറെറാരാൾ പിടിച്ചുപറിച്ചു വാങ്ങികുടിക്കുന്നു.)

സഹോ:—നിങ്ങളിരുന്നു സമാധാനമായി ഭക്ഷിക്കുവിൻ. നിങ്ങൾക്കാവശ്യമുള്ളതിലധികം ഉണ്ടു്.

(കള്ളന്മാർ ഇരുന്നു ഭക്ഷിക്കുന്നു)

സഹോ:—സഹോദരങ്ങളെ, ഫ്രാൻസീസ് തന്നയച്ചതാണ് ഈ അപ്പവും വീഞ്ഞും. ഞാൻ നിങ്ങളോടു ചെയ്ത അപരാധത്തിനു മാപ്പുചോദിക്കുന്നു. ഞാൻ സ്നേഹവും ദയവുമില്ലാതെ നിങ്ങളോടു പെരുമാറിയതിന് എന്നോടു ക്ഷമിക്കണം.

ലുങ്ക:—അതൊന്നും സാരമില്ലച്ചാ.

വങ്ക:—അച്ചൻ അപ്പവും വീഞ്ഞുംകൊണ്ടു പുറകെ വരുമെന്നറിഞ്ഞിരുന്നെങ്കിൽ ഞങ്ങളിത്രദൂരം ഓടിപ്പോരുകയില്ലായിരുന്നു.

കൊങ്ക:—എങ്കിലും അച്ചനിതും കൊണ്ടു ഞങ്ങളെ അന്വേഷിച്ചു വന്നതു് അതിശയം തന്നെ.

വങ്ക:—(വിങ്ങിപ്പൊട്ടി) ഞങ്ങളെത്രപേരോടു അക്രമം പ്രവർത്തിച്ചിട്ടുണ്ടു്. എന്നാൽ അവരോടു മാപ്പു ചോദിക്കുന്ന കാര്യം ഞങ്ങളുടെ മനസ്സിൽ തോന്നിയിട്ടില്ല.

(ഫ്റാൻസീസ് പ്രവേശിക്കുന്നു. എല്ലാവരും എഴുന്നേററു നില്ക്കുന്നു)

ഫ്റാൻ:—സഹോദരന്മാരെ, നിങ്ങൾക്കു സമാധാനം. നിങ്ങൾക്കു തൃപ്തിയായയൊ?

ലുങ്ക:—അച്ചാ, ഞങ്ങൾ കുററക്കാരാണ്. അച്ചന്റെ ഈ ദയയ്ക്കു് ഞങ്ങൾ ഒരുനാളും അർഹരല്ല, (കരയുന്നു)

വങ്ക:—അച്ചാ, ഞങ്ങൾക്കുവേണ്ടി പ്രാൎത്ഥിക്കണേ. ഞങ്ങൾ മഹാപാപികളാണ്.

കൊങ്ക:—അച്ചാ, മററു മാൎഗ്ഗമൊന്നും കാണായ്കയാൽ ഞങ്ങളിത്തരത്തിൽ ജീവിച്ചുപോയി. ഇനി ഞങ്ങളെന്താണ് ചെയ്യേണ്ടതെന്നു പറഞ്ഞുതന്നാലും.

ഫ്റാൻ:—സഹോദരങ്ങളെ, നിങ്ങളാശ്വസിച്ചാലും. ദൈവം നല്ലവനാണ്. കരുണയുള്ളവനാണ്. നിങ്ങൾക്കിഷ്ടമുണ്ടെങ്കിൽ ഞങ്ങളോടൊന്നിച്ചു ആശ്രമത്തിലേക്കു വരാം. അവിടെ ദൈവമക്കൾക്ക് യോഗ്യമായ തരത്തിൽ ജീവിക്കുവാൻ പഠിക്കാം.

വങ്ക:—അങ്ങയോടു കൂടി വരുന്നതിനു ഞാനാഗ്രഹിക്കുന്നു.

ലുങ്ക:—ഞാനും ആഗ്രഹിക്കുന്നു.

കൊങ്ക:—ഞാനും.

ഫ്റാൻ:—നമുക്കു ആശ്രമത്തിലേക്കു പോകാം.

(ഫ്റാൻസീസ് മുൻപേ നടക്കുന്നു. മാനസാന്തരപ്പെട്ട കള്ളന്മാർ ഫ്റാൻസീസിനെ അനുഗമിക്കുന്നു. സഹോദരൻ സഞ്ചിയുമെടുത്തു പിന്നാലെ പോകുന്നു.)

സഹോ:—കൎത്താവേ! ഇവരുടെ മാനസാന്തരം ആത്മാൎത്ഥവും സ്ഥിരവും ആക്കേണമെ. ആശ്രമത്തിലെ ചട്ടിയും കലവും ഇവർ കട്ടുകൊണ്ടു പോകാൻ ഇടവരരുതേ!

അശരീരി:—ആമ്മേൻ.

(കർട്ടൻ)

## ——രംഗം പതിനേഴ്——

(ബ്രദർ ജൂണിപ്പറിൻെറ മുറി. ബ്ര. കപിൻറവാളിയും ബ്ര. ജൂണിപ്പറും സംസാരിച്ചുകൊണ്ടു നില്ക്കുന്നു. മുറിയുടെ ഒരു വശത്ത് ഒരു കിടക്ക തയ്യാറാക്കിയിട്ടുണ്ട്.)

ബ്ര. കപിൻറ:—ബ്രദർ ജൂണിപ്പർ, നമ്മുടെ സഹോദരൻ ലൂഷ്യൻ സുഖമില്ലാതെ കിടക്കുന്നതറിയാമല്ലോ. അദ്ദേഹത്തെ ശുശ്രൂഷിക്കുന്ന കാര്യം നിങ്ങളെ ഞാൻ ഭരമേല്പിക്കുന്നു. ബ്രദർ ലൂഷ്യൻ അല്പം കൊതി കൂട്ടുന്ന കൂട്ടത്തിലാണ്. വല്ലതും കടിച്ചു പറിച്ചു തിന്ന് ദഹനക്കേടു വരാതെ സൂക്ഷിച്ചു കൊള്ളണം.

ബ്ര. ജൂണി:—ഞാൻ വേണ്ടതു ചെയ്തുകൊള്ളാം. പാവം ലൂഷ്യൻ! അദ്ദേഹം വളരെ കഷ്ടപ്പെടുന്നുണ്ട്. എപ്പോഴും എൻെറ ദൃഷ്ടിയിലുണ്ടായിരിക്കുന്നതിന് ഞാനദ്ദേഹത്തെ ഈ മുറിയിലേക്കു കൊണ്ടുവരാൻ പോകയാണ്. ഇപ്പോൾ അദ്ദേഹം കിടക്കുന്ന മുറിയിൽ വലിയ തണുപ്പാണ്. (പോകുന്നു)

ബ്ര. കപിൻറ:—(ആത്മഗതം) ബ്രദർ ജൂണിപ്പറിനെപോലെ സ്നേഹമുള്ള ഒരു സഹോദരനെ കാണാൻ കിട്ടുകയില്ല. തന്നെത്തന്നെ മറന്ന് മററുള്ളവക്കു വേണ്ടി എന്തു ത്യാ

ഗവും സഹിക്കുന്നതിനെപ്പോഴും സന്നദ്ധനാണ്. സ്നേഹ ത്തിന്റെ ആധിക്യം കൊണ്ട് അവിവേകമൊന്നും കാണിക്കാ തിരുന്നാൽ ഭാഗ്യം.

(ബ്ര. കവിൻറവാളി പോകുന്നു. ബ്ര. ലൂഷ്യനെ താങ്ങിപ്പിടി ച്ചുകൊണ്ട് ബ്ര. ജൂണിപ്പർ പ്രവേശിക്കുന്നു. അദ്ദേഹത്തെ കിടക്കയിൽ കിടത്തുന്നു)

ബ്ര. ജൂണി:—പതുക്കെ ചരിഞ്ഞു കിടന്നു കൊള്ളുക. ദേഹം നോവാതിരിക്കുന്നതിനും, ചൂടുകിട്ടുന്നതിനും വേണ്ടി ഞാൻ പായുടെ അടിയിൽ വയ്ക്കോലിട്ടിട്ടുണ്ട്. (ലൂഷ്യൻ കി ടന്നു കഴിഞ്ഞു്) ഇപ്പോളെങ്ങനെ തോന്നുന്നു? (നെററിയിൽ കൈവച്ചു നോക്കിയിട്ട്) ചൂടു സാരമായിട്ടൊന്നുമില്ല. വി ശപ്പു തോന്നുന്നുണ്ടോ? ഇന്നു വല്ലതും കഴിച്ചോ?

ബ്ര. ലൂഷ്യ: – (ഞരങ്ങി സംസാരിക്കുന്നു) ഇന്നൊ ന്നും ഞാൻ കഴിച്ചില്ല. അല്പം വിശപ്പു തോന്നുന്നുണ്ട്. പ ക്ഷെ, ഭക്ഷണത്തിനു രുചി തോന്നുന്നില്ല.

ബ്ര. ജൂണി:—ഞാൻ പൊടിയരിക്കഞ്ഞിയും. നല്ല പപ്പടം ചുട്ടതും കൊണ്ടുവരട്ടെ?

ബ്ര. ലൂ:—ഓ! പപ്പടം. അതിന്റെ മണംതന്നെ എ നിക്കു പിടിക്കുന്നില്ല.

ബ്ര. ജൂണി:—എന്നാൽ ചെറുനാരങ്ങാ ഉപ്പിലിട്ടതു ണ്ട്. അതു കാണുമ്പോൾ രുചി താനെ വരും. ഞാനി പ്പോൾ പോയികൊണ്ടുവരാം. (പോകാൻ ഭാവിക്കുന്നു.)

ബ്ര. ലൂഷ്യ:—വേണ്ടാ, വേണ്ടാ; അതൊരു ഗുണമി ല്ല. ഇന്നലെ ഞാൻ കൂട്ടിനോക്കിയതാ അപ്പം ഓക്കാനം വന്നു.

ബ്ര. ജൂണി:—ശ്യോ, കഷ്ടം! പിന്നെ എന്റെ പൊ ന്നുസഹോദരന് എന്താണ് ഞാൻ തരേണ്ടതു്?

ബ്ര. ലൂഷ്യ: – ഒരു കഷണം പന്നിയിറച്ചി കിട്ടിയാൽ അല്പം കഞ്ഞികുടിക്കാൻ കഴിയുമെന്നാണ് എൻെറ വിചാരം.

ബ്ര. ജൂണി: – പന്നിയിറച്ചിയോ? അയ്യോ! പനിയുള്ളയാൾക്കു പന്നിയിറച്ചി തിന്നാമൊ? വല്ല ദഹനക്കേടുമുണ്ടായാലെന്തു ചെയ്യും?

ബ്ര. ലൂഷ്യ: – ഒരു ചെറിയ കഷണം മതി. കഞ്ഞിയുടെ അടുത്തു കൊണ്ടുവന്നു വച്ചാൽ മതി. ബ്രദർ ജൂണിപ്പറിനു എന്നോടു സ്നേഹമുണ്ടെങ്കിൽ, ഞാൻ വല്ലതും കഴിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ, പന്നിയിറച്ചി കൊണ്ടു വന്നാൽ മതി. അല്ലെങ്കിൽ ഞാനിവിടെ കിടന്നു വിശന്നു മരിച്ചു കൊള്ളട്ടെ. പൊയ്ക്കൊള്ളൂ.

ബ്ര. ജൂണി:—എൻെറ പൊന്നു സഹോദരനല്ലെ. അങ്ങനെ പിണങ്ങാതെ. എങ്ങനെയെങ്കിലും ഞാനല്പം പന്നിയിറച്ചി കൊണ്ടുവരാം. സമാധാനമായി കിടന്നുറങ്ങിക്കൊള്ളൂ. ഞാൻ പോയിട്ടു വരട്ടെ.

(ജൂണിപ്പർ ഒരു പിശ്ശാത്തിയെടുത്തുകൊണ്ട് സ്റ്റേജിൻെറ മുൻവശത്ത് ഒരു കോണിലേക്കു മാറിനില്ക്കുന്നു.)

ബ്ര. ജൂണി: – പന്നിയിറച്ചിക്ക് ഞാനിപ്പോളെവിടെപ്പോയന്വേഷിക്കണം? ക്രിസ്തുമസോ, ഈസ്റ്ററോ വരാതെ ആരും പന്നിയെ കശാപ്പുചെയ്യാറില്ല. (നടന്ന് സ്റ്റേജിൻെറ മറേറ കോണിൽ വന്ന് അണിയറയിലേക്കു നോക്കിയിട്ട് വീണ്ടും സദസ്സിനെ അഭിമുഖീകരിച്ച്) ആ വയലിൽ കുറെ പന്നിക്കുട്ടന്മാർ കിടന്നു കരണംമറിയുന്നുണ്ട്. അതിലൊരെണ്ണത്തിൻെറ ഒരു കാലിങ്ങു കിട്ടിയാൽ മതിയായിരുന്നു. പക്ഷെ ഒരിളം കാല് മുറിച്ചെടുത്താൽ പന്നിക്കു വേദനയെടുക്കുമല്ലൊ. പാവം പന്നി സഹോദരൻ! എന്തു ചെയ്യാം! ബ്രദർ ലൂഷ്യന് പന്നിയേക്കാൾ മാഹാത്മ്യമുണ്ട്. അതുകൊണ്ട്

പന്നിക്കുട്ടൻ അദ്ദേഹത്തിനു വേണ്ടി അല്പം ത്യാഗം സഹിക്കാതെ നിവൃത്തിയില്ല. ഏതായാലും ഞാനവനെ അധികം നോവിക്കാതെ ഒരൊററ വെട്ടിനു് കാലു മുറിച്ചെടുക്കണം.

(ജൂണിപ്പർ പോകുന്നു. ഒരു കർട്ടൻ വീഴുന്നു. ആശ്രമ കവാടം. പന്നിയുടെ കരച്ചിൽ കേൾക്കുന്നു. ബ്രദർ ജൂണിപ്പർ ഒരു കൈയിൽ പന്നിയുടെ കാലും മററേ കൈയിൽ കത്തിയുമായി പ്രവേശിക്കുന്നു.)

ബ്ര. ജൂണി:—കിട്ടിപ്പോയി. ദൈവത്തിനു സ്തോത്രം. പന്നിയനുജൻ കരയുകയാണു്. എനിക്കവനോടു വളരെ അനുകമ്പ തോന്നുന്നു. എന്തുചെയ്യാം! ഇനി സമയം കളയാതെ ഇതു പാകം ചെയ്തു ലൂഷ്യനു കൊടുത്തിട്ടു മററു കാര്യങ്ങൾ.

(ആശ്രമത്തിനുള്ളിലേക്കു പോകുന്നു. പന്നിയുടെ ഉടമസ്ഥനായ മാർക്കോസ് കോപിഷ്ഠനായി പ്രവേശിക്കുന്നു. കൃഷീവലൻെറ വേഷം)

മാർക്കോസ്:—എന്തൊരു അക്രമമാണെടാ ഇതു്. നട്ടുച്ചക്കിങ്ങനെ കവച്ച് തുടങ്ങിയാൽ മനുഷ്യരെങ്ങനെ ജീവിക്കും! അതും വലിയ ഭക്തി നടിച്ചു് സർവനേരവും കൊന്തയുമുരുട്ടി നടക്കുന്ന കൂട്ടർ! പന്നിയുടെ ഒരു കാലു മുറിച്ചു കൊണ്ടു കടന്നുകളയുക. ഇതിനു മുൻപെങ്ങും ലോകത്തിൽ കേട്ടിട്ടില്ലാത്തതരം കവച്ച്. പൂച്ചസന്യാസികൾ, ഇവന്മാരെ ഒരു പാഠം പഠിപ്പിച്ചിട്ടേയുള്ളൂ. (ചുററും നോക്കിയിട്ടു്) ഇവിടെയെങ്ങും ആരുമില്ലേ? (കതകിൽ മുട്ടുന്നു) ഹേ, സന്യാസി, ഇങ്ങോട്ടു് ഇറങ്ങി വാ. തന്നോടു രണ്ടു വാക്കു പറഞ്ഞിട്ടേ ഉള്ളൂ. നാക്കുകൊണ്ടു മാത്രമല്ല ഞാൻ ചോദിക്കാൻ പോകുന്നതു്. എൻെറ കൈയുടെ ചൂടും തൻെറ ചെകിടറിയും. (പിന്നെയും മുട്ടുന്നു) കതകു പൂട്ടിയിട്ടകത്തു കയറി ഇരിക്കയാ. (പാർലർ ബല്ലിൻെറ ചരടു കാണുന്നു) ഇതെന്താ മണിയോ?

(ചരടിൽ പിടിച്ചു വളരെ ബലമായി വലിച്ചടിക്കുന്നു. ചരടുപൊട്ടി ചരട്ടും മണിയും മാൎക്കോസിൻെറ തലയിൽ വീഴുന്നു. കോപം വൎദ്ധിക്കുന്നു. കതകു തുറന്നു ബ്ര: കപിൻറവാളി പ്രവേശിക്കുന്നു.)

ബ്ര: കപിൻറ:—സഹോദരാ, എന്താണ് സംഗതി; നിങ്ങൾക്കെന്തുവേണം? (മണിയും, ചരട്ടും താഴെ കിടക്കുന്നതുകണ്ടു്) അല്ലാ, മണിയുടെ ചരടു പൊട്ടിപ്പോയോ; ഓ സാരമില്ല. അതു ശരിയാക്കാം.

(മണിയെടുക്കുന്നതിനു കുനിയുന്നു. മാൎക്കോസ് ബലമായി ബ്ര. കപിൻറവാളിയെ പിടിച്ചുയൎത്തുന്നു)

മാർ: — ഈ വേലയൊന്നുമിറക്കാതെ നേരേനിന്നു ഞാൻ ചോദിക്കുന്നതിനുത്തരം പറയെടോ. തൻെറ ഒരോ ചാരം. എൻെറ പന്നിയുടെ കാലുവെട്ടിക്കൊണ്ടു പോന്നതിൻെറ കാര്യമെന്താണെന്നു്?

ബ്ര: കപിൻറ: — പന്നിയോ! കാലോ! പന്നിയുടെ കാലു ഞാൻ വെട്ടിയെന്നോ? സഹോദരാ, ക്ഷമിക്കണം. നിങ്ങളെന്താണ് പറയുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല.

മാർ: — ഓ, ഒരു ഉറിയേപ്പുണ്യാളച്ചൻ. വയലിൽ മേഞ്ഞുകൊണ്ടിരുന്ന എൻെറ പന്നിയുടെ കാലൊടിച്ചുകൊണ്ടു പോന്നതെന്തിനാണെന്നാണ് ഞാൻ ചോദിക്കുന്നതു്? ഈ സൂത്രമൊന്നും എൻറടുത്തു ചെലവാകാൻ പോകുന്നില്ല. ഈ കുപ്പായവും, ചരടുമെല്ലാം ഞാൻ ദൂരെനിന്നു കണ്ടതല്ലേ. (തോളിൽ പിടിച്ചു കുലുക്കുന്നു) നേരു പറയെടോ, അല്ലെങ്കിൽ തന്നെക്കൊണ്ടു പറയിക്കും.

(ഫ്റാൻസീസ് പ്രവേശിക്കുന്നു)

ഫ്റാൻ:—സഹോദരങ്ങളെ, നിങ്ങൾക്കു മിശിഹായുടെ സമാധാനം. എന്താണിവിടെ അല്പം കോലാഹലം കേട്ടതു്?

മാർ:—(ഫ്റാൻസീസിൻെറ നേരേ തിരിയുന്നു) ഇതാ ഇറങ്ങി വരുന്ന കൊള്ളത്തലവൻ. ഇതുവരെ അകത്തിരുന്നു പോക്കടിക്കുകയായിരുന്നു.

ഫ്റാൻ:—(കപിൻറവാളിയോട്ട്) സഹോദരാ, എന്താണു് സംഗതി? ഇദ്ദേഹത്തിൻെറ പരിഭവത്തിനു കാരണമെന്താണു്?

ബ്ര. കപിൻറ:—അദ്ദേഹം പറയുന്നതു് ഞാനോ, നമ്മുടെ സഹോദരങ്ങളിൽ മററാരോ അദ്ദേഹത്തിൻെറ പന്നിയുടെ കാല്വ മുറിച്ചെട്ടത്തെന്നാണു്.

ഫ്റാൻ:—അങ്ങനെ ആരെങ്കില്വം ചെയ്തതായിട്ടറിയാമോ?

മാർ:-അമ്പടാ, ഒരു പരിശുദ്ധൻ. ഇനിയൊരു രൂപക്കൂടിൻെറ കുറവേയുള്ളു.

ബ്ര. കപിൻറ—ഈ ദിവസങ്ങളിലെന്നു മാത്രമല്ല, ഈ ആശ്രമത്തിൽ വന്നതിൽ പിന്നെ ഞാൻ പോക്കു കണ്ടിട്ടില്ല.

ഫ്റാൻ:—(മാർക്കോസിനോട്ട്) സഹോദരാ, ദയവു ചെയ്തു ഞങ്ങളെ വിശ്വസിച്ചാല്വം. നിങ്ങൾ തെററിദ്ധരിച്ചുപോയതാണു്. ഞങ്ങൾ മോഷണം ചെയ്കയുമില്ല, കള്ളം പറയുകയുമില്ല. ഇനിയും നിങ്ങൾക്കു വിശ്വാസമാകുന്നില്ലെങ്കിൽ, രണ്ടു ദിവസത്തേക്കു ക്ഷമിക്കൂ! നിങ്ങൾക്കു നഷ്ടപ്പെട്ട പന്നിക്കു പകരം ഞങ്ങൾ വേറൊന്നു വാങ്ങിത്തരാം.

മാർ:—ഈ അഭിനയമൊന്നും ഇങ്ങോട്ടിറക്കേണ്ടാ; ഞാനെൻെറ കണ്ണുകൊണ്ടു കണ്ടതല്ലെ, നിങ്ങളിലൊരുവൻ എൻെറ പന്നിയുടെ കാല്വമായി ഇങ്ങോട്ടോട്ടിക്കയറുന്നതു്. നിങ്ങളെ ഞാൻ പോലീസിനെക്കൊണ്ടു പിടിപ്പിച്ച് മുതുകത്തു നാല്വ് ഇടിവീഴമ്പോൾ സത്യം താനേ വെളിക്കു ചാട്ടം. പൂച്ച പുറത്താകും. നോക്കിക്കോ. (പോകുന്നു)

ഫ്റാൻ:—(കപിൻറവാളിയോട്ട്) ഇതിലെന്തോരഹ സ്യമുണ്ടല്ലോ. എന്തെങ്കിലുമടിസ്ഥാനമില്ലാതെ അദ്ദേഹമ ങ്ങനെ പറയാനിടയില്ല.

ബ്ര: കപിൻറ:—എനിക്കു ബ്രദർ ജൂണിപ്പറിൽ അല്പം സംശയമുണ്ട്. സഹോദൻ ഒരു പക്ഷേ വല്ല അവിവേകവും പ്രവത്തിച്ചിരിക്കും.

ഫ്റാൻ—പരമശുദ്ധനായ ബ്രദർ ജൂണിപ്പറോ? അങ്ങനെയുള്ള അക്രമമൊന്നും അദ്ദേഹം പ്രവത്തിക്കാനിട യില്ല.

(ബ്രദർ ജൂണിപ്പർ ചിരിച്ചുകൊണ്ടു പ്രവേശിക്കുന്നു)

ബ്ര. ജൂണി:—ഇശോമിശിഹാക്കു സ്തുതിയായിരി ക്കട്ടെ.

ഫ്രാൻ:—ബ്രദർ ജൂണിപ്പർ, എന്താ ഇത്ര സന്തോഷം. ബ്രദർ ലൂഷ്യസ്സ എങ്ങനെയിരിക്കുന്നു. പനിക്കു കുറവുണ്ടോ?

ബ്ര. ജൂണി:—(കൃതാത്ഥതയോടെ) വളരെ കുറവുണ്ട്. ഇന്നു രുചിയോടെ അല്പം ഭക്ഷണം കഴിച്ചു. ഇപ്പോൾ സ ന്തോഷമായിരിക്കുന്നു. ആഹാരത്തിനു രുചിയില്ലെന്നു വ ലിയ ആവലാതിയായിരുന്നു. അല്പം പന്നിയിറച്ചി കിട്ടി യാൽ കൊള്ളാമെന്നു പറഞ്ഞു. ഞാൻ ആ ആഗ്രഹം ഒരു തര ത്തിൽ സാധിച്ചു കൊടുത്തു. ഇപ്പോൾ സഹോദരൻ വളരെ സുഖമായും സംതൃപ്തിയായും ഇരിക്കുന്നതു കണ്ടിട്ടാണ് ഞാനി ങ്ങോട്ടിറങ്ങിയതു്.

ബ്ര. കപിൻറ:—(അത്ഭുതത്തോടെ) പന്നിയിറച്ചിയോ?

ഫ്രാൻ:—പന്നിയിറച്ചിയോ! അപ്പോൾ സഹോദര നാണോ മാക്കോസിൻെറ പന്നിയുടെ കാലുമുറിച്ചെടുത്തതു്?

ബ്ര. ജൂണി:—ആരുടെ പന്നിയാണെന്നു ഞാൻ അ ന്വേഷിച്ചില്ല. അന്വേഷിക്കാൻ സമയം കിട്ടിയില്ല. ഒററ

വെട്ടിനു ഞാൻ അതിൻെറ ഒരു കാലു മുറിച്ചെടുത്തു. അതു കൊണ്ടു വീണ്ടും വീണ്ടും വെട്ടിയാലുണ്ടാകുന്ന വേദന അതിനു സഹിക്കേണ്ടിവന്നില്ല.

ഫ്രാൻ:—വേദനയെക്കുറിച്ചല്ല പരാതി. സഹോദരാ, അന്യൻെറ മുതൽ അപഹരിച്ചു എന്നതാണു് നിങ്ങൾ ചെയ്ത അപരാധം.

ബ്ര. ജൂണി:—(മുട്ടിന്മേൽ വീണു കരഞ്ഞുകൊണ്ടു്) പിതാവേ, എനിക്കു മാപ്പുതരണം. അന്യൻെറ മുതലാണെന്നുള്ളതിനെപ്പററി ഞാൻ ചിന്തിച്ചില്ല. പന്നിയിറച്ചി തിന്നാൽ ബ്ര. ലൂഷ്യനു സുഖമാകുമെന്നറിഞ്ഞപ്പോൾ ഞാനതു കൊണ്ടുവരാനോടി. ഒരു രോഗിയെ സന്തോഷിപ്പിക്കുന്നതു് ദൈവത്തിനിഷ്ടമായ പ്രവൃത്തിയാണല്ലൊ എന്നാണു് ഞാൻ വിചാരിച്ചതു്.

ഫ്രാൻ:—സഹോദരാ, പരിശുദ്ധമായ അനുസരണയുടെ നാമത്തിൽ ഞാൻ നിങ്ങളോടാജ്ഞാപിക്കുന്നു. നിങ്ങൾ പോയി പന്നിയുടെ ഉടമസ്ഥനെ തേടിപ്പിടിച്ചു്, കുററം ഏററുപറഞ്ഞു് ക്ഷമയാചിക്കണം. മേലിലിത്തരം അനീതി പ്രവൃത്തിക്കയില്ലെന്നും, ചെയ്ത അപരാധത്തിനു തക്ക പരിഹാരം ചെയ്തു കൊള്ളാമെന്നും ഉറപ്പു നല്കണം.

ബ്ര. ജൂണി:—പിതാവേ, ഇതാ ഞാൻ യാത്രയായി കഴിഞ്ഞു.

(ബ്രദർ ജൂണിപ്പർ ഒരു വശത്തേക്കും, ഫ്രാൻസീസും കപിൻറവാളിയും മറുവശത്തേക്കും പോകുന്നു) (ഒരു കർട്ടൻ ഉയരുന്നു. വയലിലേക്കു മടങ്ങുന്ന മാക്കോസ് പ്രവേശിക്കുന്നു)

മാർ:—എൻെറ ഗീവർഗ്ഗീസ് പുണ്യവാളാ, ഞാനാ മുക്കാലൻ പന്നിയെ ഇനി എന്തു ചെയ്യും. വരുന്ന ക്രിസ്തുമസ്സിനു വെട്ടാൻ നിറുത്തിയിരുന്നതാ. ഈ നോയമ്പുകാലത്തു് അതിനെ കശാപ്പു ചെയ്താൽ വല്ലവരും ഇറച്ചി വാങ്ങുമോ?

(ബ്രദർ ജൂണിപ്പർ പ്രവേശിക്കുന്നു)

മാർ:—(ജൂണിപ്പറിനെ നോക്കിയിട്ട്, പുച്ഛരസത്തിൽ) ഇനി ഈ വർഗ്ഗത്തിനെന്താണ് വേണ്ടതു്.

ബ്ര. ജൂണി:—നിങ്ങളാണൊ ആ വയലിൽ നില്ക്കുന്ന പന്നികളുടെ ഉടമസ്ഥൻ?

മാർ:—അതെ. തനിക്കെന്തു വേണം? ഒരു പന്നിയെക്കൂടെ കൊല്ലാനിറങ്ങിയിരിക്കുകയാണോ?

ബ്ര. ജൂണി:—സഹോദരാ, ക്ഷമിക്കണം. ഞാനാണ് നിങ്ങളുടെ പന്നിയുടെ കാലുമുറിച്ചെടുത്തതു്. (മുട്ടുകുത്തുന്നു) ദയവുചെയ്തു് എന്നോടു ക്ഷമിക്കണം.

മാർ:—(കുപിതനായി) എടാ! കള്ളപ്പൂച്ച പുറത്തുചാടിയിരിക്കുന്നു! കള്ളാ, വഞ്ചകാ, പൂച്ചസന്യാസി (അടിക്കുന്നു) തനിക്കു ലജ്ജയില്ലേ, ഈ കുപ്പായവുമിട്ടു കൊന്തയുമാട്ടി നടക്കാൻ? 'കൊതിക്കുപതം പ്രസംഗിക്കുന്ന യോഗീന്ദ്രൻ!

(ബ്രദർ ജൂണിപ്പർ ശിരസ്സു താഴ്ത്തിനിന്നു് എല്ലാം സഹിക്കുന്നു)

ബ്ര. ജൂണി:—സഹോദരാ, വേണമെങ്കിൽ കുറച്ചുകൂടി പ്രഹരിച്ചുകൊള്ളുക. അതിലെനിക്കു സങ്കടമില്ല. എന്നാൽ ഞാൻ ചെയ്ത പ്രവൃത്തിയുടെ സാഹചര്യങ്ങൾ നിങ്ങൾ കേൾക്കുന്നതിനു ദയവുണ്ടാകണമെന്നു ഞാൻ യാചിക്കുന്നു.

മാർ:—ഇതെന്തൊരു കൂത്തപ്പനേ! ആട്ടെ, അക്കഥയുമൊന്നു കേൾക്കട്ടെ.

ബ്ര. ജൂണി:—ഞങ്ങളുടെ ഒരു സഹോദരൻ കുറച്ചു ദിവസങ്ങളായി സുഖമില്ലാതെ കിടക്കയായിരുന്നു. അവശനായ അദ്ദേഹത്തിനു ഭക്ഷണമൊന്നും കഴിക്കുന്നതിനു രുചി തോന്നിയില്ല. പലതും ഞങ്ങൾ കൊടുത്തു നോക്കിയെങ്കിലും

സഹോദരന് ഭക്ഷിക്കുന്നതിനു കഴിഞ്ഞില്ല. അല്പം പന്നിയിറച്ചി കിട്ടുന്നപക്ഷം വല്ലതും കഴിക്കാമെന്നദ്ദേഹം ആശപ്രകടിപ്പിച്ചു. അദ്ദേഹത്തിൻെറ ദയനീയസ്ഥിതിയിൽ അനുകമ്പ തോന്നിയാണ് ഞാൻ ഓടിവന്ന് നിങ്ങളുടെ പന്നിയുടെ ഒരു കാൽ വെട്ടിക്കൊണ്ടു പോയി പാകം ചെയ്തു കൊടുത്തതു്. സഹോദരനല്പം ആശ്വാസം നൽകാൻ കഴിഞ്ഞാൽ അതൊരു വലിയ കാര്യമായിരിക്കുമെന്നല്ലാതെ മററൊന്നിനെക്കുറിച്ചും അപ്പോളാലോചിക്കുന്നതിനെനിക്കു കഴിഞ്ഞില്ല. സഹോദരസ്നേഹത്തോടു തുലനം ചെയ്യുമ്പോൾ ഒരു പന്നിക്കാലെന്താണ്? ഒരു പന്നിയോ, പന്നിക്കൂട്ടമോ എന്താണ്? നിങ്ങളുടെ വകയായ പന്നിയുടെ ഒരു കാല് മഹനീയമായ ഒരു സേവനത്തിന് ഉപകരണമായി തീർന്നെന്നറിയുമ്പോൾ നിങ്ങൾ അത്യധികം സന്തോഷിക്കുമെന്നായിരുന്നു എൻെറ എളിയ പ്രതീക്ഷ.

(മാർക്കോസിനു ഹൃദയപരിവർത്തനമുണ്ടാകുന്നു)

മാർ:—ഹാ! ദൈവമേ! ഞാനെന്താണിക്കാണുന്നതും, കേൾക്കുന്നതും. പരമപരിശുദ്ധനും, നിഷ്കളങ്കഹൃദയനുമായ ഒരു സഹോദരൻ, പരസ്നേഹതീഷ്ണതയാൽ പ്രേരിതനായി ഒരു പന്നിയെ മുറിപ്പെടുത്തിയതിന് ഞാനെന്തെല്ലാം കൈയ്യേററങ്ങളാണ് നടത്തിയതു്? കോപത്തെ നിയന്ത്രിക്കാൻ കഴിയാതെ, നിർദ്ദോഷികളും വിശുദ്ധാത്മാക്കളുമായ എത്ര സഹോദരന്മാരെ ഞാനസഭ്യം പറഞ്ഞു! ദേഹോപദ്രവം ചെയ്തു! ഒരു സഹോദരനുവേണ്ടി ഇത്രമാത്രം ത്യാഗങ്ങൾ സഹിക്കുകയും, ഇനിയും എന്തും സഹിക്കാൻ സന്നദ്ധനായിരിക്കുകയും ചെയ്യുന്ന ഈ മഹാത്മാവിനെ ഞനെത്ര മൃഗീയമായി മർദ്ദിച്ചു. ഹാ! ദൈവമേ! എന്നോടു ക്ഷമിക്കേണമെ. (മാർക്കോസ് ബ്രദർ ജൂണിപ്പറിൻെറ മുൻപിൽ കമഴ്ന്നു വീഴുന്നു.) സഹോദരാ, ചിന്തിക്കാതെ മുൻകോപം

മൂലം ഞാൻ അങ്ങയോടു ചെയ്ത നിഷ്ഠൂര കൃത്യങ്ങൾ എന്നോടു ക്ഷമിച്ച് എൻെറ പാപങ്ങൾ പൊറുക്കുന്നതിനു് അങ്ങുന്നു് ദൈവത്തോടപേക്ഷിക്കേണമെ.

ബ്ര. ജൂണി:—(മാർക്കോസിനെ പിടിച്ചെഴുന്നേല്പിക്കുന്നു) സഹോദരാ, ഇതിൻെറ ആവശ്യമൊന്നും ഇല്ല. ഞാൻ അർഹിക്കുന്നതിൽ കൂടുതലായി നിങ്ങൾ എന്നോടൊന്നും ചെയ്തിട്ടില്ല. ഞാൻ മഹാപാപിയാണു്. എന്നാൽ ദൈവം നല്ലവനും, കരുണയുള്ളവനുമാണു്. അദ്ദേഹം നമ്മോടു ക്ഷമിക്കും. (ഇരുവരും എഴുന്നേല്ക്കുന്നു)

മാർ:—ഞാൻ ചെയ്ത ക്രൂരകൃത്യങ്ങൾക്കു് എന്തെങ്കിലും പരിഹാരം ചെയ്യാതെ എൻെറ മനസ്സിനു സമാധാനമുണ്ടാകുന്നതല്ല. ആകയാൽ ഞാനങ്ങയോടു അപേക്ഷിക്കുന്നു. മൂന്നു കാല്യമായി നില്ക്കുന്ന എൻെറ പന്നിയെ അങ്ങുന്നു ദാനമായി സ്വീകരിക്കണം. അങ്ങേയ്ക്കും എൻെറ ക്രൂരകൃത്യങ്ങൾക്കു ഇരയായ ആശ്രമത്തിലെ മററു സഹോദരന്മാർക്കും ആയി ഞാനതു ദാനം ചെയ്യുന്നു. നമുക്കതിനെ എടുത്തുകൊണ്ടാശ്രമത്തിലേക്കു പോകാം.

ബ്ര. ജൂണി.—ദൈവത്തിനു സ്തോത്രം.

(കർട്ടൻ.)

## രംഗം പതിനെട്ട്

(സ്ഥലം—അൽവേർണോഗിരിതലം. ഫ്രാൻസീസും ബ്ര. ലീയോയും പ്രവേശിക്കുന്നു.)

ഫ്രാൻ:—സഹോദരൻ ലീയോ, ഇതാണ് ഉദാരമതിയായ ഒർലാൻേറാ പ്രഭു നമുക്കു ദാനമായി തന്നിരിക്കുന്ന ഏകാന്തവും പ്രകൃതിരമണീയവുമായ അൽവേർണോഗിരി.

ലീയോ:—ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കും.

ഫ്രാൻ:—ഒർലാൻേറാ പ്രഭു തൻെറ ഭൃത്യന്മാരെ അയച്ച് നമുക്കോരോരുത്തക്കുമായി ഓരാ ചെറിയ കുടിലുകൾ കെട്ടിച്ചിട്ടുണ്ട്. (ഒരു വശത്തേക്കു ചൂണ്ടിക്കൊണ്ട്) അതാ, ആ കാണുന്ന കുടിൽ നിങ്ങൾക്കുവേണ്ടിയാണ്. (മറുവശത്തേക്കു ചൂണ്ടിക്കൊണ്ട്) ഞാൻ ആ പർണ്ണശാലയിലേക്കു പൊയ്ക്കൊള്ളാം. ദീർഘയാത്രമൂലം ക്ഷീണിച്ചിരിക്കുന്നതിനാൽ, നിങ്ങൾ പോയി വിശ്രമിക്കണം. എന്നാൽ അതിനു് മുൻപ്, എനിക്കു നിങ്ങളോട്ടു ഗൗരവമുള്ള ഒരു സംഗതി പറയാനുണ്ട്.

ലീയോ:—പിതാവേ, പറഞ്ഞാലും. അങ്ങയുടെ ഏതൊരാജ്ഞയും നിർവ്വഹിക്കുന്നതിനു് ഞാൻ സദാ സന്നദ്ധനാണ്.

ഫ്രാൻ:—സഹോദരൻ ലീയോ, എൻെറ ജീവിതം അതിൻെറ അന്ത്യത്തിലേക്കു അടുത്തു കഴിഞ്ഞു. എൻെറ ആത്മാവിൻെറ രക്ഷയ്ക്കുവേണ്ടി പ്രവൎത്തിക്കുന്നതിനു് ദൈവം എനിക്കു തന്ന വിലയേറിയ വൎഷങ്ങൾ ഞാൻ പാഴാക്കിക്കളഞ്ഞതിൽ എനിക്കു ഖേദമുണ്ടു്. അതുകൊണ്ടു് ശേഷിച്ചിരിക്കുന്ന ഈ ചുരുങ്ങിയ ദിവസങ്ങളെങ്കിലും ധ്യാനത്തിലും തപസ്സിലും ചെലവഴിച്ചു് എൻെറ പാപങ്ങൾക്കു പരിഹാരം ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു.

ലീയോ:—പിതാവേ, അങ്ങുന്നു് വൃഥാ അസ്വസ്ഥനാകേണ്ടതില്ല. അവിടുന്നു് നിരവധി സുകൃതങ്ങൾ ചെയ്തിട്ടുള്ളതു് മനുഷ്യൎക്കും ദൈവത്തിനും അറിയാം. നല്ലവനായ ദൈവം അങ്ങേയ്ക്കു് അതിനു് ഉചിതമായ സമ്മാനം നല്കും.

ഫ്രാൻ:—ബ്രദർ ലീയോ, നിങ്ങൾ ശുദ്ധഹൃദയനായ ഒരു ആട്ടിൻകുട്ടിയാണു്. നിഷ്കളങ്കങ്ങളായ നിങ്ങളുടെ നയനങ്ങൾ എല്ലാം നല്ലതായി കാണുന്നു. എന്നാൽ പരമപരിശുദ്ധനായ ദൈവത്തിൻെറ ദൃഷ്ടിയിൽ നമ്മുടെ പുണ്യപ്രവൃത്തികളെല്ലാം ശുഷ്കമാണു്. അതിനാൽ ഞാനിപ്പറയുന്നതു് നിങ്ങൾ കേട്ടാലും. ഏതാനും ദിവസത്തേക്കു് ഏകാന്തധ്യാനം കഴിക്കുവാൻ ഞാൻ ആ പൎണ്ണശാലയിലേക്കു പോകയാണു്. ആരും അങ്ങോട്ടു വരുന്നതിനു് അനുവദിക്കരുതു്. നിങ്ങൾ മാത്രം എല്ലാ ദിവസവും വൈകുന്നേരം എനിക്കു കുറച്ചു പച്ചവെള്ളവും അല്പം റൊട്ടിയും കൊണ്ടുവരണം. എന്നാൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഇവിടെ വന്നു കഴിയുമ്പോൾ നിങ്ങൾ "കൎത്താവു് എൻെറ അധരങ്ങൾ തുറക്കട്ടെ" എന്ന കീൎത്തനം ആരംഭിക്കണം. അപ്പോൾ ഞാൻ കുടിലിൽനിന്നു് അതിനു മറുപടിയായി "എൻെറ നാവു് അങ്ങയുടെ സ്തോത്രം പാടും." എന്നു പറയുന്നുണ്ടെങ്കിൽ മാത്രം നിങ്ങൾ അടുത്തു വന്നാൽ മതി. അകത്തു വന്നു് എന്നോ

ടൊരുമിച്ചു സങ്കീർത്തനങ്ങൾ ആലപിച്ച ശേഷം നിങ്ങൾക്കു മടങ്ങിപ്പോരാം.

ലീയോ:—പിതാവെ, ഞാനങ്ങനെ ചെയ്യാം. എന്നാൻ അങ്ങയുടെ മറുപടിയൊന്നും കേൾക്കാതെ വരുന്ന പക്ഷം......

ഫ്രാൻ:—നിങ്ങളുടെ അഭിവാദ്യത്തിനു മറുപടി കേൾക്കുന്നില്ലെങ്കിൽ ഞാൻ ധ്യാനിക്കുകയാണ് എന്നു സഹോദരൻ മനസ്സിലാക്കണം. അങ്ങനെ സംഭവിക്കുന്ന അവസരങ്ങളിൽ അടുത്തു വരരുതു്. വെള്ളവും റൊട്ടിയും ഇവിടെ വച്ച ശേഷം ശബ്ദമുണ്ടാക്കാതെ ഉടൻതന്നെ മടങ്ങി പൊയ്ക്കൊള്ളണം.

ലീയോ:—പിതാവേ, അങ്ങയുടെ ഇഷ്ടംപോലെ. എങ്കിലും, എൻെറ അഭിവാദ്യവാക്യം അവിടുന്നു കേട്ടില്ലായെന്നു കരുതി ഒരു പ്രാവശ്യംകൂടി എനിക്കു് ആവൎത്തിക്കാമോ?

ഫ്രാൻ:—പാടില്ല.

ലീയോ:—ഒരു പക്ഷേ കാററിൻെറ ശബ്ദംകൊണ്ടാണ് അങ്ങുന്നു കേൾക്കാതെ വരുന്നതെങ്കിലോ?

ഫ്രാൻ:—വേണ്ടാ; അഭിവാദ്യം ആവൎത്തിക്കരുതു്.

ലീയോ.—അങ്ങയുടെ ധ്യാനം തീരുന്നതുവരെ ഞാൻ കാത്തിരുന്ന ശേഷം......

ഫ്രാൻ:—ഒരിക്കലുമരുതു്. ഇവിടെ കാത്തു നില്ക്കുകയുമരുതു്. അഭിവാദ്യം ആവൎത്തിക്കയും ചെയ്യരുതു്.

ലീയോ:—എന്നാൽ പിതാവേ, ഞാൻ പോകട്ടെ. എന്നെ അനുഗ്രഹിച്ചയച്ചാലും,

(ലീയോ മുട്ടിന്മേൽനിന്നു് വി. ഫ്രാൻസീസിന്റെ അനുഗ്രഹം സ്വീകരിക്കുന്നു. അതിനുശേഷം ലീയോ പോകുന്നു. ഫ്റാൻസീസ് മുൻപോട്ടു വന്നു് മുട്ടിന്മേൽ വീണു് ഇരുകരവും വിരിച്ചു് പ്രാത്ഥിക്കുന്നു)

ഫ്രാൻ:—സ്നേഹം നിറഞ്ഞ നാഥാ, അങ്ങുന്നാരാണു് ഏഴയും പുഴവുമായ ഞാൻ ആരാണു്......? അത്യുന്നതനായ കത്താവേ, അങ്ങുന്നാരാണു്? പാപിയും നന്ദിഹീനനുമായ എന്നെ എന്തുകൊണ്ടു് അങ്ങുന്നു് ഈ ഭൂമുഖത്തുനിന്നു് തുടച്ചു കളയുന്നില്ല......... ഈശോനാഥാ, അയോഗ്യനായ എന്റെ മേൽ അവിടുന്നു് അനവധി അനുഗ്രഹങ്ങൾ ചൊരിഞ്ഞു. അതിനു ഞാൻ എങ്ങനെ നന്ദി പ്രകടിപ്പിക്കട്ടെ!

(പശ്ചാത്തലത്തിൽ കുറച്ചു സമയത്തേക്കു ശാന്തഗംഭീരമായ ഒരു ഗാനം മുഴങ്ങുന്നു. പൂർവ്വാധികം ഉച്ചത്തിൽ ഫ്രാൻസീസ് തുടരുന്നു)

സ്നേഹത്താൽ മാത്രം പ്രേരിതനായി നിർദ്ദോഷിയും നിഷ്കളങ്കനുമായ അങ്ങുന്നു് എനിക്കുവേണ്ടി എത്ര നിഷ്ഠൂരമായ പീഡനം സഹിച്ചു. അതിനു് എങ്ങനെ ഞാൻ പ്രതിനന്ദി പ്രദർശിപ്പിക്കും? അങ്ങയുടെ അനുഗ്രഹങ്ങളുടെ ഒരു ശൃംഖലമാത്രമായ എന്റെ ജീവിതം ഇതാ അവസാനിക്കാറായതായി എനിക്കു തോന്നുന്നു. പിതാവേ, അങ്ങുന്നു തിരുമനസ്സാകുന്നെങ്കിൽ, മരിക്കുന്നതിനു മുൻപു് എനിക്കു രണ്ടു അനുഗ്രഹങ്ങൾ മാത്രം യാചിക്കുവാനുണ്ടു്. അവിടുന്നു് എനിക്കുവേണ്ടി അനുഭവിച്ച പീഡകൾ, എന്റെ കഴിവിനനുസരണമായി എന്റെ ശരീരത്തിൽ അനുഭവപ്പെടുന്നതിനും അങ്ങുന്നു് എന്നെ സ്നേഹിച്ചത്ര തീക്ഷ്ണതയാൽ അങ്ങയെ ഞാനും സ്നേഹിക്കുന്നതിനും എന്നെ അനുഗ്രഹിച്ചാലും. സ്നേഹനാഥാ, ഇതല്ലാതെ ഇഹത്തിൽ എനിക്കു മറെറാരാഗ്രഹവുമില്ല.

(പ്രകാശം മങ്ങുന്നു. വീണ്ടും ശാന്തഗംഭീരമായ സംഗീതം മുഴങ്ങുന്നു)

അശരീരി.—ഫ്രാൻസീസേ, സ്നേഹഗായകാ, സ്നേഹ ഭ്രാന്താ, നിൻെറ പ്രാർത്ഥന എന്നെ പ്രീതിപ്പെട്ടത്തിയിരിക്കുന്നു. നിൻെറ അഭിലാഷങ്ങൾ നിറവേറും.

(ബ്രദർ ലീയോ പ്രവേശിച്ച് സ്റ്റേജിൻെറ ഒരററത്തു്, ഫ്രാൻസീസ് നിർദ്ദേശിച്ചിരുന്ന സ്ഥാനത്തു വന്നു നില്ക്കുന്നു)

ലീയോ:—എന്താണ് ആ കേട്ടതു്? അതു് അലൗകികമായ ഒരു സ്വരമാണല്ലോ. പിതാവിനു് എന്തോ ദൈവദർശനം ഉണ്ടായിരിക്കണം. ഏതായാലും ഞാൻ അഭിവാദ്യവാക്യം ഉച്ചരിക്കട്ടെ. (സ്വരം മാററി) "കർത്താവു് എൻെറ അധരങ്ങൾ തുറക്കട്ടെ" (ആദ്യസ്വരത്തിൽ) പിതാവു മറുപടിയൊന്നും പറയുന്നില്ലല്ലോ. (പശ്ചാത്തലത്തിൽ സംഗീതം പൂർവ്വാധികം ഗാംഭീര്യത്തോടെ തുടരുന്നു) എന്തൊരു സ്വർഗ്ഗീയഗാനമാണ് ഞാൻ കേൾക്കുന്നതു്! ഇവിടെ നിന്നു് എങ്ങനെ ഞാൻ തിരിച്ചുപോകും? എന്നാൽ പിതാവിൻെറ മറുപടി കേൾക്കാഞ്ഞതുകൊണ്ടു് എനിക്കു ഇവിടെ നില്ക്കാൻ അനുവാദമില്ലല്ലോ.

(അന്ധകാരം വ്യാപിക്കുന്നു—കൊടുങ്കാററു വീശുന്നു—മിന്നൽ പിണരുകൾ - ഇടിമുഴക്കം—ബ്രദർ ലീയോ അസ്തപ്രജ്ഞനായി തറയിൽ വീഴുന്നു. വീണ്ടും അത്യുജ്ജ്വലമായ പ്രകാശം പരക്കുന്നു. ക്രൂശിതനായ ക്രിസ്തു ആറു ചിറകുകൾക്കു നടുവിൽ ഫ്'റാൻസീസിൻെറ മുൻപിൽ പ്രത്യക്ഷപ്പെടുന്നു—കർട്ടൻ വീഴുന്നു—വീണ്ടും കർട്ടൻ ഉയരുന്നു. ബ്രദർ ലീയോ എഴുന്നേററു് ചുററും നോക്കുന്നു. ഫ്'റാൻസീസ് മുട്ടിൽ നിന്നു് എഴുന്നേററു് മന്ദം മന്ദം ബ്ര: ലീയോയുടെ പക്കലേക്കു വരുന്നു)

ഫ്'റാൻ:—(ക്ഷീണസ്വരത്തിൽ) ആരാണവിടെ നില്ക്കുന്നതു്?

ലീയോ:—(പരിഭ്രമിച്ചു്) പിതാവേ, ഞാൻ തന്നെയാണ്.

ഫ്'റാൻ:—എനിക്കു മനസ്സിലാകുന്നില്ല. 'ഞാനെ'ന്നു പറഞ്ഞാൽ?

ലീയോ:—പിതാവേ, ബ്രദർ ലീയോയാണു് ഞാൻ.

ഫ്റാൻ:—ബ്രദർ ലീയോയോ? ഒരിയ്ക്കലുമില്ല. അസാദ്ധ്യം. അസംഭാവ്യം.

ലീയോ:—പ്രിയ പിതാവെ, അങ്ങയുടെ എളിയ ശിഷ്യനായ ലീയോതന്നെയാണു് ഞാൻ.

ഫ്റാൻ:—അല്ല, എൻെറ നല്ല കുഞ്ഞാടായ ലീയോ അനുസരണയുള്ളവനാണു്, നിഷ്കളങ്കനാണു്. അദ്ദേഹം എൻെറ അഭിലാഷത്തിനു വിപരീതമായി ഇവിടെ കാത്തുനില്ക്കുവാൻ ഇടയില്ല.

ലീയോ:—പിതാവേ, ഞാൻ തെററു ചെയ്തുപോയി. (മുട്ടിന്മേൽ വീഴുന്നു) എന്നോടു ക്ഷമിക്കണേ.

ഫ്റാൻ:—ഏതായാലും സാരമില്ല. എഴുന്നേല്ക്കണം നമുക്കു പോകാം. (ലീയോ എഴുന്നേല്ക്കുന്നു)

ലീയോ:—പ്രിയ പിതാവേ, ഞാൻ ഭയപ്പെട്ടുപോയി. വലിയ കൊടുങ്കാററും ഇടിമിന്നലും കണ്ടല്ലോ. അങ്ങേക്കു വല്ലതും സംഭവിച്ചോ? ഞാൻ ബോധംകെട്ടു വീണു പോയി. (ഫ്റാൻസീസിൻെറ കൈത്തലത്തിൽ രക്തം കണ്ടു പരിഭ്രമിച്ചു്) ഗുരോ, അതെന്താണു്? അങ്ങയുടെ കൈ മുറിഞ്ഞോ? ഞാൻ നോക്കട്ടെ. (ലീയോ ഫ്റാൻസീസിൻെറ കൈപിടിച്ചു നോക്കുവാൻ ശ്രമിക്കുന്നു)

ഫ്റാൻ:—(കൈത്തലം ഉടുപ്പിനടിയിൽ മറച്ചുകൊണ്ടു്) സഹോദരാ, ഭയപ്പെടേണ്ട; എനിക്കു അപകടം ഒന്നും സംഭവിച്ചിട്ടില്ല.

ലീയോ:—(ഫ്റാൻസീസിൻെറ പാദങ്ങളിൽ നോക്കിക്കൊണ്ടു്) അയ്യോ! അങ്ങയുടെ പാദങ്ങളും മുറിഞ്ഞിരിക്കുന്നുവല്ലൊ.

ഫ്റാൻ:—വരൂ, നമുക്കു പോകാം. നിങ്ങൾ ഇവയെപ്പററി ആരോടും സംസാരിക്കരുതു്. ദയവുചെയ്തു് ഈ മുറിവുകൾ ഒന്നു വച്ചു കെട്ടുന്നതിനു് എന്നെ സഹായിച്ചാലും.

ലീയോ:—എൻെറ പൊന്നു പിതാവേ, എനിക്കു സമാധാനമാകുന്നില്ല. അങ്ങുന്നു് അവശനായി നടക്കുന്നു. അങ്ങുന്നു വളരെ വേദനയനുഭവിക്കുന്നതായി എനിക്കു മനസ്സിലാകുന്നുണ്ടു്. അങ്ങേയ്ക്കു് ഈ രാത്രിയിൽ എന്തു സംഭവിച്ചെന്നു് എന്നോടു പറഞ്ഞാലും.

ഫ്റാൻ:—മകനെ, ഈ രാത്രിയിൽ ദൈവം വലിയ അനുഗ്രഹങ്ങൾ ഈ അയോഗ്യദാസൻെറ മേൽ ചൊരിഞ്ഞിരിക്കുന്നു. എന്നാൽ എൻെറ ആത്മീയോപദേഷ്ടാവായ നിങ്ങൾ എനിക്കു ഒരു സംശയം തീർത്തു തരണം. ദൈവം തൻെറ ഒരു എളിയ ദാസനു് ഒരു രഹസ്യ ദർശനമോ രഹസ്യ ദാനമോ നല്കുന്നപക്ഷം അതു പരസ്യമാക്കുന്നതു ശരിയാണോ?

ലീയോ:—പിതാവേ, നമ്മുടെ സഹോദരൻ സൂര്യൻ തൻെറ പ്രകാശത്തിലൊരംശം ചന്ദ്രനു നല്കുന്നു. ചന്ദ്രൻ അതു് ലോകത്തിനു നല്കാൻ വിസമ്മതിക്കുന്നുവെങ്കിൽ അതൊരു അപരാധമല്ലേ? അതുപോലെ, ദൈവം ചില രഹസ്യങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ദൈവദാസന്മാർക്കു വെളിപ്പെടുത്തുന്നതു് അവരുടെ മാത്രം പ്രയോജനത്തിനു വേണ്ടിയല്ല. അവർവഴി മററുള്ളവർക്കും അതു് ഉപകാരപ്രദമായിത്തീരുന്നതിനും അവരും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ആണു്.

ഫ്റാൻ:—ശരി; സഹോദരാ, എന്നാൽ കേട്ടുകൊൾക. ഞാൻ കർത്താവിൻെറ പീഡാനുഭവത്തെക്കുറിച്ചു ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ ക്രൂശിതനായ നാഥൻ എനിക്കു പ്രത്യക്ഷപ്പെടുന്നതിനു തിരുമനസ്സായി. കുരിശിൽ കിടന്നുകൊണ്ടു

അങ്ങുന്നു് എന്നെ നോക്കി. അവിടുത്തെ തിരുമുഖത്തു് അനുകമ്പയും സ്നേഹവും തുളുമ്പിനിന്നിരുന്നു. ആ സ്നേഹജ്വാലയുടെ ഒരു കിരണം എൻെറ ഹൃദയത്തിലേക്കു കടന്നു് എൻെറ ഹൃദ്യം നിറച്ചു. (നെടുവീർപ്പിട്ടു് അല്പം കഴിഞ്ഞു് ആവേശപൂർവ്വം) ഹാ ദിവ്യസ്നേഹം! സ്നേഹം! സ്നേഹം! ...... അതെൻെറ ആത്മാവിനേയും ശരീരത്തേയും രൂപാന്തരപ്പെടുത്തി, ക്രൂശിതനായ നാഥൻെറ സാദൃശ്യമായി രൂപാന്തരപ്പെടുത്തി. ഇതാ, എനിക്കു ആത്മാവബോധമുണ്ടായപ്പോൾ എൻെറ ശരീരത്തിൽ അഞ്ചുമുറിവുകൾ കാണപ്പെട്ടു. (കൈപ്പത്തികളും പാദങ്ങളും കാണിക്കുന്നു,) ഇപ്പോൾ എൻെറ ഹൃദയം വേദനയുടേയും ആനന്ദത്തിൻേറയും മധ്യത്തിൽ കിടന്നു അലതല്ലുകയാണു്. ശരീരത്തിൽ ഞാൻ അതിരൂക്ഷമായ വേദന അനുഭവിക്കുന്നു. എന്നാൽ എൻെറ ആത്മാവിൽ ആനന്ദം തിരയടിക്കുന്നു.

ലീയോ:—ഹാ! പിതാവേ! (മുട്ടിന്മേൽ വീണു ഫ്രാൻസീസിൻെറ കരങ്ങളും പാദങ്ങളും ചുംബിക്കുന്നു) ഈ വിധം ഞങ്ങളുടെ പിതാവിനെ അനുഗ്രഹിച്ച ദൈവത്തിനു സ്തോത്രമുണ്ടാകട്ടെ!

കർട്ടൻ.

## ———രംഗം പത്തൊമ്പതു്———

ഗാനം 11.

(ആശ്രമം. ഫ്രാൻസീസ് ദീനശയ്യയിൽ തല ഉയത്തിവച്ചു കിടക്കുന്നു. ബ്ര. ബണ്ണാർഡ്, ബ്ര. ലീയോ മുതലായ ശിഷ്യർ ചുററി ലും നില്ക്കുന്നു. ശോകരാഗത്തിൽ വീണാഗാനം മുഴങ്ങുന്നു. ഗാനം നി ലയ്ക്കുന്നു.)

ബ്ര. ബർ:—പിതാവേ! ഡോക്ടർ പറയുന്നു അങ്ങു ന്നിനി അധിക ദിവസങ്ങൾ ജീവിച്ചിരിക്കയില്ലെന്നു്. അതു കൊണ്ടാണു് അങ്ങയെ ഞങ്ങൾ അസ്സീസിയിലേക്കു തിരിച്ചു കൊണ്ടു വന്നിരിക്കുന്നതു്.

ഫ്രാൻ:—ദൈവത്തിനു സ്തോത്രം. സഹോദരി മര ണമേ, സ്വാഗതം! ഹാ! എൻെറ മാതൃനഗരമെ, എന്നെ പെററു വളത്തിയ എൻെറ പ്രിയപ്പെട്ട അസ്സീസി പട്ടണമേ നിന്നോടു ഞാൻ യാത്ര പറയട്ടെ. അംബ്രിയൻ ഗിരിശൃംഗ ങ്ങളെ, ക്രിസ്തുവിൻെറ കൊച്ചു പടയാളികളുടെ സമരരംഗ ങ്ങളെ, എനിക്കു വിടയരുളിയാലും. ഹൃദയനാഥനുമായി സൈ്വരസല്ലാപം ചെയ്യുന്നതിനു് എനിക്കേകാന്തസങ്കേതം അരുളിയ നിങ്ങളോടു ഞാൻ എന്നും നന്ദിയുള്ളവനാണു്.

സിൽ:—പിതാവെ, മരുന്നു കുടിക്കുന്നതിനു സമയമായി, മരുന്നെടുക്കട്ടെ.

ഫ്രാൻ:—കൈപ്പുള്ള മരുന്നല്ലെ. വേണമെന്നില്ല. ഇനി സഹോദരൻ കഴുതയെ ക്ലേശിപ്പിക്കേണ്ടതില്ല. പാവം! ഒരു പക്ഷേ എൻെറ ശരീരമാകുന്ന കഴുതച്ചേട്ടനെ ക്രമത്തിലധികം ഞാൻ പീഡിപ്പിച്ചിരിക്കാം. സഹോദരാ എനിക്കു മാപ്പുതന്നാലും. നിനക്കു നിത്യവിശ്രമം അനുഭവിക്കുന്നതിനുള്ള സമയം ആസന്നമായി.

ബ്ര. ബണ്ണ്:—പിതാവെ, ഇതാ ആശ്രമാംഗങ്ങളെല്ലാം ഇവിടെയുണ്ടു്. ഞങ്ങളെ ആശീർവ്വദിച്ചാലും.

ഫ്രാൻ:—അതേ, സഹോദരി മരണം വാതുക്കൽ വന്നു എന്നെ കാത്തു നില്ക്കുന്നു. നിങ്ങളിരുവശത്തും വന്നു നില്ക്കുക.

(സഹോദരന്മാർ ഫ്രാൻസീസിൻെറ രണ്ടു വശത്തും വന്നു മുട്ടുകുത്തി നില്ക്കുന്നു. ഫ്രാൻസീസ് രണ്ടു കരങ്ങളും കുരിശാകൃതിയിൽ അവരുടെമേൽ ഉയത്തിപിടിച്ചു കൊണ്ടു്.)

ഫ്രാൻ:—പ്രിയപ്പെട്ട സഹോദരങ്ങളെ! ഇവിടെ സന്നിഹിതരായിരിക്കുന്ന നിങ്ങളേവരേയും, വിദൂരത്തിലായിരിക്കുന്ന സഹോദരങ്ങളേയും ഞാൻ വാത്സല്യപൂർവ്വം അനുഗ്രഹിക്കുന്നു. നിങ്ങൾ ദാരിദ്ര്യവ്രതത്തെ കണ്ണിലുണ്ണിയെപ്പോലെ കാത്തു സൂക്ഷിക്കുക. എല്ലാ വൈദികരേയും ബഹുമാനിക്കുക. നിങ്ങളുടെ മേലധികാരികളേയും, വിശിഷ്യാ പരിശുദ്ധപിതാവിനേയും സർവ്വോപരി എളിമയോടെ അനുസരിക്കുകയും ചെയ്യുക.

ഇഹത്തിൽ വച്ചുള്ള എൻെറ അവസാനത്തെ ആശീർവ്വാദം ഞാൻ നിങ്ങൾക്കു നല്കുന്നു. നിങ്ങൾക്കു മാത്രമല്ല, മേലിൽ വരുവാനിരിക്കുന്ന എൻെറ എല്ലാ അരുമസന്താനങ്ങളേയും ഞാൻ അനുഗ്രഹിക്കുന്നു. സഹോദരങ്ങളേ, നി

ങ്ങൾ സന്തോഷിക്കുവിൻ. ലോകത്തിൻെറ എല്ലാ ഭാഗത്തു നിന്നും ആളുകൾ നിങ്ങളുടെ അണികളിലേക്ക് ഓടിക്കൂടുന്ന തായി ഞാൻ കാണുന്നു. അവരേയും ഞാൻ ഹൃദയപൂർവ്വം അനുഗ്രഹിക്കുന്നു. (ആശീർവ്വാദം കഴിഞ്ഞു്) നിങ്ങളെന്നെ തറയിൽ കിടത്തുക. ദാരിദ്ര്യാമ്പികയുടെ മണിയങ്കത്തിൽ മരണമടഞ്ഞ എൻെറ സ്നേഹനാഥനെ ഞാനെൻെറ എളിയ കഴിവുപോലെ അനുകരിക്കട്ടെ.

(ഫ്രാൻസീസിനെ തറയിൽ കിടത്തുന്നു. എല്ലാവരും മുട്ടുകുത്തി നില്ക്കുന്നു.)

ഫ്രാൻ:—സഹോദരങ്ങളെ എന്നെ ക്ഷണിക്കുവാൻ വന്നിരിക്കുന്ന സഹോദരി മരണത്തിനു് എന്നോടു കൂടി സ്വാഗതം പാടിയാലും.

ഗാനം 12.

(സൂര്യസ്തവത്തിൻെറ പല്ലവിയും മരണത്തെക്കുറിച്ചുള്ള ചരണവും പാടുന്നു.)

ഫ്രാൻ:—ഹാ! സഹോദരി മരണമെ ഇതാ ഇരു കരങ്ങളും വിരിച്ചു് ഭവതിയെ ഞാൻ സ്വാഗതം ചെയ്യുന്നു. എൻെറ ആത്മാവിനെ ഈ കാരാഗൃഹത്തിൽനിന്നു മോചിപ്പിച്ചാലും. കർത്താവേ എൻെറ ആത്മാവിനെ അങ്ങേക്കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു.

(ശോകരാഗത്തിൽ വീണഗാനം)

(കർട്ടൻ)

## രംഗം ഇരുപതു്

(Tableau)

വിശുദ്ധ ഫ്റാൻസീസ് ആശീർവ്വദിക്കുന്ന രീതിയിൽ ഇരുകരങ്ങളും ഉയർത്തിപ്പിടിച്ചിരിക്കുന്നു. ഇരുവശങ്ങളിലുമായി ഒരാട്ടിൻ കുട്ടിയും, ചെന്നായും നില്ക്കുന്നു. പശ്ചാത്തലത്തിൽ പക്ഷികളിരിക്കുന്ന ഒരു വൃക്ഷം. മൂന്നു ഫ്റാൻസീസ്കൻ സഭകളുടേയും പ്രതിനിധികൾ —ഒരു സന്യാസ സഹോദരൻ, ഒരു ക്ലാരിസ്റ്റ് സഹോദരി, ഒരു അത്മായ സഹോദരൻ––ഫ്റാൻസീസിന്റെ ചുററും മുട്ടുകുത്തി നില്ക്കുന്നു. പിന്നണി സൂര്യസ്തവം പാടുന്നു.

ഗാനം 12.



ശുഭം.

അസ്സീസിയിലെ സ്നേഹഗായകൻ

# ഗാന സംവിധാനം

ആൻറണി ജോസഫ്
അസ്സീസി ആർട്ട്സ് ക്ലബ്ബ്
കൊല്ലം.

ഗാനം 1. പുറം 1.

"ഹം പൽചീ മസ്താനി" എ. മ.

ആനന്ദം ഇതുതാനെ
പാറി പറന്നിട്ടും പറവകൾപോലെ
പാരിടം തന്നിലേവം...........ആനന്ദം......

ജീവിത മധുവും തേടി
ഞാൻ പോരുകയാണു നകരാൻ
പാവനലോകം പുൽകാൻ
ഉള്ളംവെമ്പൽ കൊള്ളുന്നിതയ്യോ
മാടി വിടിക്കണെ മാരനെപോലെ
മാനസം കൊതിയ്ക്കുന്നു.

ആയിരം തങ്കക്കിനാക്കൾ
പൂമൊട്ടുകളായി വിരിഞ്ഞു
ഔന്നത്യമാന്നു ലസിക്കാൻ
മാനസം കൊതിക്കുന്നു.
ആലോലം ആടി പാട്ടുകൾ പാടി,
ജീവിതമധുവും തേടാം.
ആനന്ദം...........

ഗാനം 2. പുറം 18.

'പെയിംഗ് ഗെസ്റ്റി'ലെ "ശമ്മാ ജൽദീപുക്കാരാ" എ. മ.

സ്വർഗ്ഗം കാണും രസം, ലോകം മറന്നേ
ആകെ മായതാൻ, കണ്ണു കറങ്ങുന്നേ........ഹൈ
ഹൈ......ഹൈ......ബഹുരസം
തുള്ളി ഒന്നങ്ങുള്ളിപോയാ
തുള്ളിചാടും തുള്ളിപാടും കുപ്പി കുപ്പി...പ്പി...പ്പി...പ്പി

കുപ്പി ഒന്നുള്ളിപ്പോയാ
കോലാഹലം താൻ
കൂത്താട്ടം കുലുമാലും താനേ പോരും
നാലുപേർ നന്നാലു പതിനാറായി കാണും
കുപ്പീ...പീപ്പീ......പിപ്പിപ്പീ.
കണ്ണുരണ്ട്...കാഴ്ചനാലു...കറങ്ങും ലോകം...
കറങ്ങും സർവ്വം......ഹൈ......

പാവനലോകം പരിശുദ്ധലോകം
പാരിടമാകെ പരക്കുന്ന സ്വർഗ്ഗം
കുപ്പി ഒന്നില്ലാത്ത ലോകം നരകം
കുപ്പി പിപ്പീ......പിപ്പിപ്പീ......
താളം മേളം ആട്ടവും പാട്ടും
താനേ പോരും കുപ്പി ഒന്ന്. ഹൈ......

ഗാനം 3. പുറം 21.

"Oh! Mr! Oh! Madam!" എ. മ.

ഓ മിസ്റ്റർ, ഓ മിസ്റ്റർ ശണ്ഠവേണ്ട
കുന്നിൽ കുരു വന്നു ചേർന്നിടേണ്ട

എന്തോ നാമിങ്ങനെ വന്നുപോയി
പൊന്നോണപ്പൂംപന്തലെന്നോർക്ക നീ
ജീവിത മാധുരി ചോർന്നിടാതിരിക്കാൻ
ധീരതയാർന്നടരാടീടേണം.

ശണ്ഠയും ശുണ്ഠിയും വേണ്ട കേട്ടോ
തൊണ്ടയും ചെണ്ടയായ് മാറിട്ടമേ
കണ്ഠക്ഷതത്തിനു കാര്യമില്ലേ
കൊണ്ടതൽപോൽ വേഗത്തിൽ മാറും ശണ്ഠ.

(മൂവരും) ഒന്നായിമാറി നാം ഇന്നുമുതൽ
ഒററയായ് മാറിടുകില്ല മേലിൽ
ഒന്നായി നിന്നു പോരാടാം മേലിൽ
ഒന്നിച്ചാടിപ്പാടി തുള്ളിച്ചാടാം.

ഗാനം 4. പുറം 37.

"മുസ്ക്കരാത്തീ ഹുയീ ചാന്ദ്നീ" എന്ന മട്ട്.

മാഞ്ഞീടുന്നു, മമതാരവും
മാമക സ്വപ്നവും മാഞ്ഞുപോയി
മാനസേ കാണ്മതു മായതാൻ.

കണ്ണുനീരിൽ കുതിർന്നെൻെറ കണ്ണുകൾ
കണ്മണീ എന്നു താൻ വന്നു കാണുമോ?
കാനനരോദനമായി മാറുമോ
കല്മഷം ചേർന്നിടാത്തെൻറയത്ഥന.
കൺമണീ എന്നു താൻ
വന്നു നീ ഈ കൺകളിൽ
ചുംബിച്ചീ കണ്ണുനീർ മാററുമോ?

ഗാനം 5. പുറം 38.

"ചന്ദൻ" ചിത്രത്തിലെ 'ബടാ കിസീ ഐസീ ഹൈ' എ. മ.

പൊൻപുലരി നുകരാൻ
എൻ ഉള്ളം കൊതിച്ചിടുന്നു
പോക്കളമാകെ പൂനിലാവിൽ
പൂവനമായി മാറുന്നു

ഉള്ളിൽ മകുടം ചാർത്തുന്ന ആശ
ഉന്നതമാകും ഭാവി നേടുവാൻ
പേരും പദവിയും ഒന്നൊന്നായി
കൈവശമാക്കാൻ നല്ലൊരു വേള
കോകില കൂജനം പോർവിളിയായി
മാറുന്നതെന്തുഭംഗി.

ഗാനം 6. പേജ് 41.

"തുംസാ നഹീം ഭേക്കാ" ചിത്രത്തിലെ
"ട്ടട്ടൊ ഹംതെലാക്കു് ഹസീംബോ" എ. മ.

പോകുന്നു ഞാനെൻ മാതൃനഗരത്തിലേക്കു്
നിൻ ആഗ്രഹം പുൽകാൻ,
എൻ മാർഗ്ഗം കാണാൻ.

നിൻ സേവകനായി പരിണമിച്ചു,
എൻ മോഹം ഞാൻ അവഗണിച്ചു്.
നാഥാ നീ തുണയേകണെ
പാപിയെ തുണച്ചീടണെ
നിൻ വിശാല രാജ്യേ വാഴാൻ
അംഗമായി ചേരാൻ.

ഗാനം 6. പേജ് 46.

"ഹേ! മാലിക്കു് തേരെ" എ. മട്ടു്.

സ്നേഹനാഥാ നീ കാത്തീടണെ
നിൻദാസരാം ഞങ്ങളിൽ
കൃപ ചൊരിയേണമേ, നന്മ ചൊരിയേണമേ.

പാപചേറതിൽ ഞങ്ങൾ വീണുപോയി
പാപിയായി മാറിപ്പോയി ഞാൻ
പാത കാട്ടീടണെ പാലകാനീയെന്നും
പാണീനീട്ടി കരേററണമേ.
പാഥമാറി പലായനം ചെയ്തു.
പാപിയായി പരിണമിച്ചു.
പാലകാ നീയെന്നും
പാപിയാകുമെന്നെ
പാണി നീട്ടി കരേററണമേ.

ഗാനം 7. പുറം 47.

"ദുഃഖിമനുമേരി" എ. മ. (ഫൻട്ടഷ് ചിത്രം)

ദുഃഖപൂരിതം താൻ ജീവിതം സകലം
ശോകമയം ലോകം ശോകമയം സവ്വം
സമ്പത്തു ശാന്തി സവ്വം നശിച്ചു
സാനന്ദം കണ്ട സ്വപ്നവും മാഞ്ഞു
ഏഴക്കു നീതാനേക ശരണം
സകലവും മായ സവ്വം നിരാശ.
കണ്ണുകൾ നിറയും കൺമണി മറയും;
കരുണയീയേഴയിൽ ചൊരിയണേ താതാ
കാരുണ്യനിധിയേ കനിവിൻെറ കാമ്പേ
കൂരിരുട്ടിൽ നീ കാട്ടണേ ദീപം

ഗാനം 8. പുറം 67.

"ബദലസമാനാ" എ. മ. (മിസ്സ് ഇൻഡ്യാ ചിത്രം.)

ചോരക്കൂട്ടർ നമ്മൾ ഹ! ഹ! ചോരക്കൂട്ടർ നമ്മൾ
ചോദിക്കാതെ വാങ്ങും കൂട്ടർ ചോരക്കൂട്ടർ നമ്മൾ!
അങ്ങുമിങ്ങും പാത്തുപതുങ്ങിപ്പോകും പാന്ഥരെ ഞങ്ങൾ

പാൃത്തുനിന്നു പാട്ടിലാക്കും കൊള്ളക്കൂട്ടർ ഞങ്ങൾ
ചാക്കിട്ടങ്ങു കൂട്ടിലാക്കി പൈസവാങ്ങും കൂട്ടർ
ചോരക്കൂട്ടർ...............

വങ്കൻ ചേട്ടൻ ചാടി വീണാ കൊമ്പൻമീശവേറെ
കൊങ്കിപോലെ മാറീട്ടും പാവം പാന്ഥരു് മെല്ലെ
പമ്പകടക്കും പാവം പാന്ഥരു് പൈസാനീട്ടികൊണ്ടു്
ചോരക്കൂട്ടർ...............

അചരനമ്മയാരുമില്ല ചോരക്കൂട്ടർ നമ്മൾ
ആന പിടിച്ചാലാടാത്തൊരു ഉള്ളം ഒള്ള കൂട്ടർ
ആനപോലും കണ്ടാ പേടിച്ചോട്ടും ചോരക്കൂട്ടർ
ചോരക്കൂട്ടർ...............

ഗാനം 9. പുറം 70.

വാനോളം വാഴ്ത്തി നിന്നെ പുകഴ്ത്തീട്ടവാൻആശിപ്പു ഞാൻ
വാനവർ രാജൻ നിന്നെ വാഴ്ത്തീട്ടവാൻ ഞാനയോഗ്യൻ
ത്രിലോകരാജൻ നിൻെറ നാമമെന്നും വാഴ്ത്തീടട്ടെ
താതാ നിൻ ഭരണമെങ്ങുമീ ഭൂമിയിൽ വന്നീടണെ
അന്നന്നു വേണ്ടുന്ന അപ്പമെന്നും നീ തന്നിടണേ
ഞങ്ങൾ പൊറുത്തീട്ടും കടം ഞങ്ങളോട്ടും പൊറുത്തിടണെ
ഞങ്ങളെ പരീക്ഷകളിൽ പൂകിക്കല്ലെ താതാ നീ
ഞങ്ങൾ ചെയ്യും തിന്മകളെ കരുണയോടെ പൊറുത്തീടണെ.

ഗാനം 10. പുറം 73.

("കണ്ണീർ ചിന്താതെ" എ. മ.)

കല്ലേകിടേണെ — പള്ളി പണിയാൻ
കല്ലേകിടേണെ — നാഥൻെറ ആലയം
നിലം പതിക്കാറായി — നാണയം വേണ്ടെ
പള്ളി പണിയാൻ — കല്ലേകിടേണേ.

## സൂര്യസ്തവം.

ഗാനം 11. 12. പുറം 122, 123.

"പ്യാസാ"യിലെ "എ മഹലോം എ തക്തോം" എ. മ.

സ്തോത്രം പുകഴ്ചയും നിത്യം നിനക്കു്
അത്യന്ത സർവ്വേശ സ്തുത്യർഹനങ്ങു്
അങ്ങാണു് സർവ്വേശനന്മസ്വരൂപി
സ്തോത്രം പുകഴ്ചയും നിത്യം നിനക്കു്
നിൻ നാമമോതീടാൻ ഇല്ലിങ്ങു യോഗ്യൻ

വാഴ്ത്തുന്നു സമസ്ത വസ്തുക്കളങ്ങേ
താരാവലിയുമെൻ സോദരിയത്രേ
അങ്ങാണു സർവ്വേശ, നന്മസ്വരൂപി
സ്തോത്രം പുകഴ്ചയും നിത്യം നിനക്കു്
നിൻ നാമമോതീടാൻ ഇല്ലിങ്ങു യോഗ്യൻ.

സൂര്യൻ പ്രതാപൻ പ്രധാന പ്രവീണൻ
ദീപ്തിചൊരിഞ്ഞു നീ വാനിൽ തിളങ്ങും
ഈശൻെറ ഛായയാം വീരസോദരൻ
വെള്ളം വിനീതയാം സോദരിയത്രേ
നമിക്കുന്നു താതാനമിക്കുന്നു നിത്യം

സ്വാഗതം സോദരി, മൃത്യു നിനക്കു്
തണ്യക്കു നല്ലവൾ ആണു നീ
ഭീകരയാണു് നീ പാപികൾക്കെന്നാൽ:
സ്വാഗതം സോദരി മൃത്യു നിനക്കു്.

---

Assisi Press, Quilon.

പുതുമയുടെ പൂങ്കുഴലൂമൂതി, സ്വാതന്ത്ര്യത്തിൻെറ പൂഞ്ചി
റകുകൾ വിരിച്ച്, മധുരമനോഹര ഗാനങ്ങളാലപിച്ച്

**അസ്സീസിയിലെ സ്നേഹഗായകൻ**

കലാവേദിയിലേക്ക് മന്ദംമന്ദം കടന്നുവരുന്നു. ആ
കലാധാമത്തെ കൺകുളർക്കെ കാണണമെങ്കിൽ,

**കൊല്ലം അസ്സീസി ആർട്ട്സ് ക്ളബ്ബിൻെറ**

'സ്നേഹഗായകനെ' ബുക്കുചെയ്യുവിൻ.

അധുനാതന രാഗത്തിലുള്ള ഗാനങ്ങൾ! അതുല്യമായ
അഭിനയപാടവം! അതിശയകരമായ
വൈദ്യുതസംവിധാനം!

വീണ്ടും വീണ്ടും കാണുന്നതിനു ദീർഘയാത്ര ചെയ്തുവരുന്ന
ജനക്കൂട്ടത്താൽ കൊട്ടക നിറഞ്ഞുകവിയുന്നു.

പുസ്തകത്തിലില്ലാത്ത ഒരു കമനീയ നൃത്തം, സമുദ്രത്തി
ലെ മത്സ്യങ്ങൾ വി. അന്തോനീസിൻെറ പ്രസംഗം കേൾ
ക്കാൻ ഉയർന്നുവരുന്ന അത്ഭുതരംഗം, ചിരിച്ചു മണ്ണുകപ്പി
ക്കുന്ന രണ്ടു കോമിക് സീൻസ് ഇവ നാടകവേദിയിൽ
കാണാം.

അഭിനയിക്കുന്നവർ:—ആൻറണി ജോസഫ് * മാത്യു B. Com., * S. P. കാലീഫ് B. Sc., * ബാണി * ഭാസി B. Sc., * ജോൺ റിബേരാ * A. N. മാമൂട്ടിൽ * റെഡി * ജാളി * ആൻറണി * മാസ്റ്റർ ക്രിസ്റ്റി.

പിന്നണി:—ജോൺ ബോസ്കോ & പാർട്ടി.

മേക്കപ്പ്: തിയഡോർ         രംഗസംവിധാനം: എഫ്. മോത്തിസ

ബുക്കുചെയ്യാവുന്ന മററു നാടകങ്ങൾ:— "അടിയറപറയാത്ത രക്തം" (സെൻറ് സെബാസ്റ്റ്യൻ), "പ്രതികാരം."

അപേക്ഷിക്കുക:-

**Fr. Director, A. S. A. C.,**
Assisi Nagar, Quilon. Phone **442**